

# പരിശുദ്ധാത്മ സ്നാനവും കൃപാവരങ്ങളും

റ്റി. ജോൺ മാത്യു

# പരിശുദ്ധാത്മ സ്നാനവും കൃപാവരങ്ങളും

പരിശുദ്ധാത്മ സ്നാനവും
കൃപാവരങ്ങളും

T. John Mathew

A
Bible Study Centre
Publication
[Rights reserved by the author]

First Edition - 1988

Revised Second Edition - 2012

Printed at Enebezer Printers, Thrissur - 12

Bible Study Centre
Santhosh Nagar
P. O. Mannuthy
Thrissur - 680 651
Thrissur - 0487-2371573
8547371573
Website : www.biblestudycentre.net

## ഉള്ളടക്കം


1 ആമുഖം

2 ആത്മസ്നാനവും ആത്മാഭിഷേകവും

3. ആത്മാഭിഷേകം

4. അന്യഭാഷയും കാത്തിരുപ്പും

5. കൃപാവരങ്ങൾ

6. ചോദ്യങ്ങളും ഉത്തരങ്ങളും

7. തെറ്റുകൾ തിരുത്തുക


## ആമുഖം

ഈ പ്സുതകം ആദ്യമായി പ്രസിദ്ധീകരിച്ചത് 1988-ൽ ആയിരുന്നു. ഇതു വായിച്ച മിക്കവരും തെറ്റിദ്ധാരണകൾ ദൂരീകരിക്കുകയും വിശ്വാസികളെ വചനത്തിൽ ഉറപ്പിക്കുകയും ചെയ്യുന്ന ഒരു ചെറുപുസ്തകം എന്നാണ് ഇതിനെ വിലയിരുത്തിയത്; ചുരുക്കം ചിലർ ഇതിലെ ആശയങ്ങളെ എതിർക്കുകയും ചെയ്തിട്ടുണ്ട്. പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കണമെന്ന് പലരും ആഗ്രഹം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ ഇതിന്റ പുതിയ പതിപ്പ് 24 വർഷങ്ങൾക്കു ശേഷം പ്രസിദ്ധീകരിക്കുകയാണ്.

വിശ്വാസിയുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരം ആണ് എന്ന് I കൊരിന്ത്യർ 3:16-ലും 6:19-ലും നാം വായിക്കുന്നു. രക്ഷ ദൈവത്തിന്റെ ദാനം ആണെന്ന് വെളിപ്പാട് 7:10-ൽ നാം കാണുന്നു. രക്ഷ നൽകപ്പെടുന്നതിനാവശ്യമായ വിശുദ്ധീകരണം ലഭിക്കുന്നത് ദൈവവചനത്താലും ദൈവാത്മാവിനാലും ആയതുകൊണ്ട് നമുക്ക് ദൈവത്തിൽ നിന്ന് കിട്ടുന്ന ആദ്യത്തെ ദാനം പരിശുദ്ധാത്മാവാണ് എന്ന് റോമർ 8:23-ൽ നാം വായിക്കുന്നു. എന്നാൽ ആദ്യദാനമായ പരിശുദ്ധാത്മാവ് നമ്മിൽ വരുത്തുന്ന പരിവർത്തനങ്ങളെക്കുറിച്ചും നമുക്കു നൽകുന്ന കൃപാവരങ്ങളെക്കുറിച്ചും വളരെയധികം സംശയങ്ങളും അഭിപ്രായവ്യത്യാസങ്ങളും ക്രിസ്തീയലോകത്തിൽ നിലവിലിരിക്കുന്നുണ്ട്. ഹൃദയക്കണ്ണുകൾ പ്രകാശിപ്പിച്ചു തരുവാൻ കർത്താവിനോട് പ്രാർത്ഥിച്ചു കൊണ്ട് വചനം ആഴമായി പരിശോധിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ സംശയങ്ങൾ

മാറിക്കിട്ടുകയും യഥാർത്ഥ സത്യങ്ങളെക്കുറിച്ച് ദൃഢമായ ബോധ്യം ഉണ്ടാവുകയും ചെയ്യും.

ആഴമായി വചനം പരിശോധിച്ചുനോക്കാനാഗ്രഹിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് ഈ പുസ്തകത്തിന്റെ ആദ്യ പതിപ്പ് പ്രസിദ്ധീകരിച്ചത്. പരിഷ്ക്കരിച്ച്, പ്രധാനപ്പെട്ട ചില ആശയങ്ങൾ കുറച്ചുകൂടി വിശദീകരിച്ചുകൊണ്ടാണ് ഈ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. വചനം ആഴമായി പരിശോധിക്കാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് ഇത് ആദ്യപതിപ്പിനെക്കാൾ കുറച്ചുകൂടി പ്രയോജനകരമായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

പരിശുദ്ധാത്മാവ് നൽകുന്ന ചില കൃപാവരങ്ങൾ ധാരാളമായി ലഭിക്കണമെന്ന് ഒട്ടുമിക്ക ക്രിസ്തീയ വിശ്വാസികളും ആഗ്രഹിക്കുന്നു; എന്നാൽ കഷ്ടത സഹിക്കാനുള്ള വരം (ഫിലിപ്യർ 1:29) ആഗ്രഹിക്കുന്നവർ വളരെ കുറവാണ്; ആത്മാവിനെ അനുസരിച്ചു നടപ്പിൻ (ഗലാത്യർ 5:16) എന്ന കല്പന അനുഭവത്തിൽ കൊണ്ടു വരാനും പൊതുവെ നമുക്കെല്ലാവർക്കും മടിയാണ്. കഷ്ടത സഹിക്കാനുള്ള വരം ആഗ്രഹിക്കുകയും ആത്മാവിനെ അനുസരിച്ചു നടക്കാൻ (ജീവിക്കാൻ) നാം മനസ്സുവയ്ക്കുകയും ചെയ്താൽ അദൃശ്യനായ ദൈവത്തെ ലോകത്തിന് ദൃശ്യനാക്കിക്കൊടുക്കുന്ന, ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടികളായി നാം കാണപ്പെടും. ക്രിസ്തീയ വിശ്വാസികളുടെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം ഇതാണ്. ഇതിന്റെ പ്രാധാന്യം ഈ പുസ്തകത്തിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതുവായിക്കുന്ന ഓരോരുത്തർക്കും പുതിയ സൃഷ്ടി എന്ന നിലയിൽ യേശുക്രിസ്തുവിന്റെ ഉത്തമസാക്ഷിയായി ജീവിക്കുവാൻ ദൈവം കൃപ നൽകട്ടെ; അതിനായി പ്രാർത്ഥിച്ചുകൊണ്ട് ഇതിന്റെ രചനയ്ക്കാവശ്യമായ എല്ലാ കൃപകളും നൽകിയ കർത്താവിന് നന്ദിയോടെ സ്തുതിസ്തോത്രങ്ങളർപ്പിക്കുന്നു. ഡി.ടി.പി. ജോലി നന്നായി ചെയ്തു തന്ന ശ്രീകൃഷ്ണ, മണ്ണുത്തിയിലെ സ്റ്റാഫിനോടും, പ്രിന്റിംഗ് നന്നായി നടത്തി തന്ന എബനേസർ പ്രിന്റേഴ്സിനോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഇത് മാന്യവായനക്കാരുടെ മുമ്പാകെ സമർപ്പിക്കുന്നു.

മണ്ണുത്തി,
2012 ഒക്ടോബർ 10. റ്റി. ജോൺ മാത്യു

അദ്ധ്യായം 1

# ആത്മസ്നാനവും ആത്മാഭിഷേകവും

## ആത്മസ്നാനം

യോഹന്നാൻ സ്നാപകൻ വാസ്തവത്തിൽ ക്രിസ്തു തന്നെയാണോ എന്ന് ചിന്തിച്ചുകൊണ്ട് ആകാംക്ഷയോടെ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ താല്പര്യപ്പെട്ട ആളുകളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ഞാൻ നിങ്ങളെ വെള്ളംകൊണ്ട് സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും. അവനു വീശുമുറം കയ്യിലുണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും.” (ലൂക്കോസ് 3:16-17). ജലസ്നാനത്തെയും പരിശുദ്ധാത്മസ്നാനത്തെയും കുറിച്ച്, അവ തികച്ചും വ്യത്യസ്തങ്ങളായ രണ്ടു കാര്യങ്ങളാണെന്ന് സ്പഷ്ടമാക്കുന്ന ഒരു വേദഭാഗമാണിത്. ജലസ്നാനം ദൈവവചനം അനുസരിക്കുന്ന മനുഷ്യർ നടത്തുന്ന കർമ്മം ആയിരിക്കുമ്പോൾ പരിശുദ്ധാത്മസ്നാനം യേശുക്രിസ്തു നടത്തുന്ന കർമ്മമായിട്ടാണിരിക്കുന്നത്. [ലൂക്കോസ് 3:17-ൽ സൂചിപ്പിച്ചിരിക്കുന്നത്, പരിശുദ്ധാത്മസ്നാനം യേശുവിൽ വിശ്വാസമർപ്പിച്ചു നിത്യജീവൻ പ്രാപിക്കുന്ന, ഗോതമ്പുമണികളാകുന്ന ദൈവമക്കൾക്കും തീ കൊണ്ടുള്ള സ്നാനം വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കാത്ത പതിരിനു തുല്യരായ അവിശ്വാസികൾക്കും ലഭിക്കുന്നു എന്നാണ്]. യേശുക്രിസ്തു ആരെ എപ്പോൾ, എന്തിനുവേണ്ടി പരിശുദ്ധാത്മാവു കൊണ്ട് സ്നാനം കഴിപ്പിക്കുന്നു എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി നൽ കുന്ന ഒരു വാക്യമുണ്ട്; അത് ഇപ്രകാരമാണ്: “യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.” (I കൊരിന്ത്യർ 12:13). കൊരിന്തുസഭയിലെ വിശ്വാസികളെക്കുറിച്ച് അപ്പൊസ്തലനായ പൗലോസ് എഴുതിയപ്പോൾ അവർ പരിശുദ്ധാത്മാവിനാലുള്ള സ്നാനം ഏറ്റവരാണെന്നും പരിശുദ്ധാത്മാവിനെ പാനം ചെയ്തവരാണെന്നും എഴുതി. ജലം നമുക്ക് കാണുവാൻ കഴിയുന്ന ഒരു വസ്തുവാണ്; അതിനാൽ ഒരു വ്യക്തി ജലസ്നാനം ഏല്ക്കുന്നത് നമ്മുടെ കണ്ണുകൊണ്ട് നമുക്ക് കാണാം. എന്നാൽ പരിശുദ്ധാത്മാവിനെ നമ്മുടെ കണ്ണുകൊണ്ട് നമുക്ക് കാണാൻ കഴിയുകയില്ല; അതിനാൽ പരിശുദ്ധാത്മാവിനാലുള്ള സ്നാനം നമുക്ക് നമ്മുടെ കണ്ണുകൊണ്ട് കാണുവാൻ സാധ്യമല്ല. ആ അനുഭവത്തെക്കുറിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് നാം മനസ്സിലാക്കുമ്പോൾ, അത് കർത്താവായ യേശുക്രിസ്തു എപ്പോൾ എന്തിനുവേണ്ടി ചെയ്യുന്നു എന്ന് വ്യക്തമാകും.

മേലുദ്ധരിച്ച വാക്യത്തിൽ നാം കാണുന്നത് ഒരു വ്യക്തി യെഹൂദവംശത്തിൽ പെട്ടവനായാലും അല്ലെങ്കിലും അവൻ യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഒരു അംഗം അഥവാ സഭാശരീരത്തിലെ ഒരു അവയവം ആയിത്തീരുന്നത് പരിശുദ്ധാത്മ സ്നാനത്താൽ ആണെന്നാണ്. ഇതിന്റെ അർത്ഥം ഒരു വ്യക്തി യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അംഗമായിത്തീർന്നിട്ടുണ്ടെങ്കിൽ പരിശുദ്ധാത്മസ്നാനം എന്ന കാര്യം അവനിൽ സംഭവിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ്. [ക്രിസ്തു തലയും സഭ ക്രിസ്തുവിന്റെ ശരീരവുമാകുന്നു എന്ന് കൊലോസ്യർ 1:18-ൽ പറഞ്ഞിരിക്കുന്നു]. സഭയുടെ അംഗമായിത്തീരുന്നത് രക്ഷിക്കപ്പെടുന്നതു മൂലമാണെന്ന് അപ്പൊ: പ്രവൃത്തികൾ 2:47-ലും രക്ഷിക്കപ്പെടുന്നത് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുമ്പോഴാണെന്ന് റോമർ 10:9-ലും പറഞ്ഞിരിക്കുന്നു. അതായത് യേശുവിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ആ വിശ്വാസം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്ത ഒരു വ്യക്തി റോമർ 10:9 പ്രകാരം രക്ഷിക്കപ്പെട്ടവനാണ്; അവൻ അപ്പൊ: പ്രവൃത്തി 2:47 പ്രകാരം യേശുക്രിസ്തുവിന്റെ സഭയുടെ അംഗമാണ്; സഭയുടെ അംഗമായതിനാൽ സഭയാകുന്ന, യേശുക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവമാണ് അവൻ. സഭാശരീരത്തിലെ ഒരു അവയവമായി അവൻ ഇരിക്കുന്നതിനാൽ I കൊരിന്ത്യർ 12:13 പ്രകാരം യേശുക്രിസ്തു അവനെ പരിശുദ്ധാത്മാവു കൊണ്ട് സ്നാനം കഴിപ്പിച്ചിട്ടുണ്ട്; ആ സ്നാനത്തിലൂടെയാണ് യേശുക്രിസ്തു



അവനെ സഭയാകുന്ന ശരീരത്തിന്റെ ഒരു അവയവമാക്കിത്തീർത്തത്. യേശുക്രിസ്തു അവനെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്നത് ആരും കണ്ടില്ലല്ലോ എന്ന് പറഞ്ഞ് ഈ സത്യത്തെ നമുക്ക് നിഷേധിക്കുവാൻ പറ്റുകയില്ല; കാരണം ജലസ്നാനം പോലെയല്ല പരിശുദ്ധാത്മസ്നാനം. ജലസ്നാനത്തിൽ സ്നാനം കഴിപ്പിക്കുന്ന ആളിനെയും സ്നാനം എൽക്കുന്ന ആളിനെയും സ്നാനത്തിന് ഉപയോഗിക്കുന്ന വസ്തുവിനെയും (ജലം) നമുക്ക് കാണാൻ സാധിക്കും. എന്നാൽ പരിശുദ്ധാത്മ സ്നാനത്തിന്റെ കാര്യത്തിൽ, സ്നാനം കഴിപ്പിക്കുന്ന യേശുക്രിസ്തുവിനെ നമുക്ക് കാണാൻ സാധിക്കുന്നില്ല, സ്നാനത്തിനുപയോഗിക്കുന്ന മാദ്ധ്യമം ആയ പരിശുദ്ധാത്മാവിനെയും നമുക്ക് കാണുവാൻ സാധ്യമല്ല. അതിനാൽ പരിശുദ്ധാത്മ സ്നാനം നമുക്ക് കണ്ണുകൊണ്ട് കാണാനൊക്കുന്ന കാര്യമല്ല.

## കല്പനയുടെ കാര്യം

ജലസ്നാനത്തിന്റെ കാര്യത്തിൽ നാം കാണുന്നത് യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കാനും വിശ്വസിച്ചതിനുശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏല്ക്കാനും (മത്തായി 28:19-20) വചനത്തിൽ കല്പന ഉണ്ടെന്നാണ്. അതിനാലാണ്, അപ്പൊസ്തലനായ പൗലോസ് (ശൗൽ) യേശുവിൽ വിശ്വാസമർപ്പിച്ചതായി ബോധ്യപ്പെട്ടപ്പോൾ, "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ് അവന്റെ (യേശുവിന്റെ) നാമം വിളിച്ചുപ്രാർത്ഥിച്ച് സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകിക്കളയുക [പാപങ്ങൾ യേശുവിന്റെ രക്തത്താൽ കഴുകിക്കളയപ്പെട്ടു എന്ന വസ്തുത സ്നാനത്തിലൂടെ ദൃശ്യരൂപത്തിൽ

പ്രഖ്യാപിക്കുക] എന്ന് അനന്യാസ് പറഞ്ഞത് (അപ്പൊ: പ്രവൃ. 22:16). ജലസ്നാനത്തിന്റെ കാര്യത്തിൽ ഉള്ളതു പോലെ, ആത്മസ്നാനത്തിന്റെ കാര്യത്തിൽ നാം അനു സരിക്കേണ്ട ഒരു കല്പന വചനത്തിൽ കാണുന്നില്ല. വചനത്തിൽ അങ്ങനെയൊരു കല്പന ഉണ്ടായിരുന്നെ ങ്കിൽ ജലസ്നാനത്തിന്റെ കല്പന പൗലോസിനു കൊടുത്ത അനന്യാസ്, ആത്മസ്നാനത്തിനായി ഇന്നതു ചെയ്യുക എന്നുകൂടി കല്പന കൊടുക്കുമായിരുന്നു; മാത്രമല്ല പൗലോസ് എഴുതിയ ലേഖനങ്ങളിലും പുതി യനിയമത്തിന്റെ മറ്റുഭാഗങ്ങളിലും ഓരോ സ്ഥലത്തും രൂപംകൊണ്ട സഭകളിലെ വിശ്വാസികൾ ജലസ്നാനം ഏറ്റശേഷം ആത്മസ്നാനം ഏല്ക്കാനായി ഇന്നതു ചെയ്തു എന്നും അങ്ങനെ അവർ ആത്മസ്നാ നം ഏൽക്കാൻ ഇടയായി എന്നും എഴുതിയിരിക്കുന്നത് നാം വായിക്കാനും ഇടവരുമായിരുന്നു. എന്നാൽ വചന ത്തിൽ നാം വ്യക്തമായി കാണുന്നത് ജലസ്നാനം യേശുവിൽ വിശ്വാസം അർപ്പിച്ചവർ അനുസരിക്കേണ്ട കല്പന ആയിരിക്കുമ്പോൾ പരിശുദ്ധാത്മസ്നാനം നമുക്ക് അനുസരിക്കാൻ കഴിയുന്നതോ നാം അനുസ രിക്കേണ്ടതോ ആയ ഒരു കല്പന അല്ല, പിന്നെയോ അത് യേശുക്രിസ്തു ചെയ്യുന്നതും നമുക്ക് കാണാൻ സാധിക്കാത്തതുമായ ഒരു പ്രവൃത്തി ആണെന്നാണ്. ഇത് നാം അപേക്ഷിച്ചു നേടിയെടുക്കേണ്ട കാര്യമായി രുന്നെങ്കിൽ ആത്മരക്ഷയുടെ കാര്യത്തിൽ എന്നതു പോലെ പരിശുദ്ധാത്മസ്നാനത്തിനായും ഇന്നതുചെയ്യു ക, അപ്പോൾ അതു ലഭിക്കും എന്ന് വചനത്തിൽ പ്രസ്താ വിച്ചിരിക്കുന്നത് നാം കാണുമായിരുന്നു.



## മറ്റൊരു ഉദാഹരണം

"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" എന്ന് വെളിപ്പാടു പുസ്തകം 20:15-ൽ നാം വായിക്കുന്നു. ഇതിന്റെ അർത്ഥം ഒരാൾക്കു സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കണമെങ്കിൽ അവന്റെ പേര് ജീവപുസ്തകത്തിൽ എഴുതിയിരിക്കണം എന്നാണ്. ഒരാളിന്റെ പേര് ജീവ പുസ്തകത്തിൽ എഴുതുന്നത് ആരാണെന്നോ എപ്പോ ഴാണെന്നോ വചനത്തിൽ ഒരിടത്തും വ്യക്തമായി പറ യുന്നില്ല; എന്നാൽ, ജീവപുസ്തകത്തിൽ പേരില്ലാത്ത വന്റെ ഓഹരി നിത്യനരകമായിരിക്കുമെന്ന് വ്യക്തമായി പറയുന്നുണ്ട്. അതിനാൽ, നാം സ്വർഗ്ഗത്തിന്റെ അവ കാശികളാണെന്ന് ഉറപ്പുവരുത്തണമെങ്കിൽ നാം എന്തു ചെയ്യണം? നമ്മുടെ പേര് ജീവപുസ്തകത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം; വേണ്ടേ? നമ്മുടെ പേര് ജീവപുസ്തകത്തിൽ എഴുതി ചേർക്കുന്നതിന് ഇന്നതു ചെയ്യുക എന്നൊരു കല്പന ദൈവവചനത്തിൽ ഇല്ല. പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കുന്നതിന് ഇന്നതു ചെയ്യുക എന്നു കല്പന ഇല്ലാത്തതുപോലെ തന്നെയാണ് ഇക്കാര്യവും നാം മനസ്സിലാക്കേണ്ടത്. ആത്മരക്ഷയ്ക്കായി, ക്രൂശിൽ നമുക്ക് പാപപരിഹാരം വരുത്തിത്തരികയും മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്ത യേശുക്രിസ്തു വിൽ നാം വിശ്വാസം അർപ്പിക്കുമ്പോൾ അതിന്റെ അടി സ്ഥാനത്തിൽ യേശുക്രിസ്തു ചില കാര്യങ്ങൾ നമു ക്കുവേണ്ടി ചെയ്യുന്നു: നമ്മെ പരിശുദ്ധാത്മാവിൽ

സ്നാനപ്പെടുത്തി സഭയാകുന്ന തന്റെ ശരീരത്തിന്റെ അവയവങ്ങളാക്കിത്തീർക്കുകയും നമ്മുടെ പേരുകൾ ജീവപുസ്തകത്തിൽ കാണപ്പടുവാൻ ഇടവരുത്തുകയും ചെയ്യുന്നു. ഈ കാര്യങ്ങൾ കർത്താവ് ചെയ്യുന്നത് നമ്മുടെ കൺമുമ്പിൽ അല്ല, ഇവ കർത്താവ് ചെയ്യേണ്ടതിനായി നാം പ്രത്യേക അപേക്ഷകൾ സമർപ്പിക്കേണ്ട ആവശ്യവുമില്ല. എസ്.എസ്.എൽ.സി. പാസ്സായ ശേഷം പ്ലസ് വൺ ക്ലാസ്സിൽ ചേരുന്ന കുട്ടി അതിനായി സമർപ്പിക്കേണ്ട അപേക്ഷാഫാറം പൂരിപ്പിച്ച് കൊടുത്ത് ഫീസടച്ച് രസീതു വാങ്ങുന്നു. ഇതിനർത്ഥം കുട്ടി ആ സ്കൂളിലെ അഡ്മിഷൻ രജിസ്റ്ററിൽ പേരുള്ള ഒരു വിദ്യാർത്ഥി ആയിത്തീർന്നിരിക്കുന്നു എന്നാണ്. ഇപ്രകാരം ഫീസടച്ചു രസീതു വാങ്ങിയ ഒരു വിദ്യാർത്ഥി കോളജ് ഓഫീസിന്റെ വാതില്ക്കൽ നിന്നുകൊണ്ട് സാറേ, എന്റെ പേര് അഡ്മിഷൻ രജിസ്റ്ററിൽ എഴുതണേ, മറക്കരുതേ എന്ന് നിലവിളിച്ചു പറയേണ്ട ആവശ്യമുണ്ടോ? ഇല്ല എന്നതിനു സംശയമില്ല; കാരണം അഡ്മിഷൻ കിട്ടുന്നതിനുവേണ്ടി കുട്ടി ചെയ്യേണ്ടത് ചെയ്തുകഴിയുമ്പോൾ കുട്ടിയുടെ പേരും മറ്റും എഴുതേണ്ടിടത്തൊക്കെ എഴുതി വയ്ക്കുക, ഗവൺമെന്റിലേക്ക് അയക്കേണ്ട രേഖകൾ അയച്ചുകൊടുക്കുക മുതലായ ജോലികൾ എല്ലാം പ്രിൻസിപ്പലും ഓഫീസിലെ ഉദ്യോഗസ്ഥരും ചെയ്തുകൊള്ളും. കുട്ടി അതിനെപ്പറ്റി ഭാരപ്പെട്ടു നിലവിളിക്കേണ്ട ആവശ്യമില്ല. ഇതുപോലെ തന്നെയാണ് നമ്മുടെ ആത്മരക്ഷയോടുള്ള ബന്ധത്തിൽ കർത്താവ് നമുക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളും ഇരിക്കുന്നത് നമ്മോടു ചെയ്യാൻ കല്പിച്ചിരിക്കുന്ന കാര്യ



ങ്ങൾ മാത്രം നാം ചെയ്താൽ മതി; അപ്പോൾ കർത്താവ് ചെയ്യുന്ന അനേകം കാര്യങ്ങളുണ്ട്, അവ കർത്താവ് ഒന്നും മറന്നുപോകാതെ, ചെയ്യേണ്ട വിധത്തിൽ ചെയ്തുകൊള്ളും; അക്കൂട്ടത്തിലുള്ള ഒരു പ്രവൃത്തിയാണ്, യേശുവിൽ നാം വിശ്വാസം അർപ്പിക്കുന്ന നിമിഷത്തിൽ കർത്താവ് നമ്മെ വിശുദ്ധീകരിച്ചു രക്ഷിച്ച് പരിശുദ്ധാത്മ സ്നാനത്താൽ സഭയാകുന്ന ശരീരത്തിന്റെ അവയവങ്ങളാക്കിത്തീർക്കുന്ന പ്രവൃത്തി ഇരിക്കുന്നത്. കർത്താവ് ചെയ്യുന്ന പരിശുദ്ധാത്മസ്നാനം എന്ന പ്രവൃത്തിയോ ജീവപുസ്തകത്തിൽ പേരെഴുതുന്ന പ്രവൃത്തിയോ ഒന്നും നമുക്ക് കാണാൻ പറ്റുന്നില്ല; അതിന്റെ പ്രത്യക്ഷമായ തെളിവൊന്നും നമുക്ക് കിട്ടുന്നില്ല എന്നതിന്റെ പേരിൽ നാം വിഷമിക്കേണ്ട കാര്യമൊന്നുമില്ല. ക്രൂശിക്കപ്പെട്ടു കൊണ്ടിരുന്ന കഠിനദുഷ്പ്രവൃത്തിക്കാരൻ മാനസ്സാന്തരപ്പെട്ട് രക്ഷയ്ക്കായി യേശുവിനോട് അപേക്ഷിച്ചപ്പോൾ യേശു അവനോട്, “ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും.” (ലൂക്കോസ് 23:43) എന്നായിരുന്നു പറഞ്ഞത്. ഇതിന്റെ അർത്ഥം അവന്റെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെട്ടു എന്നും അവന് പറുദീസയിൽ അവകാശം ലഭിച്ചു എന്നുമാണ്. എന്നാൽ, “യേശുവേ, എനിക്കു പറുദീസായിൽ അവകാശം തരേണമേ” എന്നോ, “എന്റെ പേര് ജീവപുസ്തകത്തിൽ എഴുതണമേ” എന്നോ അവൻ യേശുവിനോട് അപേക്ഷിച്ചില്ല. അങ്ങനെ അപേക്ഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. പാപത്തെക്കുറിച്ച് അനുതപിച്ചുകൊണ്ട് രക്ഷയ്ക്കായി യേശുവിനോട് അപേക്ഷിക്കുക എന്ന ഒറ്റകാര്യം മാത്രമേ അവൻ ചെയ്യേ

ണ്ടതായി ഉണ്ടായിരുന്നുള്ളു. അവൻ അതു ചെയ്തപ്പോൾ, പറുദീസയിൽ അവകാശം നൽകുക, ജീവപുസ്തകത്തിൽ പേരു കാണപ്പെടാൻ ഇടയാക്കുക മുതലായ കാര്യങ്ങൾ ദൈവം ചെയ്തു. ഇതു തെളിയിക്കുന്നത് ആത്മരക്ഷയ്ക്കുവേണ്ടി ചെയ്യുവാൻ ദൈവം കല്പിച്ചിരിക്കുന്നതു നാം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട് അനേക കാര്യങ്ങൾ കർത്താവ് നമുക്കുവേണ്ടി നാം അറിയാതെ തന്നെ ചെയ്യുന്നുണ്ട് എന്നാണ്. പരിശുദ്ധാത്മ സ്നാനത്താൽ നമ്മെ സഭാശരീരത്തോടു ചേർക്കുക എന്നത്, യേശുവിൽ നാം വിശ്വസിക്കുന്ന നിമിഷത്തിൽ കർത്താവ് ചെയ്യുന്ന ഒരു പ്രവൃത്തിയാണ്; അതിനായി നാം പ്രത്യേക പ്രാർത്ഥന നടത്തുകയോ മറ്റെന്തെങ്കിലും കർമ്മം അനുഷ്ഠിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല.

## ആത്മസ്നാനവും അന്യഭാഷയും

ആത്മസ്നാനം എന്ന അനുഭവം ഉണ്ടാകുമ്പോൾ 'അന്യഭാഷ' പറയും എന്ന് ചിലർ പറയുന്നുണ്ട്. ഇങ്ങനെ പറയുന്നതിന് ദൈവവചനത്തിൽ അടിസ്ഥാനമുണ്ടോ എന്നു നമുക്കു നോക്കാം: കൊരിന്ത് സഭയിലെ വിശ്വാസികൾ എല്ലാവരും പരിശുദ്ധാത്മ സ്നാനത്താൽ യേശുക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തിന്റെ അവയവങ്ങളായിത്തീർന്നവരാണ് എന്ന് I കൊരിന്ത്യർ 12:13-ൽ പ്രസ്താവിച്ചശേഷം ഈ വിശ്വാസികളിൽ അന്യഭാഷാവരം ഉള്ളവരുണ്ട്, ഇല്ലാത്തവരും ഉണ്ട് എന്ന് ഇതേ അദ്ധ്യായത്തിന്റെ 30-ാം വാക്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് തെളിയിക്കുന്നത്, പരിശുദ്ധാത്മസ്നാനവും 'അന്യഭാഷ'ഷയും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നാണ്. ആത്മസ്നാനത്തിന്റെ ഏറ്റവും പ്രത്യക്ഷമായ അടയാളമാണ് 'അന്യഭാഷ' എന്നൊരു കേൾവി നാം കേട്ടിട്ടുണ്ട്; ആ കേൾവിക്ക് ദൈവവചനത്തിൽ യാതൊരു അടിസ്ഥാനവും ഇല്ലാത്തതിനാൽ അത് ഒരു പിശകായ ധാരണയാണ് എന്ന് തീർത്തു പറയാം; യാതൊരു സംശയവും ഇല്ല.

## പ്രത്യേക പ്രാർത്ഥന?

രക്ഷിക്കപ്പെടുന്നതിനായി യേശുവിൽ വിശ്വസിച്ചാൽ മതി, എന്നാൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കണമെങ്കിൽ പ്രത്യേകം ഉപവസിച്ചുപ്രാർത്ഥിക്കണം എന്നൊക്കെയുള്ള നിർദ്ദേശങ്ങൾ ക്രിസ്തീയലോകത്തിൽ കേൾക്കാറുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശങ്ങളും കല്പനകളും ഒന്നും ദൈവം തന്നിട്ടില്ല; ദൈവവചനത്തിൽ കാണുന്നുമില്ല; ഇതെല്ലാം ചില 'ഭക്ത'ന്മാരുടെ മനസ്സിൽ ഉണ്ടാകുന്ന തോന്നലുകളാണ്; അവയല്ല, പിന്നെയോ രേഖാമൂലം ദൈവം തന്നിട്ടുള്ള സത്യവചനം മാത്രമാണ് നാം വിശ്വസിച്ച് അനുസരിക്കേണ്ടത്. പരിശുദ്ധാത്മ സ്നാനം പ്രാപിക്കുന്നതിനായി മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിക്കണമെന്ന് നിർദ്ദേശം കൊടുക്കാമെങ്കിൽ, 'അന്യഭാഷ' സംസാരിക്കുന്നവർ അതുകൊണ്ടു തൃപ്തിപ്പെടരുത്, അവരുടെ പേരുകൾ ജീവപുസ്തകത്തിൽ എഴുതപ്പെടണമെങ്കിൽ യേശു ചെയ്തതുപോലെ അവരും മരുഭൂമിയിൽ ചെന്ന് ഭക്ഷണം ഒന്നും കഴിക്കാതെ നാല്പതു ദിവസം ഉപവസിക്കണമെന്ന് (മത്തായി 4:2) അവരോട് പറയാൻ നമുക്കും അവകാശ

മുണ്ട്. വചനത്തിൽ അടിസ്ഥാനമില്ലാത്ത തോന്നലുകൾ മറ്റുള്ളവരോട് പറഞ്ഞ് അവരെ അനുസരിപ്പിക്കാൻ ശ്രമിക്കുന്നത് ദൈവവചനത്തോട് കൂട്ടുചേർക്കുക എന്ന വലിയ തെറ്റാണ്; ആ തെറ്റ് നാം ഒരിക്കലും ചെയ്യാൻ പാടില്ല; അതിനാൽ യേശുവിൽ വിശ്വാസമർപ്പിച്ച ഒരാളിനോട് പരിശുദ്ധാത്മസ്നാനം പ്രാപിക്കാൻ ഇന്നതു ചെയ്യണം എന്ന് ദൈവവചനത്തിനു വിരുദ്ധമായി നാം ഒരിക്കലും പറയാൻ പാടില്ലാത്തതാകുന്നു. അങ്ങനെ പറയുന്നത് ദൈവമുമ്പാകെ കുറ്റകരമാണ്.

I കൊരിന്ത്യർ 12:13-ൽ പറയുന്ന സ്നാനം പരിശുദ്ധാത്മ സ്നാനമല്ല എന്നൊരു വാദം കേട്ടിട്ടുണ്ട്. ഇങ്ങനെ വാദിക്കുന്നവരിൽ ചിലർ പറയുന്നത് ഇവിടെ പരാമർശിച്ചിട്ടുള്ള സ്നാനം ജലസ്നാനമാണെന്നാണ്. "ഒരേ ആത്മാവിൽ സ്നാനമേറ്റും" എന്ന് I കൊരിന്ത്യർ 12:13-ൽ പറഞ്ഞിരിക്കുന്നതിന് "ഒരേ ആത്മാവിന്റെ പ്രേരണയാൽ ജലസ്നാനം ഏറ്റും" എന്ന് അവർ വ്യാഖ്യാനിക്കുന്നു. വേറെ ചിലർ പറയുന്നത് പരിശുദ്ധാത്മാവ് ഇവിടെ സ്നാപകൻ ആണെന്നും സ്നാന വസ്തു ക്രിസ്തുവിന്റെ ശരീരം ആണെന്നുമാണ്. ഈ വാക്യത്തിലുള്ള, "ഒരേ ആത്മാവിൽ സ്നാനം ഏറ്റും" എന്ന പദപ്രയോഗത്തിൽ കാണുന്ന "ആത്മാവിൽ" (ആത്മാവിനാൽ) എന്ന പദത്തിനു തുല്യമായ പദങ്ങൾ മൂലഭാഷയിൽ മറ്റുപല വാക്യങ്ങളിലും നാം കാണുന്നുണ്ട്. അങ്ങനെയുള്ള ചില പദങ്ങൾ, അവ ഉൾപ്പെട്ടിരിക്കുന്ന വാചകങ്ങളോടുകൂടി താഴെ ഉദ്ധരിക്കുന്നു:

(i) "തന്റെ ഭുജംകൊണ്ട് അവൻ ബലം പ്രവർത്തിച്ചു" (ലൂക്കോസ് 1:51)



(ii) "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ....." (റോമർ 1:18)

(iii) "അവർക്ക് വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും കൊന്നുകളയുവാൻ......" (വെളിപ്പാട് 6:8)

(iv) "വാൾ കൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും." (വെളിപ്പാട് 13:10)

ഈ വാക്യങ്ങളിലുള്ള, "ഭുജം കൊണ്ട്", "അനീതി കൊണ്ട്", "വാൾകൊണ്ട്", "വാളാൽ" മുതലായ പദപ്രയോഗങ്ങൾപോലെതന്നെയാണ് I കൊരിന്ത്യർ 12:13-ലെ "ഒരേ ആത്മാവിൽ" എന്ന പദപ്രയോഗം മൂലഭാഷയിൽ ഇരിക്കുന്നത്. അതായത് ഈ വാക്യത്തിൽ പറയുന്ന സ്നാനം ആത്മാവിനാ ലുള്ള അഥവാ ആത്മാവുകൊണ്ടുള്ള സ്നാനമല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള സ്നാനം ആണെന്നു പറയാൻ ഒരു മാർഗ്ഗവുമില്ല. ചുരുക്കത്തിൽ യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെട്ട ഒരു വ്യക്തി സഭാ ശരീരത്തിന്റെ ഭാഗമാണെന്നും അവൻ സഭാശരീരത്തോട് കൂട്ടിച്ചേർക്കപ്പെട്ടത് യേശുക്രിസ്തു അവനെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തി വിശുദ്ധീകരിച്ചതിനാലാണെന്നും I കൊരിന്ത്യർ 12:13 സംശയലേശമെന്യേ വ്യക്തമാക്കുന്നു.

അദ്ധ്യായം 2

# ആത്മാഭിഷേകം

പഴയനിയമകാലത്തെ അഭിഷേകത്തിന്റെ പ്രധാനപ്പെട്ട ഫലം ശുദ്ധീകരണമാണെന്ന് ലേവ്യ 8:10-13 വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. മോശെ അഹരോന്റെ തലയിൽ അഭിഷേകതൈലം ഒഴിച്ച് അവനെ അഭിഷേകം ചെയ്തു ശുദ്ധീകരിച്ചു എന്നാണ് നാം ഇവിടെ വായിക്കുന്നത്. അഭിഷേകത്തിന്റെ ഫലമായിട്ടാണ് ശുദ്ധീകരണം നടക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുന്ന അനേകം വാക്യങ്ങൾ പഴയ നിയമത്തിലുണ്ട്. അഭിഷേകം ഉദ്യോഗനിയമനത്തിന്റെ അടയാളമായ ഒരു കർമ്മം കൂടിയാണ് എന്ന് ദൈവവചനത്തിൽ നാം കാണുന്നുണ്ട്. ശമുവേൽ തൈലപാത്രം എടുത്ത് ശൗലിന്റെ തലയിൽ ഒഴിച്ച് അവനെ രാജാവായി അഭിഷേകം ചെയ്തുവെന്ന് I ശമുവേൽ 10:1-ൽ നാം വായിക്കുന്നു. ദാവീദിന്റെ തലയിൽ അഭിഷേകതൈലം ഒഴിച്ചാണ് അവനെ രാജാവായി അഭിഷേകം ചെയ്തതെന്ന് I ശമുവേൽ 16:13-ൽ നാം വായിക്കുന്നു. എലീശയെ പ്രവാചക നായി അഭിഷേകം ചെയ്യണമെന്ന് ദൈവം എലിയാവി നോടു കല്പിച്ചതായി I രാജാ : 19:16-ൽ രേഖപ്പെടുത്തി യിരിക്കുന്നു. അഭിഷേകത്തിന്റെ ഫലമായി ശുദ്ധീ കരണവും ഉദ്യോഗനിയമനവും നടക്കുന്നു എന്നാണ് പഴയനിയമവേദഭാഗങ്ങൾ തെളിയിക്കുന്നത്. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (I



യോഹ. 1:7); "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോട് സമാധാനം ഉണ്ട്" (റോമർ 5:1); "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹന്നാൻ 1:12) എന്നീ വാക്യങ്ങൾ പ്രകാരം പുതിയനിയമകാലത്ത് ശുദ്ധീകരണം പ്രാപിക്കുന്നത് യേശുവിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുന്ന നിമിഷത്തിലാണെന്ന് വ്യക്തമാണ്. ഒരാൾ യേശുവിൽ വിശ്വാസമർപ്പിച്ച് രക്ഷിക്കപ്പെട്ടു സഭയുടെ അംഗമായിത്തീരുന്ന നിമിഷത്തിൽ അയാൾ തന്റെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ സദ്ഗുണങ്ങളെ ഘോഷിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിതവർഗ്ഗത്തിലെ ഒരംഗമായി നിയമിക്കപ്പെടുന്നുവെന്ന് I പത്രോസ് 2:9-ൽ പറയുന്നു. യേശു വിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ ഇപ്രകാരം ശുദ്ധീകരണവും ഉദ്യോഗനിയമനവും നടക്കുന്നതിനാൽ രക്ഷിക്കപ്പെടുമ്പോൾതന്നെ പരിശുദ്ധാത്മാഭിഷേകം നടന്നുകഴിയുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്.

"നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു" (I യോഹന്നാൻ 2:20) എന്നും അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല." (I യോഹന്നാൻ 2:27) എന്നും വചനത്തിൽ നാം വായിക്കുന്നു. ഇതിൽനിന്ന് വചനസത്യങ്ങളെക്കുറിച്ചുള്ള ആഴമേറിയ പരിജ്ഞാനം പരിശുദ്ധാത്മാ

ഭിഷേകത്തിന്റെ ഒരു പ്രധാനപ്പെട്ട ഫലമാണെന്ന് തെളിയുന്നു. വചനസത്യങ്ങളെക്കുറിച്ചുള്ള ആഴമായ അറിവു ലഭിക്കുന്നതിനുള്ള മാർഗ്ഗം തുറക്കപ്പെടുന്നത് പരിശുദ്ധാത്മാഭിഷേകം മുഖാന്തരമാണ് എന്ന് യോഹന്നാൻ അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കി യിരിക്കുന്നു. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾക്കു ശേ ഷം, 16-ാം നൂറ്റാണ്ടിൽ ക്രൈസ്തവസഭയിൽ ഉണ്ടായ നവീകരണത്തിന്റെ ഫലമായിട്ടാണ് യേശുക്രിസ്തു വിന്റെ വീണ്ടും വരവിനെക്കുറിച്ചും വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിന്ന് പ്രതിഫലം വാങ്ങുന്നതിനെക്കുറിച്ചും (II കൊരിന്ത്യർ 5:10) അവിശ്വാസികൾ വെള്ളസിംഹാസനത്തിനു മുമ്പിൽ നിന്ന് (വെളിപ്പാട് 20:11-15) ശിക്ഷാവിധി ഏറ്റുവാങ്ങിക്കൊണ്ട് നിത്യനരകത്തിലേക്ക് പോകു ന്നതിനെക്കുറിച്ചുമുള്ള വചനസത്യങ്ങൾ വ്യക്തമായും ആഴമായും ലോകത്തിൽ പ്രസ്താവിക്കപ്പെടാൻ തുടങ്ങിയത് എന്ന് നാം ഓർക്കണം. യൂറോപ്പിൽ സഭാ നവീകരണം ഉണ്ടാവുകയും അനേകർ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സുപ്രധാന വചന സത്യങ്ങൾ വ്യക്തമായി ലോകത്തിൽ പ്രസ്താവി ക്കപ്പെടാൻ തുടങ്ങിയത്. ഇന്ന് അനേക ദൈവമക്കൾക്ക് വചനസത്യങ്ങൾ വിശദീകരിച്ചുകൊണ്ട് പ്രസംഗി ക്കാനും പുസ്തകങ്ങൾ എഴുതാനും കൃപ ലഭിക്കുന്ന തിന്റെ കാരണവും ഇതുതന്നെയാണ്: ദൈവാത്മാവ് അവരെ അഭിഷേകം ചെയ്തിരിക്കുന്നതിന്റെ ഫലമായി അവരുടെ ഹൃദയക്കണ്ണുകൾ നന്നായി പ്രകാശിപ്പിക്ക



പ്പെട്ടിരിക്കുന്നു എന്നുള്ളതുതന്നെ.

കൊരിന്തിലുള്ള ദൈവസഭയെ "ക്രിസ്തുയേശു വിൽ വിശുദ്ധീകരിക്കപ്പെട്ടവരും... യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരും" എന്ന് I കൊരിന്ത്യർ 1:2-ാം വാക്യത്തിൽ വിശേഷിപ്പിച്ച ശേഷം ആ സഭയിലെ അംഗങ്ങളോട്, "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തു വിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ" (II കൊരിന്ത്യർ 1:21) എന്നാണ് പൗലോസ പ്പോസ്തലൻ പറഞ്ഞത്. യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെട്ട് സഭയുടെ അംഗങ്ങളായിത്തീർന്ന എല്ലാ കൊരിന്ത്യരും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യ പ്പെട്ടവരായിരുന്നു എന്നാണ് ഇതിന്റെ അർത്ഥം. ഒരാൾ മാനസാന്തരപ്പെട്ട് യേശുവിനെ രക്ഷിതാവും കർത്താ വുമായി സ്വീകരിച്ചു രക്ഷിക്കപ്പെട്ട് സഭയുടെ അംഗ മായിത്തീരുന്ന നിമിഷത്തിൽ തന്നെ കർത്താവ് അയാളെ തന്റെ ആത്മാവിനാൽ അഭിഷേകം ചെയ്യുന്നു വെന്നാണ് ഇതിൽ നിന്ന് തെളിയുന്നത്. അങ്ങനെയ ല്ലായിരുന്നെങ്കിൽ കൊരിന്തിലെ സഭയിൽ ആത്മാഭി ഷേകം പ്രാപിച്ചവരെന്നും പ്രാപിച്ചിട്ടില്ലാത്തവരെന്നും രണ്ടുവിഭാഗം ആളുകൾ ഉണ്ടായിരുന്നേനെ. അപ്രകാര മുള്ള അവസ്ഥ ഉണ്ടായിരുന്നതായിട്ടല്ല, പിന്നെയോ യേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട് സഭയുടെ അംഗ ങ്ങളായിത്തീർന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവരായിരുന്നു എന്നാണ് പൗലോ സപ്പോസ്തലനിലൂടെ ദൈവാത്മാവ് വെളിപ്പെടുത്തി യിരിക്കുന്നത്. കൊരിന്തിലെ സഭയിൽ അന്യഭാഷ

സംസാരിക്കുന്നവരും സംസാരിക്കാത്തവരും ഉണ്ടായിരുന്നു എന്ന് I കൊരിന്ത്യർ 12:30-ൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ അന്യഭാഷ സംസാരിക്കുന്നവരും സംസാരിക്കാത്ത വരും - എല്ലാവരും ഒരുപോലെ - കർത്താവിനാൽ അഭിഷേകം പ്രാപിച്ചവരായിരുന്നു എന്ന് II കൊരിന്ത്യർ 1:21-ൽ പറഞ്ഞിരിക്കുന്നു. ആത്മാഭിഷേകത്തിന്റെ തെളിവ് അന്യഭാഷ എന്ന കൃപാവരമല്ല എന്ന് ഇതിൽനിന്ന് സംശയരഹിതമായി തെളിയുന്നുണ്ട്. അഭിഷേകത്തിന്റെ തെളിവ് അന്യഭാഷ ആയിരുന്നു എങ്കിൽ ആ കൃപാവരം ലഭിച്ചിട്ടില്ലാതിരുന്ന കൊരിന്തിലെ വിശ്വാസികളെക്കുറിച്ച്, "അഭിഷേകം പ്രാപിച്ചിട്ടില്ലാത്തവർ" എന്നുതന്നെ അപ്പൊസ്തലൻ പറഞ്ഞേനേ. അങ്ങനെ പറയാതെ, അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ", എന്ന് പൗലോസപ്പൊസ്തലൻ എഴുതിയതിൽ നിന്ന് വ്യക്തമാകുന്നത് അന്യഭാഷ എന്ന കൃപാവരം ആത്മാഭിഷേകത്തിന്റെ തെളിവല്ല എന്നുതന്നെയാണ്. ഹൃദയശുദ്ധീകരണത്തിന്റെ മുഖാന്തരമായ പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിക്കുന്നത്, യേശുവിൽ വിശ്വാസമർപ്പിക്കുന്ന നിമിഷത്തിൽതന്നെ അല്ലായിരുന്നുവെങ്കിൽ, തന്നോട് രക്ഷയ്ക്കായി അപേക്ഷിച്ച ക്രൂശിലെ ദുഷ്പ്രവൃത്തിക്കാരനോട്, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്നു പറയുന്നതിനു പകരം, "എന്തു ചെയ്യാം? നിന്നെ രക്ഷിക്കാൻ ഒരു നിവൃത്തിയുമില്ല; ഹൃദയശുദ്ധീകരണത്തിന്റെ മുഖാന്തരമായ ആത്മാഭിഷേകം പ്രാപി



ക്കുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പു പ്രാർത്ഥന നടത്താൻ നിനക്ക് ഇനി സമയമില്ലാത്തതിനാൽ നിന്നെ രക്ഷിക്കുവാൻ എനിക്കു സാദ്ധ്യമല്ല" എന്നായിരുന്നേനേ യേശു പറയുമായിരുന്നത്. എന്നാൽ യേശു വാസ്തവമായി അവന്റെ വിശ്വാസം അംഗീകരിച്ചുകൊണ്ട് അഭിഷേകഫലമായ ശുദ്ധീകരണം ആ നിമിഷത്തിൽ തന്നെ അവന് നൽകുകയാണ് ചെയ്തത്. എന്താണ് ആത്മാഭിഷേകത്തിന്റെ തെളിവെന്ന് I യോഹന്നാൻ 2:20ലും 2:27ലും വ്യക്തമായി പറഞ്ഞിട്ടുള്ളതു തന്നെ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവാത്മാവ് ഹൃദയക്കണ്ണുകൾ പ്രകാശിപ്പിച്ചു തന്നതിന്റെ ഫലമായി ലഭിച്ചിരിക്കുന്ന ആഴമേറിയ വചനപരിജ്ഞാനമാണ് ആത്മാഭിഷേകത്തിന്റെ തെളിവെന്ന് ഈ രണ്ടുവാക്യങ്ങളിലും നാം വായിക്കുന്നു, ഇതു നാം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യണം. വചനത്തിൽ പറഞ്ഞിരിക്കുന്നതു വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനുപകരം അഭിഷേകത്തിന്റെ തെളിവ് അന്യഭാഷയാണ് എന്ന കേട്ടുകേൾവി നാം വിശ്വസിച്ചാൽ നാം വല്ലാത്ത അബദ്ധത്തിലാണ് ചെന്നുചാടുവാൻ ഇടവരിക. അങ്ങനെ സംഭവിക്കാൻ നാം അനു വദിക്കരുത്. പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവ് 'അന്യഭാഷ' ആണ് എന്ന കേട്ടുകേൾവി വിശ്വസിക്കാൻ നാം തയ്യാറാകുന്നെങ്കിൽ കന്യകമറിയം സ്വർഗ്ഗാരോഹണം ചെയ്തുവെന്ന കേട്ടുകേൾവിയും വിശ്വസിക്കാൻ നാം തയ്യാറാകണം. മാനസ്സാന്തരപ്പെട്ട് യേശുവിൽ വിശ്വാസമർപ്പിക്കുന്ന ഒരു പാപി ആത്മാഭിഷേകത്താൽ ശുദ്ധീകരണം പ്രാപിക്കുന്നുവെന്നും ആത്മാഭിഷേകത്താൽ ക്രിസ്തു

വിന്റെ സാക്ഷിയായി - രാജകീയ പൗരോഹിത്യമുള്ള ആളായി - നിയമിക്കപ്പെടുന്നു എന്നും ആഴമേറിയ വചനപരിജ്ഞാനമുള്ള ആളായി അയാൾ വളർച്ച പ്രാപിക്കുന്നു എന്നുമുള്ള വചനസത്യമാണ് നാം വിശ്വസിച്ച് അംഗീകരിക്കേണ്ടത്. ഇതിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുവാനും വിശ്വസിക്കുവാനും ദൈവവചനം നമ്മെ അനുവദിക്കുന്നില്ല.

### അഭിഷേകവും അന്യഭാഷയും

പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ തെളിവ് അന്യഭാഷ സംസാരിക്കലാണ് എന്നൊരു ചിന്ത പല വിശ്വാസികൾക്കുമുണ്ടെന്നും എന്നാൽ ദൈവവചനം ഇങ്ങനെ ചിന്തിക്കാൻ നമ്മെ അനുവദിക്കുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. സഭായുഗം അവസാനിക്കുന്നതുവരെയും ഭൂമിയിൽ വസിച്ചുകൊണ്ട്, സഭയാകുന്ന കെട്ടിടത്തിന്റെ ശില്പിയായി, മനുഷ്യരെ ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിത്തീർക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി, പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് അവരോഹണം ചെയ്തപ്പോൾ കൊടുങ്കാറ്റടിക്കുന്നതു പോലെ ആകാശത്തിൽ വലിയ മുഴക്കം ഉണ്ടായതായും, ശിഷ്യൻമാർ ഇരുന്നിരുന്ന വീട്ടിൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായതായും, എല്ലാവരും അന്യഭാഷകളിൽ ദൈവത്തിന്റെ വൻകാര്യങ്ങൾ സംസാരിക്കാൻ തുടങ്ങിയതായും അപ്പോ, പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ഈ അനുഭവം പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവാണെന്നോ അതിന്റെ ഫലമാണെന്നോ വചനത്തിൽ പറയുന്നില്ല. ഇവിടെ സംഭവിച്ചതാണ് ആത്മാഭിഷേകത്തിന്റെ തെളിവ് എന്നു പറഞ്ഞാൽ, ഒരാൾക്ക് ആത്മാഭിഷേകം ലഭിക്കുമ്പോൾ കൊടുങ്കാറ്റടിക്കുന്ന ശബ്ദം ആകാശത്തിൽ ഉണ്ടാകുമെന്നും അയാൾ ഇരിക്കുന്ന വീട്ടിൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമാകുമെന്നും ഒക്കെ പറയണം. ഇങ്ങനെയൊന്നും പറയുവാൻ ദൈവവചനമോ, സാമാന്യബുദ്ധിയോ നമുക്ക് അനുവാദം തരുന്നില്ല. ആത്മാഭിഷേകത്തിന്റെ ഫലമെന്താണെന്നും, തെളിവ് എന്താണെന്നും വചനത്തിൽ നിന്ന് നാം കണ്ടു കഴിഞ്ഞതാണ്. അത് ആര് എപ്പോൾ നടത്തുന്നു എന്നും നാം കണ്ടു കഴിഞ്ഞു. അത് നാം വിശ്വസിക്കണം. വചനത്തിൽ അടിസ്ഥാനമില്ലാത്ത ഭാവനകൾ, വചനവ്യാഖ്യാനമാണ് എന്ന നിലയിൽ ചിലർ അവതരിപ്പിക്കുമ്പോൾ അതിന്റെ തെളിവ് ദൈവവചനത്തിൽ കാണിച്ചുതരുവാൻ നാം ആവശ്യപ്പെടണം; അപ്പോൾ അത് വെറും മനുഷ്യഭാവന മാത്രമാണെന്ന് തെളിയിക്കപ്പെടും.

### അദ്ധ്യായം-3

# അന്യഭാഷയും കാത്തിരിപ്പും

അന്യഭാഷ എന്നു പറഞ്ഞാൽ അന്യനാട്ടുകാർ സംസാരിക്കുന്ന, അന്യദേശങ്ങളിൽ നിലവിലിരിക്കുന്ന ഭാഷ എന്നാണ് അർത്ഥമെന്ന് അപ്പൊസ്തല പ്രവൃത്തികൾ 2:4-11 വരെ വാക്യങ്ങൾ വ്യക്തമാക്കുന്നു. പെന്തെക്കോസ്ത്നാളിൽ പരിശുദ്ധാത്മാവ് ശിഷ്യൻമാരുടെമേൽ വന്നപ്പോൾ പാർത്ഥിയ, മേദ്യ, മെസൊപ്പൊട്ടാമ്യ, ആസ്യ, പ്രുഗ്യ, പംഫുല്യ തുടങ്ങിയ നാടുകളിൽ നിന്ന് പെരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുക്കാനായി യെരുശലേമിലേക്കു വന്നിരുന്ന അന്യനാട്ടുകാരോട് അവരുടെ മാതൃഭാഷകളിൽ ശിഷ്യൻമാർ യേശു മൂലമുള്ള രക്ഷയെക്കുറിച്ചു സംസാരിക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതും കേട്ടു എന്നാണ് വചനത്തിൽ നാം വായിക്കുന്നത്. വിദ്യാഭ്യാസമില്ലാത്തവരും അന്യനാട്ടുകാരുടെ ഭാഷകൾ ഒട്ടുമേ പഠിച്ചിട്ടില്ലാത്തവരുമായിരുന്ന ശിഷ്യന്മാർ അന്യനാട്ടുകാരുടെ മാതൃഭാഷകളിൽ അവരോട് സുവിശേഷം പ്രസംഗിച്ചപ്പോൾ അവർ അത്ഭുതസ്തബ്ധരായി എന്ന് നാം വായിക്കുന്നു. പരിശുദ്ധാത്മാവ് ശിഷ്യൻമാരിലൂടെ പ്രവർത്തിച്ച ഈ അത്ഭുതം നിമിത്തം അന്ന് അനേകം ആളുകൾ ശിഷ്യൻമാരുടെ പ്രസംഗങ്ങൾ ശ്രദ്ധിച്ചുകേൾക്കുകയും, മുവായിരത്തോളം പേർ പത്രോസിന്റെ പ്രസംഗത്തെത്തുടർന്ന് യേശുവിൽ വിശ്വാസമർപ്പിക്കുകയും സ്നാനമേൽക്കുകയും ചെയ്തു (അപ്പ: പ്രവൃ: 2:41). വചനത്തിലുള്ള ഈ വിവരണം വായിച്ച ചിലർ, ശിഷ്യൻമാർ പരിശുദ്ധാത്മാവിന്റെ അവരോഹണം സംഭവിക്കുന്നതു വരെ യെരുശലേമിൽ കാത്തിരുന്നു പ്രാർത്ഥിച്ചതുപോലെ നാമും കുറെ നാൾ ഏതെങ്കിലും ഒരു സ്ഥലത്ത് ഒരുമിച്ചുകൂടിയിരുന്ന് "കാത്തിരിപ്പു പ്രാർത്ഥന" നടത്തിയാൽ നമുക്കും അന്യഭാഷാവരം കിട്ടും, ഈ വരമാണ് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിലേക്കു വന്നിരിക്കുന്നതിന്റെ തെളിവ് എന്നും മറ്റും പഠിപ്പിക്കുന്നുണ്ട്. ഈ പഠിപ്പിക്കൽ ശരിയാണെന്നു കരുതിയാൽ പെന്തെക്കോസ്തു നാളിൽ സംഭവിച്ചതുപോലെ ആകാശത്തിൽ മുഴക്കം ഉണ്ടാകുകയും അഗ്നിജ്വാലകളുടെ ആകൃതിയിൽ പിളർന്നിരിക്കുന്ന നാവുകൾ നാം ഇരിക്കുന്ന കെട്ടിടത്തിൽ പ്രത്യക്ഷപ്പെടുകയും ഒക്കെ ചെയ്തെങ്കിൽ മാത്രമേ പരിശുദ്ധാത്മാവ് വന്നതായി കരുതുവാൻ പാടുള്ളു എന്നും കൂടി പറയണം. ദൈവവചനം ശ്രദ്ധിച്ചു വായിച്ചാൽ ഇപ്രകാരമൊന്നും പറയുവാൻ ദൈവം നമ്മെ അനുവദിച്ചിട്ടില്ല എന്നു മനസ്സിലാക്കാൻ സാധിക്കും. പരിശുദ്ധാത്മാവ് ഭൂമിയിലേക്കു വരുന്നതിനും സഭായുഗം ആരംഭിക്കുന്നതിനും ദൈവം അനാദികാലത്തു നിർണ്ണയിച്ചിരുന്ന ഒരു സമയക്രമം ഉണ്ടായിരുന്നു. അതനുസരിച്ച് പെന്തെക്കോസ്തു പെരുന്നാൾ ദിവസം മാത്രമേ പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് അവരോഹണം ചെയ്യുമായിരുന്നുള്ളു. അതിനാലാണ് യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരോട്, "നിങ്ങൾ യെരൂശലേമിൽ നിന്നും വാങ്ങിപ്പോകാതെ എന്നോടുകേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കണം" എന്ന് കല്പിച്ചത് (അപ്പൊ: പ്രവൃ: 1:4) ഈ വേദഭാഗങ്ങൾ

വായിച്ചിട്ട്, പരിശുദ്ധാത്മാവ് ഒരാളിന്റെ ഹൃദയത്തിലേക്കു വരണമെങ്കിൽ അയാൾ കുറച്ചു ദിവസങ്ങൾ മറ്റ് വിശ്വാസികളോടു ചേർന്ന് ഒരു സ്ഥലത്ത് 'കാത്തിരുന്നു' പ്രാർത്ഥിക്കണം എന്ന് ഉപദേശിച്ചാൽ, അത് വചനപ്രകാരം ശരിയായിരിക്കും എന്നു സങ്കൽപ്പിച്ചാൽ തന്നെ ഈ 'കാത്തിരിപ്പ് പ്രാർത്ഥന' ഇഷ്ടമുള്ള സ്ഥലത്തുവച്ചു നടത്താൻ സാധ്യമല്ല, യെരൂശലേമിൽ വച്ച് മാത്രമേ നടത്താൻ പറ്റുകയുള്ളു; കാരണം ശിഷ്യൻമാരോടു കർത്താവു പറഞ്ഞത് "യെരൂശലേമിൽ നിന്നു വാങ്ങിപ്പോകാതെ.......കാത്തിരിക്കണം" എന്നായിരുന്നു. യേശുക്രിസ്തു തന്റെ ശിഷ്യൻമാരോട് യെരൂശലേമിൽ കാത്തിരിക്കണം എന്നു കല്പിച്ചതിന്റെ പിന്നിലെ കാര്യങ്ങളും കാരണങ്ങളും ഒന്നും പരിഗണിക്കാതെ, പരിശുദ്ധാത്മാവു ലഭിക്കണമെങ്കിൽ 'കാത്തിരിപ്പു പ്രാർത്ഥന' നടത്തണം എന്നും 'കാത്തിരുന്നാൽ അന്യഭാഷ കിട്ടും' എന്നും മറ്റും ചിലർ പറയുന്നത് വചനപ്രകാരം ശരിയോ തെറ്റോ എന്നും നമുക്ക് ഒന്നു പരിശോധിച്ചുനോക്കാം.

അപ്പൊസ്തല പ്രവൃത്തികൾ 10-ാം അദ്ധ്യായത്തിൽ കൊർന്നൊല്ല്യോസും തന്റെ ബന്ധുമിത്രാദികളും യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെട്ടശേഷം സ്നാനമേറ്റകാര്യം വിവരിച്ചിരിക്കുന്നു.ഈ അദ്ധ്യായത്തിന്റെ 44-45 വാക്യങ്ങളിൽ പറയുന്നത്, പത്രോസിന്റെ വാക്കുകൾ കേട്ടപ്പോൾ തന്നെ അവരെല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തുവെന്നാണ്. യേശു മൂലമുള്ള രക്ഷയെക്കുറിച്ച് പത്രോസ് സംസാരിച്ച നിമി



ഷത്തിൽ കൊർന്നൊല്ല്യോസിന്റെ ഭവനക്കാർ അതു വിശ്വസിച്ചു; വിശ്വസിച്ച നിമിഷത്തിൽ അവർ രക്ഷിക്കപ്പെട്ടു; ആ നിമിഷത്തിൽ തന്നെ പരിശുദ്ധാത്മാവ് അവരിലേക്കു വന്നു. ആത്മനിറവിൽ അവർ ദൈവത്തെ സ്തുതിക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. ഈ ആളുകൾ രക്ഷിക്കപ്പെട്ടശേഷം ഏതെങ്കിലും സ്ഥലത്തുചെന്ന് ആരുടെയെങ്കിലും നേതൃത്വത്തിൽ ഒരു 'കാത്തിരിപ്പു' പ്രാർത്ഥനയിൽ പങ്കുകൊള്ളുകയോ അന്യഭാഷാവരം തങ്ങൾക്കു തരേണമേ എന്ന് കർത്താവിനോടപേക്ഷിക്കുകയോ ഒന്നും ചെയ്തില്ല. അന്യഭാഷാവരം ലഭിക്കുന്നത് 'കാത്തിരിപ്പു പ്രാർത്ഥന' മൂലമാണെന്ന ചിന്താഗതി തികച്ചും തെറ്റാണെന്ന് ഈ സംഭവം തെളിയിക്കുന്നു. അപ്പൊസ്തലപ്രവൃത്തികൾ 19-ാം അദ്ധ്യായത്തിൽ 1-7 വരെ വാക്യങ്ങളിൽ മറ്റൊരു സംഭവം നാം വായിക്കുന്നു എഫെസോസിൽ ഉണ്ടായിരുന്ന ചില ശിഷ്യൻമാരെ പൗലോസ് കണ്ടു; അവരോടു സംസാരിച്ചപ്പോൾ അവർ യോഹന്നാന്റെ മാനസാന്തരസ്നാനം ഏറ്റിരുന്നവരാണ്, എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടിരുന്നില്ല എന്ന് പൗലോസ് മനസ്സിലാക്കി. അദ്ദേഹം അവരോട് യേശു മൂലമുള്ള രക്ഷയെക്കുറിച്ചു പറഞ്ഞു. അവർ വിശ്വസിച്ചപ്പോൾ ക്രിസ്തീയസ്നാനത്തെക്കുറിച്ചു പറഞ്ഞു. അവർ സ്നാനമേറ്റപ്പോൾ അദ്ദേഹം അവരുടെ മേൽ കൈവച്ചു പ്രാർത്ഥിച്ചു, അപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു, അവർ അന്ന്യഭാഷകളിൽ സംസാരിച്ചു എന്നാണ് ഈ വേദഭാഗത്ത് നാം വായിക്കുന്നത്. ഇവിടെയും യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെ

ട്ടവർ ഒരു 'കാത്തിരിപ്പു പ്രാർത്ഥന' നടത്തിയതിനെ തുടർന്ന് പരിശുദ്ധാത്മാവ് അവർക്ക് അന്യഭാഷാവരം നല്കി എന്നല്ല നാം വായിക്കുന്നത്. 'കാത്തിരിപ്പു പ്രാർത്ഥന' നടത്തുന്നതിന്റെ ഫലമായിട്ടാണ് അന്യഭാഷാവരം ലഭിക്കുന്നത് എന്ന ചിന്താഗതി വാസ്തവത്തിൽ വചനവിരുദ്ധവും തികഞ്ഞ അബദ്ധവുമാണ്.

## അന്യഭാഷയും തെറ്റിദ്ധാരണകളും

ആരും തിരിച്ചറിയാത്ത ഭാഷയാണ് 'അന്യഭാഷ' എന്ന് ചിലർ ചിന്തിക്കുന്നു. ഈ ചിന്താഗതി ശരിയാണെങ്കിൽ 'അന്യഭാഷ' എന്ന പദപ്രയോഗം ഭാഷയിൽ ഉണ്ടാകാൻ തന്നെ സാധ്യമല്ല. ഭാഷ എന്നപദംകൊണ്ട്, ആശയവിനിമയം ചെയ്യാൻ ഉപയോഗിക്കുന്ന ശബ്ദ മാധ്യമം എന്നാണ് നാം അർത്ഥമാക്കുന്നത്. 'അന്യഭാഷ' എന്നതിന്റെ അർത്ഥം അന്യദേശത്തുള്ളവർ അന്യോന്യം ആശയവിനിമയം ചെയ്യാൻ ഉപയോഗിക്കുന്ന ശബ്ദ മാധ്യമം എന്നാണ്. ആരും തിരിച്ചറിയാത്ത, ആർക്കും അർത്ഥം മനസ്സിലാകാതിരിക്കുന്ന ശബ്ദങ്ങൾക്ക് ഭാഷ എന്ന വിശേഷണം കൊടുക്കാൻ സാധ്യമല്ല. ആർക്കും ഒരുനാളും കേൾക്കാൻ സാധ്യമല്ലാത്ത പാട്ട് എന്നു പറഞ്ഞാൽ അങ്ങനെയൊരു പാട്ട് ഇല്ല എന്നു നാം പറയും; ആർക്കും മനസ്സിലാകാത്ത ഭാഷ എന്നുപറയുന്നതും അതുപോലെ തന്നെയാണ്. അതിനാൽ "ആരും തിരിച്ചറിയാത്ത ഭാഷ" എന്നു വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു ഭാഷ ഈ ഭൂമിയിൽ ഇല്ല, സ്വർഗ്ഗത്തിലും ഉണ്ടാകാൻ സാധ്യമല്ല എന്നു തന്നെ നാം പറയേണ്ടിയിരിക്കുന്നു. എന്നാൽ പിന്നെ അന്യഭാഷയെക്കുറിച്ച്,



"ആരും തിരിച്ചറിയുന്നില്ലല്ലോ" എന്ന് I കൊരിന്തൂർ 14:2-ൽ പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് ചിലർ ചോദിച്ചേക്കാം. ഈ ലേഖനം അപ്പൊസ്തലനായ പൗലോസ് ഏതു ദേശത്തുള്ള ഏതു ഭാഷക്കാർക്കാണ് എഴുതിയത് എന്നു മനസ്സിലാക്കിയാൽ ഇക്കാര്യത്തിൽ തോന്നുന്ന സംശയം മാറിക്കിട്ടും. കൊരിന്തു പട്ടണത്തിലുള്ളവരുടെ ഭാഷ ഗ്രീക്ക് (യവനഭാഷ) ആയിരുന്നു. ആ ഭാഷ മാത്രം വശമുണ്ടായിരുന്ന അവിടുത്തെ വിശ്വാസികളുടെ സഭയിൽ ഒരാൾ പരിശുദ്ധാത്മാവു നല്കിയ അന്യഭാഷാവരമുപയോഗിച്ചു കൊണ്ട്, അന്യദേശത്തെ ഒരു ഭാഷയിൽ, ഉദാഹരണത്തിന് അറബി ഭാഷയിൽ-സംസാരിച്ചാൽ ആ സംസാരം (കൊരിന്തു പട്ടണത്തിലെ) ആ സഭയിലുള്ള ആർക്കും തിരിച്ചറിയാൻ സാധിക്കുകയില്ല എന്നും അവിടെ വ്യാഖ്യാനിയുടെ (തർജ്ജമക്കാരന്റെ) സഹായം കൂടാതെ ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ അത് ദൈവത്തിനു മാത്രമേ തിരിച്ചറിയാൻ സാധിക്കുകയുള്ളു എന്നുമാണ് പൗലോസപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്. അന്യഭാഷാവരമുപയോഗിച്ച് ആര് എവിടെ സംസാരിച്ചാലും ലോകത്തിലാർക്കും അതു മനസ്സിലാകുകയില്ല എന്നും, ദൈവത്തിനു മാത്രമേ മനസ്സിലാകുകയുള്ളു എന്നും അല്ല പൗലോസ് പറഞ്ഞിരിക്കുന്നത്. കൊരിന്ത്യർ 14:2 വ്യാഖ്യാനിച്ചു കൊണ്ട് ദൈവത്തിനു മാത്രം മനസ്സിലാകുന്ന ഒരു ഭാഷയുണ്ടെന്ന് അർത്ഥമെടുത്താൽ, അന്യഭാഷ = ദൈവത്തിന്റെ ഭാഷ, അന്യൻ = ദൈവം എന്നും കൂടെ അർത്ഥം പറയേണ്ടി വരും. അപ്പൊസ്തലപ്രവൃത്തികൾ രണ്ടാമദ്ധ്യായത്തിൽ നാം

വായിക്കുന്നത്, ശിഷ്യന്മാർ അന്യനാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ ആ സംസാരം അവിടെയുണ്ടായിരുന്ന അന്യനാട്ടുകാർക്ക് മനസ്സിലാകുകയും വിദ്യാഭ്യാസമില്ലാത്ത ഗലീലക്കാരായ സാധാരണ മനുഷ്യർ വിദേശികളായ തങ്ങളുടെ മാതൃഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങൾ സംസാരിക്കുന്നതുകേട്ട് അവർ അത്ഭുതപ്പെടുകയും ചെയ്തുവെന്നാണ്. അന്യഭാഷ എന്നതിന് അന്യ നാട്ടുകാരന്റെ ഭാഷ എന്നു തന്നെയാണ് ഭാഷയിലും ദൈവവചനത്തിലും കാണുന്ന അർത്ഥം; ലോകത്തിലാരും തിരിച്ചറിയാത്ത ഭാഷ എന്നും ദൈവത്തിനു മാത്രം മനസ്സിലാകുന്ന ഭാഷ എന്നും അതിന് അർത്ഥം കല്പിക്കുന്നത് തികച്ചും തെറ്റാണ്. ഇങ്ങനെ അർത്ഥം കല്പിക്കാമെന്നല്ല (1 കൊരിന്ത്യർ 14:2)ൽ പറഞ്ഞിരിക്കുന്നത്.

'അന്യഭാഷ' എന്ന വിഷയത്തോടുള്ള ബന്ധത്തിൽ നിലവിലിരിക്കുന്ന ഒരു ധാരണ, അനേകം ആളുകൾ ഒരുമിച്ചുകൂടിയിരുന്ന് ഒരേ സമയത്ത് ഉച്ചത്തിൽ സംസാരിക്കുന്ന ചില ശബ്ദങ്ങൾക്കാണ് 'അന്യഭാഷ' എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നത് എന്നാണ്. അന്യഭാഷാവരം ലഭിച്ചിട്ടുള്ളവരും ലഭിച്ചിട്ടില്ലാത്തവരും ഒരു സഭയിൽ ഉണ്ടായിരിക്കുക തികച്ചും സ്വാഭാവികമാണെന്ന് 1 കൊരിന്ത്യർ 12:30-ൽ ചൂണ്ടിക്കാണിച്ചശേഷം 14-ാം അദ്ധ്യായം 27-28 വാക്യങ്ങളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നുപേരോ ആകട്ടെ; അവർ ഓരോരുത്തനായി സംസാരിക്കുകയും ഒരുവൻ



വ്യാഖ്യാനിക്കുകയും ചെയ്യട്ടെ. വ്യാഖ്യാനി (തർജ്ജമക്കാരൻ) ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ." അന്യഭാഷാവരം ലഭിച്ചിട്ടുള്ളവർ ഒരു സഭയിൽ അനേകരുണ്ടെങ്കിൽ അവർ ഈ വരം എങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്ന് ഇവിടെ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ വരം ലഭിച്ചിട്ടുള്ള എല്ലാവരും ഒന്നുചേർന്ന്, ഒരേ സമയത്ത് അന്യഭാഷ സംസാരിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല എന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. ഒരു സഭാകൂടിവരവിൽ അന്യഭാഷാവരം ഉള്ളവർ ആ വരം ഉപയോഗിക്കുമ്പോൾ തങ്ങൾ പറയുന്ന വാക്കുകളും വാചകങ്ങളും ശരിയായി തർജ്ജമചെയ്യുവാൻ അനുവദിക്കണമെന്ന് ഇവിടെ പ്രത്യേകം പറഞ്ഞിരിക്കുന്നു. അവർ ഓരോരുത്തരായി സംസാരിക്കണം, വ്യാഖ്യാനവരം ഉള്ള മറ്റൊരാൾ അത് തർജ്ജമ ചെയ്യണം, അയാൾ സംസാരം നിർത്തിക്കഴിഞ്ഞിട്ടേ അന്യഭാഷാവരമുള്ള അടുത്തയാൾ സംസാരിക്കാവു, അയാളുടെ സംസാരവും വ്യാഖ്യാനവരമുള്ള ഒരാൾ തർജ്ജമ ചെയ്യണം, ഈ വിധത്തിൽ ഒരു സഭാകൂടിവരവിൽ പരമാവധി മൂന്നു പേർക്ക് അന്യഭാഷാവരമുപയോഗിച്ചു സംസാരിക്കാൻ അനുവാദം കൊടുക്കാം എന്നിപ്രകാരമാണ് പൗലോസപ്പോസ്തലൻ ഈ വേദഭാഗത്തു പറഞ്ഞിരിക്കുന്നത്. അന്യഭാഷാവരമുപയോഗിച്ചു സംസാരിക്കുമ്പോൾ തർജ്ജമ ചെയ്യാൻ വേണ്ടിയും കൂടി സമയം ചെലവാക്കേണ്ടിവരുന്നതിനാൽ സാധാരണ സംസാരത്തിന്റെ ഇരട്ടി സമയം അന്യഭാഷയിൽ സംസാരിക്കുന്നതിന് ആവശ്യമായി വരുന്നു.

അതുകൊണ്ടാണ് ഒരു സഭാകൂടിവരവിൽ മൂന്നുപേരിൽ കൂടുതൽ അന്യഭാഷാവരം ഉപയോഗിച്ചു സംസാരിക്ക രുതെന്ന് ദൈവാത്മാവ് പൗലോസപ്പോസ്തലൻ മുഖാന്തരം നിഷ്കർഷിച്ചിരിക്കുന്നത്. തർജ്ജമ ചെയ്യാൻ കഴിവുള്ള, വ്യാഖ്യാനവരം ലഭിച്ച ആൾ സഭയിൽ ഇല്ലെങ്കിൽ അന്യഭാഷാവരം ഉള്ള ആൾ ആ വരം ഉപയോഗിച്ചു സംസാരിക്കരുതെന്നും, ഈ വേദഭാഗത്ത് നിർദ്ദേശം കാണുന്നു. അതിനാൽ ഒരേ സമയത്ത് ഒന്നിലധികം ആളുകൾ ഒരു സഭാകൂടിവരവിൽ ഒരുമിച്ചു ചേർന്ന് അന്യഭാഷ സംസാരിക്കുക എന്ന ആശയം തികച്ചും വചനവിരുദ്ധമാണെന്ന് നാം കാണുന്നു. നിർഭാഗ്യവശാൽ ഇത്തരത്തിലുള്ള, തികച്ചും വചനവിരുദ്ധമായ വിധത്തിലുള്ള അന്യഭാഷഭാഷണമാണ് ഇക്കാലത്ത് അധികമായി പ്രചാരത്തിലുള്ളത്.

'അന്യഭാഷ' എന്ന വിഷയത്തോടുള്ള ബന്ധത്തിൽ കേട്ടിട്ടുള്ള രണ്ടു പദങ്ങളാണ് 'അടയാളഭാഷ', 'വരഭാഷ' എന്നിവ. ഈ പദങ്ങൾ ബൈബിളിൽ നാം കാണുന്നില്ല; എന്നാൽ ഈ പദങ്ങൾ കൊണ്ട് അർത്ഥമാക്കുന്ന ആശയങ്ങൾ ബൈബിളിൽ ഉണ്ടെങ്കിൽ അവ ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്നുതന്നെ പറയണം. 'അടയാള ഭാഷ' എന്നതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്, അന്യഭാഷാവരം നൽകേണമേ എന്ന് വളരെ സമയം പ്രാർത്ഥിക്കുമ്പോൾ, പ്രാർത്ഥിക്കുന്നയാൾ തന്റെ മാതൃഭാഷയിൽ ഇല്ലാത്ത ഒന്നോ രണ്ടോ മൂന്നോ ശബ്ദങ്ങൾ ഉച്ചരിക്കുന്നു. അത് അന്യഭാഷയുടെ ചെറിയ ഒരു രൂപമാണ് എന്നും, ഈ ഒന്നു രണ്ടു ശബ്ദങ്ങളിൽ ഒതുങ്ങി നിൽക്കുന്ന അന്യഭാഷയ്ക്ക് അടയാളഭാഷ എന്നു പറ



യുന്നു എന്നുമാണ് 'അടയാളഭാഷ' എന്ന ആശയം സ്വീകരിച്ചിരിക്കുന്നവർ അഭിപ്രായപ്പെടുന്നത്.

'വരഭാഷ' എന്നതിന് കൂടുതൽ സമയം നിരവധി വാചകങ്ങൾ അന്യഭാഷയിൽ സംസാരിക്കുന്ന അനുഭവം എന്നാണ് ഇവർ അർത്ഥമാക്കുന്നത്. ദൈവവചനത്തിൽ 'ഭാഷാവരം' അഥവാ അന്യനാട്ടുകാരുടെ ഭാഷകളിൽ സംസാരിക്കുന്നതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നൽകിയിരിക്കുന്ന പ്രത്യേക കൃപാവരം എന്ന് അർത്ഥമുള്ള ഒറ്റ ഒരു പദം മാത്രമേയുള്ളു. 'അടയാളഭാഷ'യും, 'വരഭാഷ'യും ദൈവവചനത്തിലുള്ള ആശയങ്ങളല്ല. 'അന്യഭാഷ'യിൽ സംസാരിക്കുന്നതാണ് പരിശുദ്ധാത്മ സ്നാനത്തിന്റെയും, അഭിഷേകത്തിന്റെയും തെളിവ് എന്ന് പിശകായി ചിന്തിക്കുന്ന ക്രിസ്തീയ വിശ്വാസികൾ തങ്ങൾക്കും മറ്റുള്ളവർക്കും അഭിഷേകത്തിന്റെ മാന്യത നേടിയെടുക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന 'അന്യഭാഷ'യാണ് 'അടയാളഭാഷ'. "ഒരിക്കൽ മാത്രം യാതൊർത്ഥവുമില്ലാത്ത രണ്ടു മൂന്നു ശബ്ദങ്ങൾ ഉച്ചരിച്ചാൽ മതിയല്ലോ, അഭിഷേകം പ്രാപിച്ചുവെന്ന് എല്ലാവരും സമ്മതിക്കുമല്ലോ, ആർക്കുചേതം? ഞാനങ്ങു പറഞ്ഞേക്കാം" എന്നു ചിന്തിച്ചുകൊണ്ട് പലരും ഈ 'അടയാളഭാഷ' പറഞ്ഞ് ഇക്കാലത്ത് അഭിഷേകത്തിന്റെ സർട്ടിഫിക്കറ്റു കരസ്ഥമാക്കി 'മാന്യത' നേടിയെടുക്കുന്നു. എന്നാൽ നാം മനസ്സിലാക്കേണ്ട വസ്തുത ദൈവവചനത്തിൽ 'അടയാളഭാഷ' എന്നും 'വരഭാഷ' എന്നും രണ്ടു തരത്തിലുള്ള അന്യഭാഷകൾ ഇല്ല എന്നാണ്. ലഭിക്കണം എന്നു നാം ഏറ്റവും അധികം ആഗ്രഹിക്കേണ്ടത് മറ്റുള്ളവർക്കു ദൈവവചന സത്യ

ങ്ങൾ വിശദീകരിച്ചുകൊടുത്ത് അവരെ പാപത്തിന്റെ ശിക്ഷാവിധിയാകുന്ന നിത്യമരണത്തിൽ (രണ്ടാം മരണം) നിന്നു വിടുവിച്ച് അവരെ നിത്യജീവനിലേക്ക് നടത്തുവാൻ നമ്മെ പ്രാപ്തിപ്പെടുത്തുന്ന പ്രവചനവരം ആണ്, ഭാഷാവരമോ രോഗശാന്തിവരമോ ഒന്നുമല്ല എന്ന് 1 കൊരിന്ത്യർ 14:1 ൽ പറഞ്ഞിരിക്കുന്നു. ഇത് അനുസരിച്ചു നാം പ്രവർത്തിക്കുകയും 'അന്യഭാഷ' സംബന്ധിച്ച് നമുക്ക് തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ അവ ഉപേക്ഷിക്കുകയുമാണ് വേണ്ടത്.

ഒരു സഭായോഗത്തിൽ രണ്ടോ, മൂന്നോ ആളുകളിൽ അധികം പേർ അന്യഭാഷാവരമുപയോഗിച്ചു സംസാരിക്കുവാൻ പാടില്ലെന്ന് മാത്രമല്ല വചനത്തിൽ നിഷ്ക്കർഷയുള്ളത്. പ്രാർത്ഥിക്കുന്നത് അന്യഭാഷയിലായിരിക്കാൻ പാടില്ല എന്നും കൂടി വചനത്തിൽ വ്യവസ്ഥയുണ്ട്. "നീ ആത്മാവു കൊണ്ടു സ്തോത്ര ചൊല്ലിയാൽ (ആത്മാവു തന്ന അന്യഭാഷാവരമുപയോഗിച്ച് അന്യഭാഷയിൽ സ്തോത്രം ചൊല്ലിയാൽ) ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിനു എങ്ങനെ ആമേൻ പറയും"? എന്ന് 1കൊരിന്ത്യർ 14:16 ൽ നാം വായിക്കുന്നു. ഈ വാക്യമനുസരിച്ച് നമ്മുടെ സ്വന്തഭാഷക്കാർ മാത്രമുള്ളിടത്ത് നാം ഒരിക്കലും അന്യഭാഷയിൽ പരസ്യമായി പ്രാർത്ഥിക്കാൻ പാടില്ല. ചുരുക്കത്തിൽ തർജ്ജമക്കാരന്റെ (വ്യാഖ്യാനിയുടെ) സഹായം നമുക്ക് ലഭ്യമല്ലെങ്കിൽ അന്യഭാഷയിൽ ഒരിടത്തും ഒരു വാക്കു പോലും സംസാരിക്കാൻ ദൈവം നമുക്ക് അനുവാദം നൽകിയിട്ടില്ല. ഈ വസ്തുത മനസ്സിലാക്കാതെ, നിർഭാഗ്യവശാൽ



അന്യഭാഷ എന്താണെന്നുപോലും ഗ്രഹിക്കാതെ പലർ പലയിടങ്ങളിലും അന്യഭാഷ പറയുകയാണ് എന്ന് അവകാശപ്പെട്ടുകൊണ്ട് വചനവിരുദ്ധമായി പലതും ചെയ്യുന്നു. അവയെല്ലാം വാസ്തവത്തിൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന പ്രവൃത്തികളായിമാത്രമാണിരിക്കുന്നത്.

## സുവിശേഷത്തിന്റെ ഭാഷ

കേൾവിക്കാരോട് അവരുടെ മാതൃഭാഷയിൽ സുവിശേഷം പ്രസംഗിക്കുക എന്നതാണ് ഭാഷ സംബന്ധിച്ച് ദൈവവചനത്തിൽ കാണുന്ന പ്രമാണം. അന്യരാജ്യങ്ങളിൽ സ്ഥിരമായി താമസിച്ചു വന്നിരുന്ന യെഹൂദന്മാർ പെന്തെക്കോസ്തു പെരുന്നാളിൽ പങ്കെടുക്കുന്നതിനും തങ്ങളുടെ ബന്ധുമിത്രാദികളെ കാണുന്നതിനും വേണ്ടി യെരുശലേമിൽ വന്നു ചേർന്നിരുന്നുവെന്നാണ് അപ്പൊ: പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ നിന്ന് മനസ്സിലാകുന്നത്. ഈ യഹൂദന്മാരുടെ മാതൃഭാഷകൾ അവരവർ പാർത്തു വന്നിരുന്ന രാജ്യങ്ങളിലെ ഭാഷകൾ ആയിരുന്നു. അറബിനാട്ടിൽ നിന്ന് യെരൂശലേമിലേക്കു വന്ന യെഹൂദന്മാരുടെ മാതൃഭാഷ അറബി ആയിരുന്നു. പാർത്ഥ്യരാജ്യത്തു നിന്നു വന്നിരുന്നവരുടെ മാതൃഭാഷ പ്രാർത്ഥ്യഭാഷയായിരുന്നു. ശിഷ്യന്മാർക്കും അവരുടെ കൂടെ പ്രാർത്ഥനയിൽ പങ്കെടുത്തിരുന്ന മറ്റുള്ളവർക്കും അന്യഭാഷാവരം ലഭിച്ചപ്പോൾ, അറബിനാട്ടിൽ നിന്നു വന്നിരുന്ന യെഹൂദന്മാരോട് ചില ശിഷ്യന്മാർ അറബി ഭാഷയിൽ സംസാരിച്ചു; പാർത്ഥ്യനാട്ടിൽ നിന്നു വന്നിരുന്ന യെഹൂദന്മാരോട് മറ്റു ചില ശിഷ്യന്മാർ പാർത്ഥ്യ ഭാഷയിൽ സംസാരിച്ചു; ഏലാമിൽനിന്നു വന്നിരുന്ന യെഹൂദരോട് വേറെ ചിലർ ഏലാമ്യ ഭാഷയിൽ സംസാ

രിച്ചു. തത്ഫലമായി പതിനഞ്ചോ, പതിനാറോ നാടുകളിൽ നിന്നു വന്നിരുന്ന വിദേശികളായ യെഹൂദന്മാരിൽ അനേകർ തങ്ങൾ സ്ഥിരമായി താമസിച്ചു വന്നിരുന്ന രാജ്യങ്ങളിലെ ഭാഷകളിൽ അഥവാ തങ്ങളുടെ മാതൃഭാഷകളിൽ സുവിശേഷം കേട്ടു. വിദേശഭാഷകൾ പഠിച്ചിട്ടില്ലാത്ത ഗലീലപ്രദേശക്കാരായ ശിഷ്യൻമാരും അവരോടൊപ്പം പ്രാർത്ഥനയിൽ പങ്കെടുത്തിരുന്ന മറ്റുള്ളവരും അന്യനാട്ടുകാരോട് അവർ ഓരോരുത്തരുടെയും മാതൃഭാഷയിൽ വചനം സംസാരിക്കുന്നത് കേട്ട് ആ വിദേശികളായ യെഹൂദൻമാർക്ക് അത്ഭുതം തോന്നി. എന്നാൽ യെഹൂദ്യനാട്ടിൽ താമസിച്ചു വന്നിരുന്ന യെഹൂദൻമാർക്ക് ഇതു മനസ്സിലായില്ല; തങ്ങൾ കേട്ടിട്ടില്ലാത്ത ആ ഭാഷകളിൽ ശിഷ്യൻമാർ പ്രസംഗിക്കുന്നതു കേട്ടപ്പോൾ എന്താണ് അവർ പറയുന്നത് എന്ന് ഈ യെഹൂദൻമാർക്കു മനസ്സിലാകാഞ്ഞതിനാൽ ശിഷ്യന്മാർ പുതുവീഞ്ഞു കുടിച്ചു മത്തരായി തീർന്നിട്ട് വെറുതെ ശബ്ദം ഉണ്ടാക്കുകയാണെന്ന് അവർ വിചാരിക്കുകയും അങ്ങനെ പറയുകയും ചെയ്തു. (അപ്പൊ:പ്രവൃ: 2:13) ഇതുകേട്ടപ്പോൾ പത്രോസ് ഇപ്രകാരം പറഞ്ഞ യെഹൂദ്യനാട്ടുകാരായ യെഹൂദന്മാരെ സംബോധന ചെയ്തുകൊണ്ട് അവരോട് യെഹൂദ്യഭാഷയിൽ തന്നെ സുവിശേഷം പ്രസംഗിച്ചു. യെഹൂദ്യഭാഷയിൽ യെഹൂദ്യനാട്ടിലെ യെഹൂദന്മാരോട് പത്രോസ് നടത്തിയ സുവിശേഷ പ്രസംഗമാണ് അപ്പൊ: പ്രവൃത്തികൾ 2-ാം അദ്ധ്യായം 14 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത്. ചുരുക്കത്തിൽ യെഹൂദ്യനാട്ടുകാരായ യെഹൂദന്മാർ അവരുടെ സ്വന്തം ഭാഷയിലും വിദേശങ്ങളിൽനിന്നു വന്നിരുന്ന യെഹൂദന്മാർ വിദേശത്തുള്ള അവരുടെ



സ്വന്തം ഭാഷകളിലും പെന്തെക്കോസ്തുനാളിൽ സുവിശേഷം കേൾക്കാനിടയായി എന്നാണ് അപ്പൊസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ നാം കാണുന്നത്. ഓരോ മനുഷ്യനെയും അവന്റെ മാതൃഭാഷയിൽ സുവിശേഷം അറിയിക്കുകയും അവന്റെ മാതൃഭാഷയിൽ തന്നെ അവനെ ദൈവവചനം പഠിപ്പിക്കുകയും വേണമെന്ന ദൈവഹിതമാണ് പെന്തെക്കോസ്തുനാളിൽ വെളിപ്പെടുത്തപ്പെട്ടത്. ഏതെങ്കിലും ഒരു ആശയം സ്വന്തം മാതൃഭാഷയിൽ പറഞ്ഞാൽ ആ വാക്കുകൾക്ക് മൂല്യം കുറവാണെന്നും ഒരു അന്യഭാഷയിൽ ആ ആശയം പറഞ്ഞാൽ അതിനു മൂല്യം കൂടുതലാണെന്നും ചിന്തിക്കുന്നതിന് ദൈവവചനത്തിൽ യാതൊരു ന്യായവും കാണുന്നില്ല. [മലയാളികളായ ക്രിസ്തീയ വിശ്വാസികൾ "ദൈവത്തിനു സ്തോത്രം" എന്ന് മലയാളത്തിൽ തന്നെ പറയുന്നതാണ് "പ്രെയ്സ് ദി ലോർഡ്" എന്ന് ഇംഗ്ലീഷിൽ പറയുന്നതിനെക്കാൾ ഉചിതമായിട്ടുള്ളത്]. കേൾവിക്കാരോട് അവരുടെ സ്വന്തം ഭാഷയിൽ സുവിശേഷം പ്രസംഗിക്കുക എന്നതാണ് ദൈവവചനത്തിൽ നാം കാണുന്ന തത്ത്വം എന്ന് അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം പരിശോധിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്നു. അതിനാൽ സുവിശേഷത്തിന്റെ ഭാഷ മാതൃഭാഷയാണ്, അന്യഭാഷയല്ല എന്നാണ് അപ്പൊസ്തല പ്രവൃത്തികൾ രണ്ടാമദ്ധ്യായം തെളിയിച്ചിരിക്കുന്നത് എന്നു നാം മനസ്സിലാക്കണം; അന്യഭാഷയുടെ മഹത്വമല്ല, മാതൃഭാഷയുടെ മഹത്വമാണ് ഈ അദ്ധ്യായത്തിൽ നാം ദർശിക്കുന്നതെന്ന് ഈ അദ്ധ്യായം സൂക്ഷ്മമായി പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും.

പീഡനം എന്നതിനു പകരം "പീഢനം" എന്നും പശ്ചാത്താപം എന്നതിനു പകരം "പാശ്ചാത്താപം" എന്നും പശ്ചാത്തലം എന്നതിനു പകരം "പാശ്ചാത്തലം" എന്നും യാഗപീഠം എന്നതിനുപകരം "യാഗപീഡം" എന്നും ആഡംബരം എന്നതിനു പകരം "ആഢംഭരം" എന്നും മറ്റും ഉച്ചരിച്ചുകൊണ്ട്, ദ്രാവിഡ ഭാഷയായ തമിഴിന്റെ ശബ്ദചടുലതയും ആര്യഭാഷയായ സംസ്കൃതത്തിന്റെ കവനസൗകുമാര്യവും ഒരുപോലെ പ്രകടമാക്കുന്ന മലയാളമെന്ന ഭാഷാസുന്ദരിയെ തങ്ങളുടെ വികലപ്രയോഗങ്ങളിലൂടെ അവഹേളിച്ചുകൊണ്ടിരിക്കുന്ന ഇന്നാട്ടിലെ 'അന്യഭാഷാ'ഭക്തന്മാർ, തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്താണെന്ന് വാസ്തവമായി ഒന്നു മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു! മാതൃഭാഷാവരം പോലും തങ്ങൾക്കു വേണ്ടെന്ന് പരോക്ഷമായി പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നവർ, അന്യഭാഷാവരം ദൈവം തങ്ങൾക്ക് നൽകിയിരിക്കുന്നുവെന്ന് അവകാശപ്പെടുന്നത് വാസ്തവത്തിൽ ലജ്ജാകരമാണ്. യാതൊരു തെറ്റും കൂടാതെ ഒരു ഭാഷ കൈകാര്യം ചെയ്യുവാൻ ആർക്കും സാധ്യമല്ലെങ്കിലും നമ്മുടെ മാതൃഭാഷയോട് അല്പം സ്നേഹവും ബഹുമാനവും പ്രകടമാക്കിക്കൊണ്ട് അത് കഴിയുന്നിടത്തോളം തെറ്റുകൂടാതെ കൈകാര്യം ചെയ്യുവാൻ നാം ശ്രമിക്കേണ്ടതാണ്; 'അന്യഭാഷ'യെ സ്നേഹിക്കുന്നവർ മാതൃഭാഷയെ അതിനേക്കാളധികം സ്നേഹിക്കുവാൻ കടപ്പാടുള്ളവരാണ്.



### അദ്ധ്യായം-4

# കൃപാവരങ്ങൾ

കർത്താവിന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവ് പല കൃപാവരങ്ങളും നല്കി; അതിന്റെ ഫലമായിട്ടാണ് ശക്തിയോടും ധൈര്യത്തോടും കൂടെ വചനം പ്രസംഗിക്കുവാനും വീര്യപ്രവൃത്തികൾ ചെയ്യുവാനും അനേകരെ രക്ഷയിലേക്കു നടത്തുവാനും അവർക്കു സാധിച്ചത്. കൃപാവരം എന്ന പദത്തിന് കൃപയാൽ ദൈവം ദാനമായി നൽകിയിരിക്കുന്ന വരം അഥവാ കഴിവ് എന്നാണർത്ഥം. പ്രയോജനമുള്ള ചില കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ആ കഴിവുകൾ ദൈവം തരുന്നത്; ദൈവം തരുന്ന കഴിവുകളിൽ (കൃപാവരങ്ങളിൽ) ഒന്നുപോലും കാര്യസാദ്ധ്യത (പ്രയോജനം) ഇല്ലാത്തതായി കാണപ്പെടുകയില്ല. ഒരു ശില്പിയുടെ കയ്യിലെ പണിയായുധങ്ങൾ പോലെയാണ് ഈ കൃപാവരങ്ങൾ. ശില്പിയുടെ പണിയായുധങ്ങൾ അയാളുടെ ജോലി ഭംഗിയായി നിർവ്വഹിക്കുന്നതിന് അയാളെ പ്രാപ്തിപ്പെടുത്തുന്നു. അതുപോലെ തന്നെ ദൈവമക്കൾക്കു നൽകപ്പെട്ടിരിക്കുന്ന കൃപാവരങ്ങൾ അവർ ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്ന ജോലികൾ നിർവ്വഹിക്കാൻ അവർക്കു പ്രാപ്തി നൽകുന്നു. ശില്പിയുടെ പണിയായുധങ്ങൾ ഒന്നും തന്നെ കാര്യസാദ്ധ്യത ഇല്ലാത്തവയല്ലാത്തതുപോലെ കർത്താവ്തന്റെ ദാസീദാസൻമാർക്ക് നൽകുന്ന കൃപാവരങ്ങളും കാര്യസാദ്ധ്യത ഇല്ലാത്ത നിഷ്പ്രയോജനവരങ്ങളല്ല.

## അന്നും ഇന്നും

അപ്പൊസ്തലികകാലത്ത് കർത്താവ് തന്റെ ശിഷ്യന്മാർക്കു നല്കിയിരുന്ന കൃപാവരങ്ങളിൽ വീര്യ പ്രവൃത്തികൾ, രോഗശാന്തി, പ്രവചനം, അന്യഭാഷ, അന്യഭാഷാവ്യാഖ്യാനം (തർജ്ജമ) ഇവയെല്ലാമുണ്ടായിരുന്നു. മരിച്ചുപോയ തബീഥയെ ഉയിർപ്പിക്കാനും (അപ്പൊ:പ്രവൃ: 9:36 -42) ജന്മനാ മുടന്തനായിരുന്നവനെ സൗഖ്യമാക്കാനും (അപ്പൊ:പ്രവൃ: 3:1-10) പത്രോസിനെ പ്രാപ്തിപ്പെടുത്തിയത് കർത്താവ് തനിക്കു നൽകിയ വീര്യപ്രവൃത്തികളുടെ വരമായിരുന്നു. തങ്ങൾക്കു ലഭിച്ചിരുന്ന വീര്യപ്രവൃത്തികളുടെ വരം പ്രത്യേക ദൈവാത്മപ്രേരണയനുസരിച്ചു മാത്രമേ അപ്പൊസ്തലന്മാർ ഉപയോഗിച്ചിരുന്നുള്ളു എന്നത് നാം പ്രത്യേകം ശ്രദ്ധിക്കണം. മരിച്ചവരെ ഉയിർപ്പിക്കാനുള്ള കഴിവ് ദൈവം പത്രോസിനു നൽകിയെങ്കിലും മരിച്ച എല്ലാവരെയും ഉയിർപ്പിക്കാൻ അദ്ദേഹം തുനിഞ്ഞില്ല. രക്തസാക്ഷിയായി മരിച്ച സ്തെഫാനോസിനെയോ (അപ്പൊ: പ്രവൃ: 7:59-60) യോഹന്നാന്റെ സഹോദരനായ യാക്കോബിനെയോ (അപ്പൊ: പ്രവൃ: 12:1-3) ഉയിർപ്പിക്കാൻ അദ്ദേഹം തുനിഞ്ഞില്ല. അപ്പൊസ്തലനായ പൗലോസിനെ ഉപയോഗിച്ച് പല വീര്യപ്രവൃത്തികളും (അപ്പൊ: പ്രവൃ: 20:7-12; 28: 3-6) കർത്താവ് ചെയ്തു; എന്നാൽ ഈ അത്ഭുതപ്രവൃത്തികൾ ചെയ്യാൻ താൻ നിയോഗിച്ച പൗലോസിന്റെ സ്വന്ത കണ്ണിനുണ്ടായിരുന്ന രോഗം കർത്താവു മാറ്റിക്കൊടുത്തില്ല (ഗലാത്യർ: 4:13-15). അതുപോലെ തന്നെ ത്രൊഫിമോസ് രോഗിയായിത്തീർന്ന



പ്പോൾ അവനെ സൗഖ്യമാക്കാതെ മിലേത്തിൽ രോഗിയായി വിട്ടേച്ചുപോകയാണ് പൗലോസ് ചെയ്തത്. (2 തിമോ: 4:20); അവിശ്വാസിയായിരുന്നുവെന്നു കരുതുവാൻ ന്യായമുള്ള പുബ്ളിയോസിന്റെ അപ്പനെ സൗഖ്യമാക്കുവാൻ കഴിഞ്ഞ (അപ്പൊ: പ്രവൃ: 28: 7-10) പൗലോസിനു വിശ്വാസിയായിരുന്ന ത്രൊഫിമോസിനെ സൗഖ്യമാക്കുവാൻ കഴിവില്ലായിരുന്നുവെന്നു ചിന്തിക്കുവാൻ ന്യായമില്ല. വീര്യപ്രവൃത്തികളുടെ വരവും രോഗശാന്തി വരവും എല്ലാം ദൈവാത്മാപ്രേരണയനുസരിച്ചു മാത്രമാണ് അപ്പൊസ്തലിക കാലത്ത് ഉപയോഗിക്കപ്പെട്ടതെന്നും ലോകത്തിലുള്ള സകല രോഗവും കഷ്ടവും ദുഃഖവും മരണവും ദൂരീകരിക്കുവാനുള്ള മാർഗ്ഗമായി ഈ വരങ്ങളെ ഉപയോഗിക്കുവാൻ ദൈവത്തിന് ഹിതമില്ലായിരുന്നു എന്നുമാണ് നാം മനസ്സിലാക്കേണ്ടത്.

വീര്യപ്രവൃത്തികളുടെ വരം അപ്പൊസ്തലന്മാർക്കുനല്കപ്പെട്ടതിന്റെയും എല്ലായ്പ്പോഴും ഈ വരം അവർ ഉപയോഗിക്കാതിരുന്നതിന്റെയും കാരണം ദൈവവചനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. മരണവും രോഗം മൂലമുള്ള കഷ്ടതകളും എല്ലാം ഇല്ലാതായിത്തീരുന്നത് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെട്ടുകഴിയുമ്പോഴായിരിക്കുമെന്ന് വെളിപ്പാട് 21:5-ൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ അർത്ഥം അതുവരെ ഭൂമിയിൽ രോഗവും, കഷ്ടതയും, മരണവും, ദുഃഖവും എല്ലാം ഉണ്ടായിരിക്കുമെന്നും, രോഗങ്ങൾ സൗഖ്യമാക്കുന്നതിനും മരിച്ചവരെ ഉയിർപ്പിക്കുന്നതിനും അപ്പൊസ്തലന്മാർക്കു കർത്താവ് കൃപ നല്കിയതിനു പിന്നിലെ

ലക്ഷ്യം, ഭൂമിയിലെ മനുഷ്യരെല്ലാവരുടെയും രോഗസൗഖ്യവും മരണത്തിൽനിന്നുള്ള വിടുതലും ആയിരുന്നില്ലെന്നുമാണ്. കർത്താവിന്റെ കല്പനകൾ സകല മനുഷ്യരെയും പഠിപ്പിക്കണമെന്ന് (മത്തായി 28: 18-20) അവർക്കു ലഭിച്ച ആജ്ഞയനുസരിച്ചു പ്രവർത്തിക്കുന്നതിന്, സുവിശേഷങ്ങളും ലേഖനങ്ങളും വെളിപ്പാടു പുസ്തകവും എഴുതേണ്ടത് ആവശ്യമായിരുന്നു. അവരെഴുതുന്ന ഈ പുസ്തകങ്ങൾ (പുതിയ നിയമം) ദൈവവചനം തന്നെയാണെന്ന് സംശയരഹിതമായി മനുഷ്യർക്കു ബോധ്യപ്പെടേണ്ടതും ഒരാവശ്യമായിരുന്നു. "കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും "? എന്ന് എബ്രായർ 2: 3-4 വാക്യങ്ങളിലും "അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു, കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" എന്ന് മർക്കോസ് 16: 20-ലും നാം വായിക്കുന്നു. നമ്മുടെ രക്ഷയുടെ വചനമാകുന്ന യേശുക്രിസ്തുവിന്റെ പുതിയനിയമം സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് ഉറപ്പിക്കപ്പെട്ടത് അതെഴുതിയ അപ്പൊസ്തലന്മാരിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിച്ച അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലുമായിരുന്നു എന്നാണ് ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടത്. അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും പിന്നിലെ പ്രധാനപ്പെട്ട ഉദ്ദേശ്യം വാസ്തവത്തിൽ രോഗസൗഖ്യമോ മരണത്തെ അതിജീവിക്കലോ ആയിരുന്നില്ല, പിന്നെയോ അപ്പൊസ്തലന്മാർ പ്രസ്താവിച്ച വചനങ്ങൾ സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് തെളിയിക്കുക എന്നതായിരുന്നു. അപ്പോൾ, പുതിയനിയമത്തിന്റെ എഴുത്ത് പൂർത്തിയാകുകയും അതു സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തു കഴിഞ്ഞ്, അടയാളങ്ങളും അത്ഭുതങ്ങളും വീര്യപ്രവൃത്തികളും പഴയതുപോലെ തുടർന്നും നടന്നു കൊണ്ടിരിക്കുന്നതിനു ന്യായമില്ലെന്നു വരുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നതിലൂടെ കാണപ്പെട്ട വീര്യപ്രവൃത്തികളുടെ വരം അപ്പൊസ്തലികകാലത്തിനു ശേഷം ആരിലും കാണപ്പെടാതിരിക്കുന്നതിന്റെ കാരണം ഇവിടെ നാം കാണുന്നു. ( പത്രോസ് തബീഥയെ ഉയിർപ്പിച്ചതുപോലെ മരിച്ച ആരെയും പിൽക്കാലത്ത് ആരും ഉയിർപ്പിച്ചിട്ടില്ല). "പ്രവചനവരമോ, അതു നീങ്ങിപ്പോകും, ഭാഷാവരമോ, അതു നിന്നുപോകും" എന്ന് I കൊരിന്ത്യർ 13:8-ൽ പറഞ്ഞിരിക്കുന്നതിന്റെ കാരണമെന്താണെന്ന് ഈ പശ്ചാതലത്തിൽ ചിന്തിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നു. ദൈവവചന സത്യങ്ങൾ വിശദീകരിച്ചു സംസാരിക്കാനുള്ള കഴിവ് എന്ന അർത്ഥത്തിലുള്ള പ്രവചനവരം കർത്താവിന്റെ വീണ്ടും വരവുവരെ നിലനിൽക്കുമെന്നും ഈ പ്രവചനവരം ധാരാളമായി ലഭിക്കുവാൻ നാം ആഗ്രഹിക്കണമെന്നും വചനത്തിൽ പറഞ്ഞിരിക്കുന്നു, അതെസമയം ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ വെളിപ്പെടുത്താനുള്ള കഴിവ് എന്ന അർത്ഥത്തിലുള്ള പ്രവചനവരം നീങ്ങി

പ്പോയിരിക്കുന്നുവെന്ന് വെളിപ്പാട് 22: 6-7, 22: 18-19 എന്നീ വേദഭാഗങ്ങളിൽ നാം വായിക്കുന്നു. ഭാഷാവരം നിന്നു പോകാൻ ദൈവം ഇടയാക്കിയതിന്റെ കാരണം അല്പം ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും.

യിസ്രായേൽ ജനം മരുഭൂമിയിലൂടെ സഞ്ചരിച്ച കാലത്ത്, കൃഷി ചെയ്തു ധാന്യം വിളയിക്കാൻ അവർക്കു സാധ്യമല്ലാത്തതിനാൽ ആകാശത്തു നിന്ന് ദൈവം അവർക്കു മന്നാ വർഷിപ്പിച്ചു കൊടുത്തു (പുറപ്പാട് 16: 4-18); എന്നാൽ അവർ കനാൻ നാട്ടിലെത്തി ദേശം കൃഷി ചെയ്തു ധാന്യം വിളയിച്ചു കഴിഞ്ഞയുടൻ മന്നാ നിന്നുപോകയും ചെയ്തു (യോശുവ: 5: 11-12). അതിനുശേഷം ദൈവവചനം എത്രത്തോളം അവർ അനുസരിക്കുമോ അത്രത്തോളം അവരുടെ കൃഷിഫലത്തെ അനുഗ്രഹിക്കും എന്നാണ് ദൈവം അരുളിച്ചെയ്തത് (ആവർത്തനം 30:9). ഇതുപോലെതന്നെ സാമാന്യവിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന ഗലീലിക്കാരായ ശിഷ്യന്മാരെ ഉപയോഗിച്ച് സുവിശേഷം വിവിധ ദേശക്കാരെ അറിയിക്കുന്നതിനായി ദൈവം അവർക്ക് അന്യഭാഷാവരം നല്കി; സ്വദേശികളും വിദേശികളുമായ അനേകം ആളുകൾ സുവിശേഷം മനസ്സിലാക്കി യേശുവിൽ വിശ്വസിക്കുകയും വിവിധ രാജ്യങ്ങളിൽ നിരവധി പ്രാദേശിക സഭകൾ രൂപം കൊള്ളുകയും ചെയ്തുകഴിഞ്ഞപ്പോൾ, അന്യഭാഷാവരം തുടർന്നു നല്കേണ്ട ആവശ്യമില്ലെന്നു ദൈവം കണ്ടു; അതു നിർത്തിക്കളയുകയും ചെയ്തു. യിസ്രായേൽ ജനം കനാൻ നാട്ടിലെത്തി കൃഷിഫലം അനുഭവിക്കാൻ തുടങ്ങിയപ്പോൾ ദൈവം



അവർക്കു മന്നാ നിർത്തിക്കളഞ്ഞതുപോലെ തന്നെയുള്ള ഒരു പ്രവൃത്തിയാണിത്. മന്നാ നിർത്തിയതിനുശേഷവും തന്റെ കല്പനകളെ അനുസരിക്കുന്നതിന്റെ ഫലമായി കൃഷിഫലത്തെ ദൈവം അനുഗ്രഹിച്ചു നൽകിക്കൊണ്ടിരുന്നതുപോലെ, അന്യഭാഷാവരം നിർത്തിക്കളഞ്ഞതിനുശേഷവും, തന്റെ ഹിതപ്രകാരം സുവിശേഷഘോഷണം നടത്തുന്ന ദൈവദാസൻമാരുടെ ഭാഷാപഠനത്തിൽ ദൈവം അവരെ പ്രത്യേകമായി ഇന്നും അനുഗ്രഹിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഹെർമ്മൻ ഗുണ്ടർട്ട് എന്ന ജർമ്മൻ മിഷനറി കേരളത്തിൽ വന്ന് മലയാള ഭാഷയ്ക്ക് വ്യാകരണഗ്രന്ഥവും, നിഘണ്ടുവും രചിച്ചതും ആധുനികമിഷനറി പ്രസ്ഥാനത്തിന്റെ പിതാവായ വില്യം ക്യേറിയ്ക്ക് ആകെ മുപ്പത്താറ് ഭാരതീയ ഭാഷകളിൽ ബൈബിൾ ഭാഗികമായും പൂർണ്ണമായും വിവർത്തനം ചെയ്യാൻ കഴിഞ്ഞതും ഇതു നിമിത്തമായിരുന്നു. ഹെർമ്മൻ ഗുണ്ടർട്ടിന് കർത്താവ് അന്യഭാഷാവരം നല്കുകയാണ് ചെയ്തിരുന്നത് എങ്കിൽ അദ്ദേഹത്തിനു മലയാളം പഠിക്കേണ്ട ആവശ്യമോ മലയാള ഭാഷയ്ക്ക് വ്യാകരണഗ്രന്ഥം രചിക്കേണ്ട ആവശ്യമോ, നിഘണ്ടു രചിക്കേണ്ട ആവശ്യമോ ഉണ്ടാകുമായിരുന്നില്ല, അദ്ദേഹം അന്യഭാഷാവരമുപയോഗിച്ച് ആളുകളോട് മലയാളത്തിൽ ദൈവവചനം സംസാരിക്കുക മാത്രം ചെയ്ത് തന്റെ ആയുസ്സ് കഴിച്ചേനേ. അദ്ദേഹത്തിന് ദൈവം അന്യഭാഷാവരം കൊടുക്കാതിരുന്നത് മലയാളഭാഷയുടെ വികസനത്തിനും ബൈബിൾസാഹിത്യ രചനയ്ക്കും വഴിയൊരുക്കി. ലോകത്തിൽ നിലവിലിരിക്കുന്ന ഇന്നത്തെ ഭാഷകളുടെ വികസനചരിത്രം

പരിശോധിച്ചാൽ, ദൈവവചനം പഠിപ്പിക്കാൻ ശ്രമിച്ച മിഷനറിമാരുടെ പരിശ്രമത്തിന്റെ ഫലമായിട്ടു തന്നെയാണ് ആ ഭാഷകളിൽ പലതിനും ലിപി ഉണ്ടായതും വ്യാകരണ ഗ്രന്ഥങ്ങൾ ഉണ്ടായതും നിഘണ്ടുകൾ ഉണ്ടായതും എന്നു തന്നെയാണ് നാം കണ്ടെത്തുന്നത്. മിഷനറിമാർക്ക് ദൈവം അന്യഭാഷാവരം കൊടുത്തിരുന്നുവെങ്കിൽ, അവർക്ക് ഈ ഭാഷകൾ പഠിച്ച് ലിപിയും വ്യാകരണവും നിഘണ്ടുവും ഒന്നും ഉണ്ടാക്കേണ്ടി വരുമായിരുന്നില്ല; ഭാഷാവരം ഉപയോഗിച്ച് സുവിശേഷം പ്രസംഗിക്കുക മാത്രമേ അവർക്കു ചെയ്യേണ്ടി വരുമായിരുന്നുള്ളു. അപ്പൊസ്തലികകാലത്ത് ദൈവം നൽകിയിരുന്ന ഭാഷാവരം I കൊരിന്ത്യർ 13:18 പ്രകാരം നിർത്തിക്കളഞ്ഞത് ലോകത്തിലുള്ള വിവിധ ഭാഷകളുടെ വികസനത്തിനു മുഖാന്തരമായിതീർന്നുവെന്ന് ലോകത്തിലെ ഭാഷകളുടെ ചരിത്രം സാക്ഷിക്കുന്നു.ഈ നന്മ തന്റെ ദിവ്യജ്ഞാനത്തിൽ ദൈവം കണ്ടിരുന്നതു കൊണ്ടാണ്, അപ്പൊസ്തലികകാലത്ത് നല്കിയിരുന്ന ഭാഷാവരം പിൽക്കാലത്തു ഉണ്ടായിരിക്കുകയില്ലെന്ന് അരുളിച്ചെയ്തത്. ഭാഷാവരം കർത്താവ് അപ്പൊസ്തലികകാലത്ത് നല്കിയത് അന്നത്തെ സാഹചര്യത്തിൽ യിസ്രായേലിന് മരുഭൂമിയിൽ മന്നാ നല്കിയതുപോലെ നന്മയ്ക്ക് മുഖാന്തരമായിരുന്നു; അപ്പൊസ്തലികകാലത്തിനു ശേഷം ദൈവം ഭാഷാവരം നിർത്തിക്കളഞ്ഞത്, മറ്റൊരു വിധത്തിൽ നന്മയ്ക്കുമുഖാന്തരമായിത്തീർന്നുവെന്നും നാം കാണുന്നു.

ഇതോടുള്ള ബന്ധത്തിൽ ഒരു കാര്യം നാം



പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇക്കാലത്ത് ഒരു വരം നിലവിലിരിക്കുന്നില്ല എന്നതുകൊണ്ട്, ആ പ്രത്യേക കഴിവ് ആരിലെങ്കിലും ഉളവാക്കുവാൻ ദൈവത്തിനു അധികാരം ഇല്ല എന്നു നാം വിചാരിക്കാൻ പാടില്ല. മൃഗങ്ങൾക്ക് സംസാരിക്കാനുള്ള വരം (കഴിവ്) ദൈവം കൊടുത്തില്ല, ശരിയാണ്; എന്നാൽ കഴുതയെക്കൊണ്ട് ദൈവം ബിലയാമിനോട് സംസാരിപ്പിച്ചു എന്ന് സംഖ്യാപുസ്തകം 22:28 ൽ നാം വായിക്കുന്നു. “ഭാഷാവരമോ അത് നീങ്ങിപ്പോകും” എന്ന വചനസത്യം ഭാഷാസംബന്ധമായി ദൈവത്തിനുള്ള അധികാരത്തെയോ ശക്തിയെയോ വെട്ടിച്ചുരുക്കുന്ന ഒരു പ്രമാണമാണ് എന്നു നാം ചിന്തിക്കാൻ പാടില്ല. ഏത് അത്ഭുതവും ഏതു സ്ഥലത്തും ഏതു സാഹചര്യത്തിലും പ്രവർത്തിക്കാനുള്ള ദൈവത്തിന്റെ അധികാരം യാതൊരുവിധത്തിലും പരിമിതപ്പെടുകയില്ല എന്ന സത്യം നാം ഓർക്കേണ്ടതാണ്. ഇക്കാലത്ത് അപ്പൊസ്തലിക കാലത്തെപ്പോലെ വിശ്വാസികൾക്ക് ഭാഷാവരം നൽകുന്നതിനു ദൈവത്തിനു ഹിതമില്ല എന്നു മാത്രമാണ് [ദൈവത്തിനു കഴിവില്ലെന്നോ അധികാരമില്ലെന്നോ അല്ല] നാം ചിന്തിക്കേണ്ടത്. നമുക്ക് ആവശ്യമെന്നും പ്രയോജനകരമെന്നും കാണുന്ന ഏതു കഴിവും നമ്മുടെ പിതാവായ ദൈവത്തോട് ചോദിക്കാനും വാങ്ങിക്കാനുമുള്ള ( ദൈവേഷ്ടമെങ്കിൽ) സ്വാതന്ത്ര്യം ദൈവം നമുക്ക് തന്നിട്ടുണ്ട്. ഫിലിപ്യർ 4:6-7 വാക്യങ്ങൾ പ്രകാരം, ആവശ്യമെന്ന് നമ്മുടെ ദൃഷ്ടിയിൽ ഇരിക്കുന്ന ഏതു കാര്യത്തിനായും സ്തോത്രത്തോടുകൂടെ ദൈവത്തോട് അപേക്ഷിക്കുന്ന

തിനും വാങ്ങുന്നതിനും നമുക്ക് അവകാശമുണ്ട് എന്ന കാര്യം നാം മറക്കരുത്.

അപ്പൊസ്തലന്മാർ സംസാരിച്ചതു സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് ഉറപ്പിക്കുന്നതിനുവേണ്ടി കർത്താവ് അവർ മുഖേന അനേകം വീര്യപ്രവൃത്തികളും അത്ഭുതങ്ങളും ചെയ്തുവെന്നും അവർ രേഖാമൂലം നമുക്ക് നല്കിയിരിക്കുന്ന ബൈബിൾ പുതിയനിയമം ദൈവവചനമാണെന്ന് അന്നത്തെപ്പോലെ ഇന്നു തെളിയിക്കേണ്ട ആവശ്യമില്ലെന്നും നാം കണ്ടു. അതുകൊണ്ട് ഇക്കാലത്ത് യാതൊരു അത്ഭുതവും ദൈവം നമുക്കു വേണ്ടി പ്രവർത്തിക്കുകയില്ല എന്നുചിന്തിക്കുവാൻ ന്യായമില്ല. ദൈവം സർവ്വശക്തനായതുകൊണ്ടും നമ്മെ സ്നേഹിക്കുന്നവനായതുകൊണ്ടും നമുക്കുവേണ്ടി തനിക്ക് പ്രസാദകരമായ അത്ഭുതങ്ങൾ ഇക്കാലത്തും ചെയ്യും; നമുക്ക് വാസ്തവമായി നന്മ ചെയ്യുന്നവ എന്ന് ദൈവം കാണുന്നുവെങ്കിൽ മാത്രമേ അവ ചെയ്യുകയുള്ളു എന്നാണ് നാം മനസ്സിലാക്കേണ്ടത്. അപ്പൊസ്തലനായ പൗലോസിന് വളരെ വേദന ഉളവാക്കിക്കൊണ്ടിരുന്ന ഏതോ ഒരു രോഗം ശരീരത്തിലുണ്ടായിരുന്നു എന്നും അത് മാറ്റിത്തരേണം എന്ന് അദ്ദേഹം കർത്താവിനോട് അപേക്ഷിച്ചെങ്കിലും മാറ്റിക്കൊടുക്കുന്നത് വാസ്തവത്തിൽ നന്മയായിരിക്കുകയില്ല എന്ന് കർത്താവ് കണ്ടതിനാൽ ആ അപേക്ഷ സ്വീകരിക്കപ്പെട്ടില്ല എന്ന് 2 കൊരിന്ത്യർ 12:7-9 വരെ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പൗലോസ് തന്റെ രോഗസൗഖ്യത്തിനു വേണ്ടി കഴിച്ച



അപേക്ഷ കർത്താവു സ്വീകരിക്കാഞ്ഞതിനാൽ ഇക്കാലത്ത് രോഗസൗഖ്യത്തിനായി ആരു പ്രാർത്ഥിച്ചാലും പ്രയോജനമുണ്ടാകയില്ല എന്നു പറയാൻ ന്യായമുണ്ടോ? ഒരിക്കലുമില്ല, പൗലോസിന്റെ അപേക്ഷ കർത്താവ് നിരസിച്ചത് ഒരു പ്രത്യേക കാരണത്താലായിരുന്നു എന്ന് ആ വേദഭാഗത്തു നാം വായിക്കുന്നു. കൃപാവരങ്ങളുടെ കൂട്ടത്തിൽ രോഗശാന്തിവരം ഉണ്ടെന്ന് Iകൊരിന്തൂർ 12:30-ൽ നിന്നു വ്യക്തമാണ്; നീങ്ങിപ്പോകുമെന്നുപറഞ്ഞിട്ടുള്ള വരങ്ങളുടെ കൂട്ടത്തിൽ രോഗശാന്തിവരം കാണുന്നുമില്ല. അതിനാൽ രോഗശാന്തിവരം സഭായുഗം അവസാനിക്കുന്നതുവരെയും നിലനില്ക്കുന്ന വരം ആണെന്ന് നാം മനസ്സിലാക്കണം. എന്നാൽ ഈ വരം ദൈവവചനം വിശദീകരിച്ചു സംസാരിക്കുന്നതിനുള്ള കഴിവാകുന്ന പ്രവചനവരം (Iകൊരിന്ത്യർ 14:1 -2) പോലെ, ലഭിക്കണമെന്നു നാം അതിയായി ആഗ്രഹിക്കേണ്ട ഒരു ശ്രേഷ്ഠവരമാണ് എന്ന് വചനത്തിൽ പറയുന്നില്ല; കാരണം വചനസത്യങ്ങൾ വിശദീകരിച്ചു സംസാരിക്കാൻ നമ്മെ പ്രാപ്തിപ്പെടുത്തുന്ന പ്രവചനവരം ഒരു മനുഷ്യാത്മാവിന് പാപമോചനവും നിത്യജീവനും ലഭ്യമാക്കി കൊടുക്കുമ്പോൾ, രോഗശാന്തിവരം ഒരു മനുഷ്യന് ശാരീരികരോഗത്തിൽ നിന്നുള്ള ഒരു താല്ക്കാലിക വിടുതൽ ലഭ്യമാക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളു. അതിനാൽ ഏറ്റവും ശ്രേഷ്ഠമായ കൃപാവരം, മനുഷ്യർക്കു നിത്യരക്ഷ ലഭ്യമാക്കി കൊടുക്കുകയും അവർക്ക് ആത്മിക വർദ്ധന വരുത്തി കൊടുക്കുകയും ചെയ്യുന്ന, വചനസത്യങ്ങൾ വിശദീകരിച്ചു സംസാരി

ക്കാനുള്ള കഴിവ് ആകുന്ന പ്രവചനവരം തന്നെയാണെന്ന് നാം ഓർക്കണം. ഈ വരം നമ്മിൽ ധാരാളമായി കാണപ്പെടേണ്ടതിനായി നാം വളരെ പ്രാർത്ഥിക്കേണ്ടതാണ്,

കൃപാവരങ്ങളോടുള്ള ബന്ധത്തിൽ നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ടകാര്യം ദൈവാത്മാവ് തന്റെ ഇച്ഛ അനുസരിച്ച് അവ വിശ്വാസികൾക്ക് പകുത്തു കൊടുക്കുന്നു എന്നതാണ് (Iകൊരിന്ത്യർ 12:11). ഏതെങ്കിലും ഒരു പ്രത്യേക കൃപാവരം നമുക്ക് വേണമെന്ന് ആഗ്രഹിച്ചുകൊണ്ട് അതിനായി പ്രാർത്ഥിക്കുന്നതിൽ തെറ്റൊന്നുമില്ലെങ്കിലും വിശ്വാസികളുടെ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്ക് ഉതകുന്ന തരത്തിലാണ് ദൈവാത്മാവ് വിശ്വാസികൾക്ക് ഓരോരോ കൃപാവരങ്ങൾ നല്കുന്നതെന്ന് Iകൊരിന്തൂർ 12:7-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ നമ്മുടെ ആഗ്രഹങ്ങൾ അനുസരിച്ചുള്ള കൃപാവരങ്ങൾ എല്ലാം നമുക്ക് ലഭിക്കുന്നില്ല എങ്കിലും അതിന്റെ പേരിൽ നാം വിഷമിക്കേണ്ട ആവശ്യമില്ല; നമുക്ക് നൽകുവാൻ കർത്താവ് പ്രസാദിച്ചിട്ടുള്ള കൃപാവരങ്ങളിൽ തൃപ്തിപ്പെടുകയും അവ ജ്വലിപ്പിക്കുവാൻ (IIതിമോഥെയോസ് 1:6) നാം ശ്രമിക്കുകയുമാണ് വേണ്ടത്. കൃപാവരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർത്താവിന്റെ വേല ചെയ്യുന്നതിന്റെ ഫലമായിട്ടാണ് അവ ജ്വലിച്ച് പ്രകാശിക്കുന്നത്. അപ്പൊസ്തലനായ പൗലോസിന്റെ മിഷണറിയാത്രകളിൽ കാണുന്ന അനുഭവങ്ങൾ ഈ സത്യം വ്യക്തമായി തെളിയിക്കുന്നു.



## കൃപാവരങ്ങൾക്കുള്ള തടസ്സങ്ങൾ

അപ്പൊസ്തലനായ പൗലോസിന്റെ 'ജഡത്തിലെ ശൂലം' (കഠിന വേദനയുളവാക്കുന്ന അസുഖം) കർത്താവ് മാറ്റി കൊടുക്കാഞ്ഞത് വെളിപ്പാടുകളുടെ ആധിക്യത്താൽ താൻ നിഗളിച്ചു പോകാതിരിക്കേണ്ടതിനായിരുന്നു എന്ന് IIകൊറിന്തൂർ 12:7-ൽ നാം കാണുന്നു. രോഗശാന്തിവരം നീങ്ങിപ്പോയിട്ടില്ലാത്ത വരം ആണെങ്കിലും ഈ വരം യഥാർത്ഥത്തിൽ ഉള്ളവർ ഇന്ന് ക്രിസ്തീയ ലോകത്തിൽ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമുക്ക് ഈ വരം കർത്താവ് തന്നാൽ നാം കർത്താവിനെക്കാളും വലിയവർ ആണെന്നു ഭാവിച്ച് അഹങ്കരിച്ചുപോകും എന്നതായിരിക്കാം ഇക്കാലത്ത് ഈ വരം തീരെ കാണാതിരിക്കുന്നതിന്റെ കാരണം. പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹവും സൗമ്യതയും വിനയവും നമ്മിൽ വേണ്ടത്ര ഇലാതിരുന്നാൽ കൃപാവരങ്ങൾ നമ്മിലേക്ക് പകരപ്പെടുകയില്ല. നമ്മിലുള്ള പൊങ്ങച്ചം പറയുന്ന സ്വഭാവവും സ്ഥാനമാന മോഹങ്ങളും ഒക്കെ കൃപാവരങ്ങൾ നമ്മിലേക്ക് പകരപ്പെടുന്നത് തടസ്സപ്പെടുത്തുന്നു. ആത്മാവിനെ അനുസരിച്ചുകൊണ്ട് ചിന്തിക്കുകയും, സംസാരിക്കുകയും പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ ആത്മ വരങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നമുക്ക് ദുരീകരിക്കാൻ സാധിക്കും.

## ആഗ്രഹിക്കേണ്ട അത്ഭുതം

"എനിക്കു രോഗശാന്തിവരവും വീര്യപ്രവൃത്തികളുടെ

വരവും ഉണ്ടായിരുന്നെങ്കിൽ ഞാൻ അനേകർക്ക് നന്മ ചെയ്തേനെ എന്ന് ചിന്തിക്കുന്ന പ്രകൃതമാണ് നമുക്കുള്ളത്. നമ്മുടെ 'സ്വയ' ത്തിനു മഹത്വം കിട്ടുന്നതിനുപകരിക്കുന്ന കൃപാവരങ്ങളാണ് നമുക്ക് ഇഷ്ടം; ദൈവത്തിനു മഹത്വം നേടിക്കൊടുക്കുകയും മറ്റുള്ളവരുടെ ഹൃദയങ്ങളെ ദൈവവചനത്താൽ ശോഭിതമാക്കുകയും ചെയ്യാൻ ഉപകരിക്കുന്ന കൃപാവരങ്ങളോട് വിശ്വാസികളിൽ പലർക്കും വലിയ താല്പര്യമില്ല. 'അത്ഭുതകരമായ കഴിവു ലഭിച്ചവൻ' എന്ന് മറ്റുള്ളവർ നമ്മെക്കുറിച്ചു ചിന്തിക്കുവാൻ ഇടവരുത്തുന്ന 'വര'ങ്ങളാണ് നമുക്കു വേണ്ടത്. അവലംബിക്കുന്നതിനു വേണ്ടി വചനത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ഏത് അബദ്ധം ആരു പറഞ്ഞാലും അനുസരിക്കാനുള്ള ജഡികപ്രേരണ നമ്മിലുണ്ടാകുകയും ചെയ്യുന്നു; ഇല്ലാത്ത കഴിവ് കിട്ടിയെന്നു ഭാവിക്കാനും നാം ശ്രമിക്കുന്നു. അത്യന്തം നിർഭാഗ്യകരമായ ഈ അവസ്ഥ നിമിത്തം വഞ്ചകൻമാരായ പല ആളുകൾ ക്രിസ്തീയവിശ്വാസികളെ പലവിധത്തിൽ പീഡിപ്പിക്കാൻ ഇടയാകുന്നു; യേശുവിനെ അന്വേഷിച്ചുകൊണ്ട് പട്ടാളക്കാരും ചേവകരും വരികയും "അത് ഞാൻ തന്നേ "എന്ന് യേശു പറഞ്ഞപ്പോൾ അവർ നിലത്തു വീണുപേവുകയും ചെയ്തതായി യോഹന്നാൻ 18:6-ൽ പറഞ്ഞിരിക്കുന്നതിന്റെ അനുകരണമെന്നോണം ഇക്കാലത്തു ചിലർ ക്രിസ്തീയ മീറ്റിംഗുകളിൽ 'ഊതിവീഴ്ത്തൽ' 'നോക്കിവീഴ്ത്തൽ' തുടങ്ങിയ വൈകൃതങ്ങൾ പ്രദർശിപ്പിച്ചു കൊണ്ട് തങ്ങൾ ഏതാണ്ട് ക്രിസ്തുവിനോളം തന്നെ മഹാത്മ്യം ഉള്ളവരാണെന്നു ഭാവിക്കു



ന്നു. ഇവരുടെ "ഊത്തും" "നോട്ടവും" ഏറ്റു വീഴാൻ തയ്യാറാകുന്നവർക്കു "ഹാ കഷ്ടം" എന്നല്ലാതെ മറ്റെന്തു പറയാൻ! കൃപാവരങ്ങളുടെ പേരിൽ അത്ഭുതങ്ങൾ കാണാനും കാണിക്കാനുമുള്ള ജഡികപ്രേരണ നിമിത്തമുണ്ടാകുന്ന നിരവധി ദോഷങ്ങൾക്ക് ഉദാഹരണങ്ങളാണിവയെല്ലാം.

നാം വാസ്തവമായി ആഗ്രഹിക്കേണ്ട അത്ഭുതം ഏതാണെന്ന് 2 കൊരിന്തൂർ 5:17-ൽ പറഞ്ഞിട്ടുണ്ട്. "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു" എന്നാണ് ഈ വാക്യത്തിൽ നാം വായിക്കുന്നത്. ജഡത്തിന്റെ പ്രവൃത്തികളായ ദുർനന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കുത്ത് മുതലായവ ഒട്ടുമില്ലാത്തവരും, സ്നേഹവും സന്തോഷവും സമാധാനവും ദീർഘക്ഷമയും, ദയയും, പരോപകാരവും, വിശ്വസ്തതയും, സൗമ്യതയും, ഇന്ദ്രിയജയവും (ഗലാത്യർ 5:19-23) സ്വഭാവത്തിൽ ധാരാളമായി പ്രകടമാക്കുന്ന, ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യരായി നാം കാണപ്പെടുമ്പോഴാണ് ദൈവം വാസ്തവമായി ആഗ്രഹിക്കുന്ന അത്ഭുതം നമ്മിൽ സംഭവിക്കുകയും ആ അത്ഭുതം പ്രവർത്തിക്കുന്ന വരായി നാം തീരുകയും ചെയ്യുന്നത്. ഫലപ്രദമായ വിധത്തിലുള്ള ലോകസുവിശേഷീകരണം ഇന്ന് നടക്കുന്നതിനും പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന അനേകർ ദൈവവചനത്തിന്റെ അത്ഭുതപ്രകാശം കാണാൻ ഇടവരുത്തുന്ന

തിനും മുഖാന്തരമായിത്തീരാൻ പോകുന്ന അത്ഭുത മാണിത്. ഈ അത്ഭുതം പ്രവർത്തിക്കുവാനുള്ള പ്രാപ്തി നമുക്ക് ലഭിക്കുന്നതിന് 'കാത്തിരുപ്പു പ്രാർത്ഥന' അല്ല ആവശ്യമായിരിക്കുന്നത്; ദൈവാത്മാവിനെ അനുസരിക്കുന്നതിനുള്ള അഥവാ ദൈവവചനം നമ്മിൽ വസിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നല്ല മനസ്സും സത്യസന്ധതയും ആണ് ആവശ്യം. ഈ നല്ല മനസ്സ് നമുക്കുണ്ടാ യാൽ അദൃശ്യനായ ദൈവത്തെ ലോകത്തിനു ദൃശ്യമാക്കിക്കൊടുക്കുന്ന ടെലിവിഷനുകളായി നാം രൂപാന്തരപ്പെടും; ഈ അത്ഭുതപ്രവൃത്തി ചെയ്യുവാനുള്ള അധികാരവും കൃപയും ക്രിസ്തീയ വിശ്വാസികളായ നമുക്ക് ദൈവം തന്നിരിക്കുകയാണ്; നാം ചെയ്യണമെന്ന് അതിയായി ആഗ്രഹിക്കേണ്ടത് മനസ്സ് പുതുക്കി രൂപാന്തരപ്പെടുക - (റോമർ 12:1-2) എന്ന ഈ അത്ഭുതപ്രവൃത്തി തന്നെയാണ്, സംശയമില്ല.



### അദ്ധ്യായം 5

# ചോദ്യങ്ങളും ഉത്തരങ്ങളും

പരിശുദ്ധാത്മസ്നാനം, അഭിഷേകം മുതലായ കാര്യങ്ങൾ സംബന്ധിച്ച് പലർക്കും പല സംശയങ്ങളും ഉണ്ട്; മുൻ അദ്ധ്യായങ്ങൾ ശ്രദ്ധിച്ചുവായിച്ച ഒരാൾക്ക് പല സംശയങ്ങളും മാറിയിട്ടുണ്ടാകും; എന്നാൽ ആ അദ്ധ്യായങ്ങളിൽ വേണ്ടത്ര വിശദീകരിച്ചിട്ടില്ലാത്ത ചിലകാര്യങ്ങൾ താഴെ തന്നിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ വിശദീകരിച്ചിരിക്കുന്നു.

**ചോദ്യം 1 :** രോഗശാന്തിവരം നീങ്ങിപ്പോയിട്ടില്ലെങ്കിൽ ഇന്ന് രോഗത്തിന് ചികിത്സ ചെയ്യേണ്ട ആവശ്യമുണ്ടോ?

**ഉത്തരം :** രോഗചികിത്സയ്ക്കാവശ്യമായ വസ്തുക്കൾ സൃഷ്ടിച്ചത് ദൈവമാണ്; അതിനാൽ ആ വസ്തുക്കൾ മുഖാന്തരം ലഭിക്കുന്ന സൗഖ്യവും യാതൊരു മരുന്നും ഉപയോഗിക്കാതെ ദൈവം നൽകുന്ന അത്ഭുത സൗഖ്യവും - രണ്ടുതരത്തിലുള്ള സൗഖ്യവും - ദൈവത്തിൽ നിന്നാണ് ലഭിക്കുന്നത്. യിസ്രായേലിന് ആകാശത്തുനിന്ന് വർഷിച്ചുകിട്ടിയ മന്നയും കനാൻ നാട്ടിൽ കൃഷിചെയ്തതിന്റെ ഫലമായി ലഭിച്ച ധാന്യവും - രണ്ടുതരത്തിലുള്ള ഭക്ഷണവും - ദൈവമാണ് നൽകിയത്; ഏലിയാവിന് ദൈവദൂതൻ മുഖാന്തരം കൊടുത്ത ഭക്ഷണവും (I രാജാക്കന്മാർ 19:5-8) സാരെഫാത്തിലെ വിധവ മുഖാന്തരം കൊടുത്ത ഭക്ഷണവും (I രാജാ: 17:4)

എല്ലാം ദൈവമായിരുന്നു വാസ്തവത്തിൽ നൽകിയത്. ഒരുകാര്യം ചെയ്യുന്നതിന് ദൈവം ഒരു മുഖാന്തരം തന്നിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നതിൽ യാതൊരു തെറ്റുമില്ല, അത് ഉപയോഗിക്കുകയാണ് വേണ്ടത്. ദാവീദ് ഗോല്യാത്തിനെ പരാജയപ്പെടുത്താൻ കല്ല് ഉപയോഗിച്ചതിനാൽ അന്ന് ഫെലിസ്ത്യർക്കെതിരെ യിസ്രായേലിന് വിജയം നൽകിയത് ദൈവമല്ലായിരുന്നു എന്ന് നാം പറഞ്ഞുകൂടാ; കല്ലു മുഖാന്തരം നൽകപ്പെട്ട വിജയം ദൈവത്തിൽ നിന്നാണ് കിട്ടിയത്; അത്തരത്തിലുള്ള യാതൊരു മുഖാന്തരവും ഉപയോഗിക്കാതെ മിസ്രായീമ്യരുടെ ഭവനങ്ങളിലെ ആദ്യജാതന്മാരെയെല്ലാം സംഹാരദൂതൻ മുഖേന കൊന്നുകളഞ്ഞതിലൂടെ നൽകപ്പെട്ട വിജയവും ദൈവത്തിൽ നിന്നു തന്നെയായിരുന്നു ലഭിച്ചത്.

യാക്കോബ് 5:13-16; ഫിലിപ്പ്യർ 4:6-7; I പത്രോസ് 5:7; I യോഹന്നാൻ 5:14 തുടങ്ങിയ വേദഭാഗങ്ങൾ അനുസരിച്ച് ചിന്തിക്കുമ്പോൾ നമുക്ക് രോഗമുണ്ടായാൽ, നമ്മിൽ വല്ല പാപവും വന്നുപോയതു നിമിത്തം ദൈവം അനുവദിച്ച ഒരു ശിക്ഷയാണോ അതെന്ന് വചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കേണ്ടത് ഒരാവശ്യമാണ്; പരിശോധിക്കു മ്പോൾ വല്ല പാപവും ഉണ്ടായി എന്ന് വചനത്തിലൂടെ ദൈവാത്മാവ് വെളിപ്പെടുത്തിത്തന്നാൽ അത് ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് ക്ഷമയ്ക്കായി അപേക്ഷിച്ചശേഷമാണ് സൗഖ്യത്തിനായി പ്രാർത്ഥിക്കേണ്ടത്. പാപത്തിന്റെ ശിക്ഷയായി ചില രോഗങ്ങൾ ഉണ്ടാകാൻ ദൈവം അനുവദിച്ചെന്നു വരാമെങ്കിലും മിക്ക രോഗങ്ങളും



അങ്ങനെ സംഭവിക്കുന്നവയല്ല എന്ന് ചിന്തിക്കാനാണ് വചനത്തിൽ ന്യായം കാണുന്നത്. പിറവിയിലെ കുരുടനായിരുന്ന ഒരു മനുഷ്യന്റെ കാര്യം ശിഷ്യന്മാർ യേശുവിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ യേശു അവരോടു പറഞ്ഞത്, അവന് ആ ദൗർഭാഗ്യം ദൈവം അനുവദിച്ചത് ആരുടെയും പാപംനിമിത്തം ആയിരുന്നില്ല, പിന്നെയോ ദൈവപ്രവൃത്തി അവനിൽ വെളിവാകേണ്ടതിനു വേണ്ടിയാണ് എന്നായിരുന്നു (യോഹന്നാൻ 9:1-7). ഈ കുരുടനെ യേശു സൗഖ്യമാക്കുവാൻ ഒരു മുഖാന്തരം ഉപയോഗിച്ചതായും നാം കാണുന്നു; തുപ്പൽകൊണ്ട് യേശു നിലത്ത് ചേറുണ്ടാക്കി; ആ ചേറ് ഒരു മരുന്നുപോലെ കണ്ണിന്മേൽ പുരട്ടിയശേഷം ശീലോഹാം കുളത്തിൽ ചെന്ന് കഴുകുവാൻ നിർദ്ദേശം കൊടുത്തുകൊണ്ടാണ് അവന് സൗഖ്യം നൽകിയത് എന്ന് നാം വായിക്കുന്നു. യേശുവിന്റെ വാക്കുമൂലം നൽകുന്ന സൗഖ്യവും യേശു കാണിച്ചുകൊടുക്കുന്ന മുഖാന്തരം ഉപയോഗിച്ചു നൽകുന്ന സൗഖ്യവും ഒരുപോലെയാണെന്നും ഈ രണ്ടുതരത്തിലുള്ള സൗഖ്യങ്ങളും തമ്മിൽ വാസ്തവത്തിൽ വ്യത്യാസമൊന്നുമില്ലെന്നും ഈ സംഭവത്തിലൂടെ ദൈവാത്മാവ് നമുക്ക് തെളിയിച്ചു തന്നിരിക്കുകയാണ്.

യാക്കോബ് 5:14-ൽ രോഗസൗഖ്യത്തിനായി എണ്ണ പൂശണം എന്നു പറഞ്ഞതിന്റെ അർത്ഥം യിരെമ്യാവ് 8:22[1]; 30:13[2]; 46:11[3]; യെശയ്യാവ് 1:6-7[4]; മർക്കോസ്

1. "ഗിലെയാദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ? എന്റെ ജനത്തിൻ പുത്രിക്കു രോശമനം വരാതെ ഇരിക്കുന്നതെന്ത്? (യിരെമ്യാവ് 8:22)

6:13[5]; ലൂക്കോസ് 10:33-34[6] തുടങ്ങിയ വേദഭാഗങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ചാൽ, ഔഷധം ഉപയോഗിച്ച് പ്രാർത്ഥനയോടുകൂടി ചികിത്സ ചെയ്യണം എന്നുതന്നെ യാണെന്ന് മനസ്സിലാക്കാൻ കഴിയും. ചുരുക്കത്തിൽ രോഗസൗഖ്യം സംബന്ധിച്ച് വചനത്തിൽ കാണുന്ന നിർദ്ദേശങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: നമ്മിൽ എന്തെങ്കിലും പാപം ഉണ്ടായിപ്പോയിട്ടുണ്ടോ എന്ന് വചനത്തിന്റെ വെളിച്ചത്തിൽ ആത്മപരിശോധന നടത്തണം. [അടിസ്ഥാനരഹിതമായി സ്വയം കുറ്റപ്പെടുത്തുക എന്നല്ല ഇതിനർത്ഥം; അങ്ങനെ ചെയ്യുന്നത്

---

2. ''നിന്റെ വ്യവഹാരം നടത്തുവാൻ ആരുമില്ല; നിന്റെ മുറിവിന് ഇടുവാൻ മരുന്നും കുഴമ്പും ഇല്ല''. (യിരെമ്യാവ് 30:13)
3. ''മിസ്രയീംപുത്രിയായ കന്യകേ! ഗിലെയാദിൽ നിന്നു തൈലം വാങ്ങുക; നീ വളരെ ഔഷധം പ്രയോഗിക്കുന്നത് വെറുതെ! നിനക്കു രോഗശാന്തി ഉണ്ടാകയില്ല." (യിരെമ്യാവ് 46:11).
4. ''അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ; അവയെ ഞെക്കി കഴുകീട്ടില്ല; കെട്ടിയിട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല." (യെശയ്യാവ് 1:6-7).
5. ''വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്ക് എണ്ണതേച്ചു സൗഖ്യം വരുത്തുകയും ചെയ്തു." (മർക്കോസ് 6:13)
6. ''ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്ന് എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകളെ കെട്ടി. (ലൂക്കോസ് 10:33-34).



ദൈവത്തിന് അനിഷ്ടമാണ്]; പാപം സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ അതിനു പരിഹാരം വരുത്തണം; സൗഖ്യത്തിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും ദൈവം സൗഖ്യം തരുന്നതിനായി നന്ദി പറയുകയും ചെയ്യണം. രോഗസൗഖ്യത്തിനായി എന്തെങ്കിലും ചികിത്സാമാർഗ്ഗം നമ്മുടെ മുമ്പിൽ ദൈവം നമുക്ക് കാണിച്ചു തരുന്നെങ്കിൽ ആ മാർഗ്ഗം നാം ഉപയോഗിക്കണം; യാതൊരു ചികിത്സാമാർഗ്ഗവും ദൈവം കാണിച്ചുതരുന്നില്ലെങ്കിൽ ചികിത്സ കൂടാതെയുള്ള സൗഖ്യത്തിനായിത്തന്നെ പ്രാർത്ഥിക്കണം; പ്രാർത്ഥനയ്ക്ക് ഉടൻതന്നെ ഉത്തരം ലഭിക്കുന്നില്ലെങ്കിലും ലൂക്കോസ് 18:1-8 വരെ വാക്യങ്ങളിൽ കാണുന്ന പ്രകാരം മടുത്തുപോകാതെ പ്രാർത്ഥന തുടരേണ്ടതാണ്.

രോഗസൗഖ്യം സംബന്ധിച്ച് ചികിത്സ ചെയ്യാൻ മാർഗ്ഗമുണ്ടെങ്കിൽ പ്രാർത്ഥനയോടുകൂടി അതു ചെയ്യണമെന്ന് വചനത്തിൽ ഉപദേശമുള്ളതുകൊണ്ട്, രോഗമുണ്ടായാൽ രോഗശാന്തിവരത്തിൽ മാത്രമേ ഞാൻ ആശ്രയം വയ്ക്കുകയുള്ളൂ എന്ന് വാശിപിടിക്കുവാൻ ഒരു വിശ്വാസിക്കും ദൈവം അനുവാദം നൽകിയിട്ടില്ല. രോഗശാന്തിവരം ഉപയോഗപ്പെടുത്തിക്കൊണ്ട് സൗഖ്യം പ്രാപിക്കുന്നത് നല്ല കാര്യമാണ്. എന്നാൽ രോഗശാന്തിവരമുണ്ടെന്ന് അവകാശപ്പെടുന്ന പലർക്കും അതില്ല എന്നതാണ് സത്യം; ഈ വരമുള്ള ആൾ എവിടെയുണ്ട് എന്ന് അന്വേഷിച്ചു നടക്കുകയല്ല നാം ചെയ്യേണ്ടത്; "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്കു കിട്ടും.

(യോഹന്നാൻ 15:7) എന്ന വചനപ്രകാരം ദൈവവചനം നമ്മുടെ പ്രായോഗികജീവിതത്തിൽ അനുഭവമാക്കിക്കൊണ്ട്, വിശ്വാസത്തോടെ നാം തന്നെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുന്നതായിരിക്കും ഏറ്റവും നല്ലത്; അപ്പോൾ "നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16) എന്ന വചനപ്രകാരം ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകും.

**ചോദ്യം 2 :** യേശുവിൽ വിശ്വസിച്ചവരുടെ മേൽ പരിശുദ്ധാത്മാവ് വരികയും അവരെല്ലാവരും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തുവെന്നല്ലേ അപ്പോ: പ്രവൃത്തികളിൽ നാം കാണുന്നത്? അതിൽനിന്നു മനസ്സിലാക്കേണ്ടത് ഇന്നും യേശുവിൽ വിശ്വസിക്കുന്ന സകലർക്കും അന്യഭാഷാവരം കിട്ടുമെന്നല്ലേ?

**ഉത്തരം :** അപ്പൊ: പ്രവൃ: 2:4; 8:14-17; 10:44-46; 19:1-7 എന്നീ നാലുവേദഭാഗങ്ങളിലാണ് യേശുവിൽ വിശ്വസിച്ചവർ അന്യഭാഷകളിൽ സംസാരിച്ചതായി പറയുകയോ സൂചിപ്പിക്കുകയോ ചെയ്തിരിക്കുന്നത്. അപ്പൊ: പ്രവൃ: 2:41-ൽ പത്രോസിന്റെ പ്രസംഗംകേട്ടു വിശ്വസിച്ച മൂവായിരത്തോളം പേരെക്കുറിച്ചും 8:37-38-ൽ എത്യോപ്യക്കാരനായ ഷണ്ഡനെക്കുറിച്ചും 9:18-ൽ ശൗലിനെക്കുറിച്ചും (പൗലോസ്) 11:20-21-ൽ അന്ത്യോക്യയിലെ അനേകരെക്കുറിച്ചും 13:48-ൽ പിസിദ്യദേശത്തിലെ അന്ത്യോക്യയിലെ നിരവധി ആളുകളെക്കുറിച്ചും 14:21-ൽ ദെർബ്ബയിലെ അനേകം ആളുകളെക്കുറിച്ചും 16:14-15-ൽ ലുദിയയെയും കുടുംബത്തെയും കുറിച്ചും 17:4-ൽ തെസ്സലോനിക്യയിൽ അനേകരെക്കുറിച്ചും



17:12-ൽ ബരോവയിൽ പലരെക്കുറിച്ചും 17:34-ൽ അഥേനയിൽ ചിലരെക്കുറിച്ചും 18:8-ൽ പള്ളിപ്രമാണിയായ ക്രിസ്പോസിനെയും കുടുംബത്തെയും മാത്രമല്ല കൊരിന്ത്യരിൽ അനേകരെക്കുറിച്ചും 19:17-19 വാക്യങ്ങളിൽ എഫെസോസിൽ പലരെക്കുറിച്ചും, അവർ യേശുവിൽ വിശ്വസിച്ചതായി പറഞ്ഞിരിക്കുന്നു. വിശ്വസിച്ചയുടനെ അന്യഭാഷകളിൽ സംസാരിച്ച, കൊർന്നെല്യോസിന്റെ ഭവനത്തിലെ ആളുകളുടെ അനുഭവം ഇവർക്കാർക്കും ഉണ്ടായതായി കാണുന്നില്ല; അതിനാൽ അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന അനഭവങ്ങളുടെ വെളിച്ചത്തിൽ യേശുവിൽ വിശ്വസിച്ചവരെല്ലാം അന്യഭാഷകളിൽ സംസാരിച്ചുവെന്നോ, സംസാരിക്കേണ്ടതാണെന്നോ പറയുവാൻ ഒരിക്കലും സാധ്യമല്ല; നേരേ മറിച്ചു പറയുന്നതിന് ധാരാളം ന്യായം മേൽ ചൂണ്ടിക്കാണിച്ച വേദഭാഗങ്ങളിലുണ്ടെന്നതാണ് സത്യം.

**ചോദ്യം 3 :** കൊർന്നെല്യോസിന്റെ ഭവനത്തിലുണ്ടായിരുന്നവർ യേശുവിൽ വിശ്വസിച്ചപ്പോൾ അന്യഭാഷകളിൽ സംസാരിച്ചു; ഇവരുടെ അനുഭവങ്ങളും ശമര്യരുടെയും എഫെസോസിലെ ശിഷ്യന്മാരുടെയും, പത്രോസിന്റെ പെന്തെക്കോസ്തുനാളിലെ പ്രസംഗം കേട്ടു വിശ്വസിച്ച മൂവായിരത്തോളം പേരുടെയും അനുഭവങ്ങളും എല്ലാം ഒരുപോലിരിക്കുന്നില്ലല്ലോ; ഇതിന്റെ കാരണമെന്താണ്?

**ഉത്തരം :** പെന്തെക്കോസ്തുനാളിൽ മൂവായിരത്തോളം പേർ യേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടപ്പോൾ ആത്മാഭിഷേകം മൂലം അവർ വിശുദ്ധീകരിക്കപ്പെട്ടു

കയും ആത്മസ്നാനത്താൽ അവർ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗങ്ങളായിത്തീരുകയും ചെയ്തു; അവരുടെ മേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ അന്യഭാഷ എന്ന കൃപാവരം അവർക്ക് നൽകുവാൻ ദൈവത്തിനു ഹിതമായില്ല. അവർ യെഹൂദന്മാരായിരുന്നതിനാൽ അവരെ തങ്ങളുടെ കൂടെ ചേർത്ത് സഭയുടെ അംഗങ്ങളായി പരിഗണിക്കുന്നതിന് അപ്പൊസ്തലന്മാർക്ക് യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല; എന്നാൽ കൊർന്നെല്യോസിന്റെ ഭവനത്തിലുണ്ടായിരുന്നവർ ജാതികളായിരുന്നു; അവരുമായി സമ്പർക്കം പുലർത്തുക യെഹൂദന് നിഷിദ്ധവുമായിരുന്നു; അതിനാൽ അവരുടെ അടുക്കലേക്ക് പോകുവാൻ ദർശനത്തിലൂടെ (അപ്പൊ: പ്രവൃ: 10:9-10) കർത്താവ് പത്രോസിനു പ്രത്യേക നിർദ്ദേശം കൊടുക്കേണ്ടിവന്നു. അവർ സുവിശേഷം കേട്ടു വിശ്വസിച്ചപ്പോൾ സഭയുടെ അംഗങ്ങളായിത്തീർന്നു എന്ന കാര്യം പത്രോസിനും കൂടെയുണ്ടായിരുന്ന യെഹൂദവിശ്വാസികൾക്കും ബോധ്യമാകുവാനിടവരുത്തിയത്, ദൈവാത്മാവ് അവർക്ക് നൽകിയ അന്യഭാഷാവരമായിരുന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതു കേട്ട യെഹൂദവിശ്വാസികൾ ദൈവം അവരെ സ്വീകരിച്ചിരിക്കുന്നുവല്ലോ എന്നു കണ്ടപ്പോഴാണ് അവരെ സ്നാനപ്പെടുത്താൻ മനസ്സുവച്ചത് (അപ്പൊ: പ്രവൃ : 10:45-48). അതിനാൽ പെന്തെക്കോസ്തു നാളിൽ രക്ഷിക്കപ്പെട്ട മൂവായിരത്തോളം പേർക്ക് അന്യഭാഷാവരം നൽകാതിരുന്നപ്പോൾ കൊർന്നെല്യോസിന്റെ ഭവനത്തിൽ കൂടിയിരുന്നവർക്ക് ദൈവാത്മാവ് അന്യഭാഷാവരം നൽകിയതിന് തക്കതായ കാര



ണമുണ്ടായിരുന്നു എന്നു കാണാൻ കഴിയും. ശമര്യർ യിസ്രായേൽ ജനത്തിന്റെ മദ്ധ്യേ ശമര്യ പട്ടണത്തിൽ ജീവിച്ചിരുന്ന ജാതികളായിരുന്നു. സാധാരണ ജാതികളെ അപേക്ഷിച്ച് അല്പം ഉയർന്നവരായി അവർ പരിഗണിക്കപ്പെട്ടിരുന്നു എങ്കിലും അവർക്കും യെഹൂദന്മാർക്കും തമ്മിൽ കാര്യമായ സമ്പർക്കം ഇല്ലായിരുന്നു (യോഹന്നാൻ 4:9). ഫിലിപ്പോസ് (അപ്പൊ: പ്രവൃ: 8:12) പ്രസംഗിച്ച സുവിശേഷം അവർ വിശ്വസിച്ചതിന്റെ ഫലമായി അവർ യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗങ്ങളായിത്തീർന്നുവെന്നത് അപ്പൊസ്തലന്മാർക്കും യെഹൂദവിശ്വാസികൾക്കും ബോധ്യമാകേണ്ടതാവശ്യമായിരുന്നു; അതുപോലെ തന്നെ അപ്പൊസ്തലന്മാരുടെ വാക്കുകൾ സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് ശമര്യവിശ്വാസികൾക്കും ആ പട്ടണത്തിലെ മറ്റുള്ളവർക്കും ബോദ്ധ്യപ്പെടേണ്ടതും ആവശ്യമായിരുന്നു. പത്രോസും യോഹന്നാനും അവർക്കുവേണ്ടി പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ചപ്പോൾ പ്രത്യക്ഷമായ അടയാളത്തോടു കൂടി പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അങ്ങനെ ഈ രണ്ടു ലക്ഷ്യങ്ങളും സാധിക്കാനിടവരികയും ചെയ്തു. പ്രത്യക്ഷ അടയാളം അവിടെ ഉണ്ടാകാതിരുന്നുവെങ്കിൽ ജാതികളായിരുന്ന ശമര്യരെ കർത്താവ് തന്റെ സഭയിലേക്ക് സ്വീകരിച്ചുവെന്ന് പത്രോസിനും കൂടെയുള്ളവർക്കും ബോധ്യം വരുമായിരുന്നില്ല; പത്രോസും യോഹന്നാനും അവരുടെ മേൽ കൈവച്ചതിനെ തുടർന്ന് അവർക്ക് അന്യഭാഷാവരം ലഭിച്ചില്ലായിരുന്നെങ്കിൽ തങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് തങ്ങളുടെ

മേൽ കൈവച്ച പത്രോസും യോഹന്നാനും കർത്താവിന്റെ അപ്പൊസ്തലന്മാരാണെന്നും അവർ പ്രസ്താവിച്ചത് ദൈവവനചം ആണെന്നുമുള്ള ബോധ്യം ശമര്യക്കാരായ ആ വിശ്വാസികൾക്കും ഉണ്ടാകുമായിരുന്നില്ല. അതിനാൽ ഇവിടെ ശമര്യക്കാർ അന്യഭാഷകളിൽ സംസാരിച്ചത് ദൈവാത്മാവിന്റെ പ്രത്യേക നിയോഗത്താൽ, പ്രത്യേകമായ രണ്ടു കാര്യങ്ങൾ സാധിക്കാൻ വേണ്ടിയായിരുന്നു എന്നു നാം കാണുന്നു.

ശമര്യക്കാരുടെ അനുഭവത്തിൽ നിന്ന് വളരെ വ്യത്യസ്തമായിട്ടാണ് കൊർന്നെല്യോസിന്റെ ഭവനക്കാരുടെ കാര്യം ഇരിക്കുന്നത്; അതിന്റെ കാരണങ്ങളും നമുക്ക് മനസ്സിലാക്കാൻ വിഷമമില്ല. പത്രോസ് സത്യദൈവത്തിന്റെ ദാസനും അപ്പൊസ്തലനുമാണെന്നകാര്യം കൊർന്നെല്യോസിനും കൂടെ ഉണ്ടായിരുന്നവർക്കും ദർശനത്തിലൂടെ (അപ്പൊ: പ്രവൃ: 10:1–8) കർത്താവ് നേരത്തെ വ്യക്തമാക്കി കൊടുത്തു കഴിഞ്ഞിരുന്നു; അതിനാലാണ്, പത്രോസിന്റെ കൈവെപ്പു കൂടാതെ തന്നെ അവർക്ക് അന്യഭാഷാവരം ലഭിക്കാനിടയായത്. എന്നാൽ ശമര്യക്കാർക്കും, യോഹന്നാനിൽ നിന്നു മാനസ്സാന്തരസന്ദേശം കേട്ടിരുന്ന എഫേസോസിലെ ശിഷ്യന്മാർക്കും പത്രോസിന്റെയും പൗലോസിന്റെയും അപ്പൊസ്തലത്വത്തെക്കുറിച്ച് വ്യക്തമായ ബോധ്യം നേരത്തെ ഉണ്ടായിരുന്നില്ല, അത് ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു; അതിനാലാണ് അവർ ഈ സ്ഥലങ്ങളിലെ വിശ്വാസികളുടെ മേൽ കൈവെച്ച നിമിഷത്തിൽ ആത്മാവ് അവരുടെ മേൽ വന്നതിനു പ്രത്യക്ഷമായ അടയാളമുണ്ടായത്.



എഫെസോസിലുണ്ടായിരുന്ന, സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ വാസ്തവമായി യേശുവിൽ വിശ്വസിച്ചുവെന്നു പൗലോസിനു വ്യക്തമായ ബോധ്യം വരുന്നതിനും അവർക്ക് ലഭിച്ച അന്യഭാഷാവരം ഉപകരിച്ചു. ഇങ്ങനെ വ്യത്യസ്തമായ രീതികളിൽ വ്യത്യസ്തമായ അനുഭവങ്ങളോടുകൂടി പരിശുദ്ധാത്മാവ് എന്ന ദാനം അപ്പൊസ്തലിക കാലത്തു വിശ്വാസികളുടെ മേൽ പകരപ്പെട്ടതിന് തക്കതായ കാരണങ്ങളുണ്ടായിരുന്നുവെന്ന് നാം കാണുന്നു. “കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്രവലിയ രക്ഷ (രക്ഷാവചനം)” എന്ന് എബ്രായ: 2:3–4 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു പ്രകാരം വിവിധ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും വിവിധങ്ങളായ വിധത്തിലാണ് കർത്താവ് തന്നിൽ വിശ്വസിച്ചവർക്ക് പരിശുദ്ധാത്മാവ് എന്ന ദാനം നൽകിക്കൊണ്ട്, അപ്പൊസ്തലന്മാരിലൂടെ താൻ അരുളിച്ചെയ്ത വചനം സാക്ഷാൽ ദൈവവചനം തന്നെയാണ് എന്ന് ഉറപ്പിച്ചത് എന്നു നാം മനസ്സിലാക്കണം.

**ചോദ്യം 4** : “നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നും വിശേഷാൽ പ്രവചിക്കേണം എന്നും ഞാൻ ഇച്ഛിക്കുന്നു” എന്ന് I കൊരിന്ത്യർ 14:5–ൽ പറഞ്ഞിരിക്കുന്നു; അപ്പോൾ നാം എല്ലാവരും അന്യഭാഷകളിൽ സംസാരിക്കേണ്ടേ?

**ഉത്തരം** : അന്യഭാഷാവരം നിലവിലിരുന്ന അപ്പൊസ്തലിക കാലത്ത്, അത് ലഭിച്ചിട്ടുള്ളവർ I കൊരിന്ത്യർ

14:16-19; 14:27-28 എന്നീ വാക്യങ്ങൾ പ്രകാരം ആ വരം ഉപയോഗിക്കണമെന്നാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്. അന്യഭാഷാവരം I കൊരിന്ത്യർ 13:8 പ്രകാരം നിന്നു പോയിക്കഴിഞ്ഞ് അതു കിട്ടാനാഗ്രഹിക്കണമെന്നോ കിട്ടാത്തതു കിട്ടിയെന്നു ചിന്തിക്കണമെന്നോ ഉള്ള ആശയം ഈ വാക്യത്തിലില്ല. എന്നാൽ ഭാഷാവരം നിന്നുപോയിട്ടില്ലെന്ന് സങ്കൽപ്പിച്ചുകൊണ്ട്, ഇക്കാലത്തെ വിശ്വാസികൾക്കും ഈ വാക്യം ബാധകമാണെന്നു കരുതിയാൽ അതിന് യാതൊരു കുഴപ്പവുമില്ല. നാം സംബന്ധിച്ചുകൊണ്ടിരിക്കുന്ന സഭാകൂടിവരവിൽ അന്യഭാഷാവരവും വ്യാഖ്യാനവരവുമുള്ള രണ്ടുപേരുണ്ടെങ്കിൽ അവരിലൊരാൾക്ക് റഷ്യൻ ഭാഷയിലോ ഫ്രഞ്ചുഭാഷയിലോ ദൈവവചനം പ്രസംഗിക്കാനും മറ്റെയാൾക്ക് അത് മലയാളത്തിലേക്ക് തർജ്ജമ ചെയ്യാനും സാധിക്കും. റഷ്യക്കാരനായ ഒരു സഹോദരനോ ഫ്രഞ്ചുകാരനായ ഒരു സഹോദരനോ നമ്മുടെ സഭയിലേക്ക് ഒരതിഥിയായി വന്നുവെന്ന പ്രതീതി മാത്രമാണ് ഇതുമൂലം ഉണ്ടാകുന്നത്. ഇത് യാതൊരുവിധത്തിലുമുള്ള അസൗകര്യമോ ബുദ്ധിമുട്ടോ ആർക്കും ഉണ്ടാക്കുകയില്ല. അതിനാൽ അന്യഭാഷാവരം ഇക്കാലത്ത് ഉണ്ടെന്നോ ഇല്ലെന്നോ ഒന്നും തർക്കിക്കാതെ, ഈ വരമുള്ളവർക്ക് വചനത്തിൽ കാണുന്ന നിബന്ധന അനുസരിച്ച് (I കൊരിന്ത്യർ 14:27-28 പ്രകാരം) അത് ഉപയോഗിക്കാൻ സർവ്വസ്വാതന്ത്ര്യവുമുണ്ട് എന്നുള്ള നിലപാട് നാം സ്വീകരിക്കുന്നതാണ് ഏറ്റവും ഉചിതമായിട്ടുള്ളത്.

**ചോദ്യം 5 :** അന്യഭാഷ വിലക്കരുത് എന്ന് I കൊരിന്ത്യർ



14:39-ൽ പറയുന്നുണ്ടല്ലോ; അപ്പോൾ അന്യഭാഷ പറയാനാഗ്രഹിക്കുന്നവരെ അവർക്കു തോന്നുമ്പോൾ അതു പറയുന്നതിന് നാം അനുവദിക്കേണ്ടേ?

**ഉത്തരം :** അന്യഭാഷ പറയുന്നതിന് (ഭാഷാവരം ഉപയോഗിക്കുന്നതിന്) അനുവദിക്കണം എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം വചനത്തിൽ തന്നിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഈ വരം ഉപയോഗിക്കാൻ അനുവദിക്കണമെന്നാണ്. ഭാഷാവരം ഉപയോഗിക്കുന്നതു സംബന്ധിച്ച് I കൊരിന്ത്യർ 14:16-19; 14:27-28 എന്നീ വാക്യങ്ങളിൽ കാണുന്ന വ്യവസ്ഥകൾ ധിക്കരിച്ചുകൊണ്ട് അന്യഭാഷ പറയാൻ ആരെയും ദൈവാത്മാവ് അനുവദിച്ചിട്ടില്ല; ആ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അന്യഭാഷയിൽ സംസാരിക്കാൻ ഒരാൾ മുമ്പോട്ടു വന്നാൽ അയാളെ വിലക്കുവാൻ പാടില്ല എന്നാണ് വചനത്തിൽ പറഞ്ഞിരിക്കുന്നത്. നിർഭാഗ്യവശാൽ ഈ വ്യവസ്ഥകൾ ധിക്കരിച്ചുകൊണ്ടുള്ള അന്യഭാഷപറച്ചിൽ മാത്രമേ ഇന്നു ക്രിസ്തീയ ലോകത്തിൽ കാണാനുള്ളു; വചനത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അന്യഭാഷാവരം ഉപയോഗിക്കുക എന്ന് കർശനമായി നിർദ്ദേശിച്ചാൽ ഇന്നത്തെ 'അന്യഭാഷ' അപ്രത്യക്ഷമാകും; കാരണമെന്തെന്ന് വിശേഷിച്ചു പറയേണ്ട ആവശ്യമില്ലല്ലോ.

**ചോദ്യം 6 :** പൗലോസ് എഫെസോസിലെ ശിഷ്യന്മാരോട്, "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്നു ചോദിച്ചതായി അപ്പൊ: പ്രവൃ: 19:2-ൽ നാം വായിക്കുന്നു; വിശ്വസിച്ചിട്ടു കുറെ നാൾ

കഴിഞ്ഞാണ് പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടത് എന്നല്ലേ ഇതിന്റെ അർത്ഥം?

**ഉത്തരം** : "വിശ്വസിച്ചിട്ട്" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം മൂലഭാഷയിൽ "വിശ്വസിച്ചതിന്റെ ഫലമായി" എന്നാണ്. "തീ കത്തിച്ചിട്ടു വെള്ളം ചൂടായോ?" എന്നു ചോദിച്ചാൽ "തീ കത്തിച്ചതിന്റെ ഫലമായി" എന്നാണർത്ഥം, "സ്വിച്ച് ഓൺ ചെയ്തിട്ട് ബൾബ് കത്തിയോ"? എന്നു ചോദിച്ചാൽ "സ്വിച്ച് ഓൺ ചെയ്തതിന്റെ ഫലമായി ബൾബ് കത്തിയോ?" എന്നു തന്നെയാണർത്ഥം; ഇതേ വിധത്തിലുള്ള ഭാഷാപ്രയോഗമാണ് അപ്പൊ: 19:2-ൽ ഉള്ളത്; "വിശ്വസിച്ചതിനു ശേഷം" എന്ന ആശയം അവിടെയില്ല. "ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ" എന്ന് ഗലാത്യർ 3:14-ൽ പറഞ്ഞിരിക്കുന്നു; യേശുവിൽ വിശ്വാസമർപ്പിക്കുമ്പോൾ, അതിന്റെ ഫലമായിട്ടാണ് പരിശുദ്ധാത്മാവ് നമ്മിലേക്ക് വരുന്നത് എന്ന് ദൈവവചനത്തിന്റെ ഇതരഭാഗങ്ങളും (ഗലാത്യർ 3:2; അപ്പൊ: പ്രവൃ: 8:39; 10:44-45) തെളിയിക്കുന്നു.

**ചോദ്യം 7** : "വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും" എന്ന് യെശയ്യാവ് 28:11-ൽ കാണുന്നു; അതിൽ നിന്നു മനസ്സിലാകുന്നത് ദൈവം നമുക്കെല്ലാവർക്കും അന്യഭാഷാവരം നൽകുമെന്നല്ലേ?

**ഉത്തരം** : ഈ വാക്യം ആര്, ആരെക്കുറിച്ച്, എന്ന്, എന്തുകൊണ്ട്, ഏത് അർത്ഥത്തിൽ പറഞ്ഞുവെന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. യെശയ്യാ പ്രവാചകൻ മുഖാന്തരം യിസ്രായേൽ ജനത്തെക്കുറിച്ച്, വിശേഷാൽ



എഫ്രയീം ഗോത്രക്കാരെക്കുറിച്ച് ബി.സി. 712-ഓടുകൂടി അരുളിച്ചെയ്ത വാക്കുകളാണിവ. പുരോഹിതന്മാരും പ്രവാചകന്മാരും മദ്യപിച്ചു ചാഞ്ചാടുകയും ആടി നടക്കുകയും ചെയ്തിരുന്ന (യെശയ്യാവ് 28:7) ഒരു കാലഘട്ടത്തിൽ, അവരുടെ മേൽ വരാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ച് പറയുമ്പോഴാണ് വിക്കിവിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും ദൈവം അവരോടു സംസാരിക്കും എന്ന് പറഞ്ഞിരിക്കുന്നത്. ഈ പ്രവചനവാക്യത്തിന്, കർത്താവ് തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകുന്ന കൃപാവരങ്ങളുമായി ബന്ധമൊന്നുമില്ല; ഉണ്ടെന്നു സങ്കല്പിച്ചാൽ, പെന്തെക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് അന്യഭാഷാവരം ശിഷ്യന്മാർക്ക് നൽകിയപ്പോൾ, വിക്കിവിക്കി പറയുന്ന അധരങ്ങളാൽ യിസ്രായേൽ ജനത്തോട് ആരെങ്കിലും സംസാരിച്ചതായി കാണണം; മാത്രമല്ല, അവരോട് അന്യഭാഷയിലും സംസാരിച്ചിരിക്കണം. എന്നാൽ അന്ന് ആരും വിക്കിവിക്കി സംസാരിച്ചില്ല; എന്താണ് ഇവർ വിക്കിവിക്കി സംസാരിക്കുന്നതെന്ന് ആരും ചോദിച്ചുമില്ല; സ്വന്തഭാഷ സംസാരിക്കുന്ന അതേ രീതിയിൽ നല്ല ഒഴുക്കോടുകൂടി അന്യഭാഷകളിൽ അന്യനാട്ടുകാരോട് അവർ സംസാരിക്കുകയാണുണ്ടായത്. യെഹൂദന്മാരെ അഭിസംബോധന ചെയ്തുകൊണ്ട്, പത്രോസ് അവരോട് യെഹൂദ്യഭാഷയിൽ (അന്യഭാഷയിലല്ല) തന്നെയാണ് സംസാരിച്ചത്. അതിനാൽ യെശയ്യാവ് 28:11-ലെ പ്രവചനം പെന്തെക്കോസ്തുനാളിൽ യാതൊരു വിധത്തിലും നിവൃത്തിയായില്ല എന്നു നാം കാണുന്നു. സഭയുമായി യാതൊരു ബന്ധവുമില്ലാ

ത്തതും യിസ്രായേൽ ജനത്തിന് ദൈവം നൽകുന്ന ശിക്ഷയുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നതുമായ ഒരു പ്രവചനഭാഗമാണിത്.

ദൈവത്തിന്റെ വഴിവിട്ട് ജീവിക്കുന്നതുമൂല മുണ്ടാകുന്ന ശിക്ഷയെക്കുറിച്ചാണ് യെശയ്യാവ് 28-ാം അദ്ധ്യായത്തിലെ പ്രവചനം ഇരിക്കുന്നത്. ഈ പ്രവചനം നടന്ന് ഒരു നൂറ്റാണ്ടു കഴിഞ്ഞ് ബി.സി. 606-ൽ യിസ്രായേൽ ജനം ബാബേലിലേക്ക് പ്രവാസികളായി പോകേണ്ടിവന്നു. അപ്പോൾ അവിടെ അവർ അന്യഭാഷ (ബാബിലോന്യ ഭാഷ) കേട്ടു. പണ്ട് മിസ്രയീമിൽ വച്ചും ഇതുപോലെയുള്ള അനുഭവം അവർക്കുണ്ടായിരുന്നു; അതിനെക്കുറിച്ചാണ് 81-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ "അവിടെ ഞാൻ അറിയാത്ത ഒരു ഭാഷ കേട്ടു" എന്ന് പറഞ്ഞിരിക്കുന്നത്. മിസ്രയീമിൽ അടിമകളായി കഴിഞ്ഞതുപോലെ ബാബേലിലും അടിമത്തത്തിൽ കഴിയേണ്ടിവരുമെന്നും മിസ്രയീമിൽ വച്ച് യിസ്രായേൽ അറിയാത്ത ഭാഷ (അന്യഭാഷ) കേൾക്കാനിടയായതുപോലെ ബാബേലിൽ വച്ചും അവർ അറിയാത്ത അന്യഭാഷ കേൾക്കാനിടയാകുമെന്നുമാണ് യെശയ്യാവ് 28:11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വിക്കി വിക്കി പറയുന്ന അധരങ്ങളാൽ ഈ ജനത്തോട് (യിസ്രായേലിനോട്) സംസാരിക്കും എന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയം സത്യദൈവത്തെക്കുറിച്ചു ഭയത്തോടും വിറയലോടും കൂടെ, വിക്കുള്ളവരെപ്പോലെ, അന്യജാതിക്കാർ സംസാരിക്കുന്നത് യിസ്രായേൽ കേൾക്കാനിടവരും എന്നാണ്. ബാബിലോണിലെ ദാര്യാവേശ് രാജാവ് രാത്രിയിൽ ഉറങ്ങാതെ ഉപവസിച്ച



ശേഷം പിറ്റേ ദിവസം സിംഹഗുഹയുടെ അരികെ ചെന്ന് ദുഃഖശബ്ദത്തോടെ (വിറയ്ക്കുന്ന അധരങ്ങളോടെ) യാണ് "ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനിയേലേ, നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം സിംഹങ്ങളിൽ നിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ"? (ദാനിയേൽ 6:20) എന്നു ചോദിച്ചത്. യിസ്രായേലിന്റെ ദൈവത്തോട് വലിയ ഭയവും ഭക്തിയും ബഹുമാനവും കാണിച്ചുകൊണ്ട്, തന്റെ വെറുമൊരു ദാസൻ മാത്രമായിരുന്ന ദാനിയേലിന്റെ മുമ്പിൽ വീണു നമസ്ക്കരിച്ച ശേഷമാണ്, "നിങ്ങളുടെ ദൈവം ദൈവാധിദൈവവും രാജാധികർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു" (ദാനിയേൽ 2:47) എന്ന് നെബൂഖദ്നേസർ രാജാവ് പറഞ്ഞത്. ഈ വിധത്തിൽ അന്യജാതിക്കാരുടെ ശ്രേഷ്ഠരാജാക്കന്മാർ യിസ്രായേലിന്റെ സത്യദൈവത്തെക്കുറിച്ച് വിക്കുള്ളവരെപ്പോലെ, വലിയ ഭക്തിയോടും ഭയത്തോടും വിറയ്ക്കുന്ന അധരങ്ങളോടും കൂടെ സംസാരിക്കുന്നത് പ്രവാസികളായ യിസ്രായേല്യർ കേൾക്കാനിടവരും എന്നാണ് യെശയ്യാവ് 28:11-ൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ ബാബേൽ പ്രവാസകാലത്ത് കൃത്യമായി നിറവേറിയതും പെന്തെക്കോസ്തുനാളിലെ അനുഭവവുമായി പൊരുത്തമൊന്നുമില്ലാത്തതുമായ ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ പുതിയനിയമത്തിലെ അന്യഭാഷാവരത്തെപ്പറ്റി എന്തെങ്കിലും പറയുവാൻ യാതൊരു ന്യായവും നമ്മുടെ മുമ്പിലില്ല. പെന്തെക്കോസ്തു നാളിലുണ്ടായ അനുഭവം വാസ്തവത്തിൽ യെശയ്യാവ് 28:11ന്റെ നിവൃത്തിയല്ല, പിന്നെയോ,

യോവേൽ പ്രവചനത്തിന്റെ നിവൃത്തിയാണെന്ന് വചനത്തിൽ (അപ്പൊ: പ്രവൃ: 2:16) പറഞ്ഞിട്ടുമുണ്ട്.

**ചോദ്യം 8** : അന്യഭാഷയിൽ സംസാരിക്കുമെന്ന് യെശയ്യാവ് 28:11-ൽ പറഞ്ഞിരിക്കുന്നത് I കൊരിന്ത്യർ 14:21-ൽ ഉദ്ധരിച്ചിരിക്കുന്നു. അതിന്റെ അർത്ഥം ആ പ്രവചനം പുതിയനിയമകാലത്ത് നിറവേറിക്കൊണ്ടിരിക്കുമെന്നല്ലേ?

**ഉത്തരം** : I കൊരിന്ത്യർ 14:21-ന്റെ മുമ്പിലും പിമ്പിലും ഉള്ള വാക്യങ്ങൾകൂടി പരിശോധിച്ചാൽ അന്യഭാഷ ഒരു അടയാളമായിരിക്കുന്നത് (അത്ഭുതവിഷയമായിരിക്കുന്നത്) ആർക്കാണ് എന്ന വിഷയത്തെക്കുറിച്ചു പറയുമ്പോൾ യെശയ്യാവ് 28:11 ഉദ്ധരിച്ചതാണെന്നു കാണാൻ കഴിയും. പ്രവാചകന്റെ വാക്കുകൾ അതേപടി ഉദ്ധരിക്കാതെ, അതിന്റെ ആശയം സ്വന്തം വാക്കുകളിൽ പ്രകടിപ്പിച്ചുകൊണ്ട്, "അന്യഭാഷകളാലും അന്യന്മാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കും, എങ്കിലും അവർ എന്റെ വാക്കു കേൾക്കയില്ല എന്നു കർത്താവ് അരുളിച്ചെയ്യുന്നു എന്ന് ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു" എന്നാണ് പൗലോസ് അപ്പൊസ്തലൻ പറഞ്ഞത്. സ്വന്തം നാട്ടുകാർ അന്യഭാഷ പറയാൻ ഇടവരും എന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നത്; അന്യന്മാരുടെ (അന്യനാട്ടുകാരായ ജാതികളുടെ അധരങ്ങളിൽനിന്ന്) അവരുടെ ഭാഷ (അന്യഭാഷ) യിസ്രായേൽ കേൾക്കാനിടവരും എന്നും ദൈവത്തെ അറിയാത്ത ആ ജാതികൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതു കേട്ടാൽപോലും യിസ്രായേൽ ജനം നേർവഴിയിലേക്ക് തിരിച്ചുവരികയില്ല എന്നുമാണ് പ്രവചനത്തിന്റെ



അർത്ഥമെന്ന് ഇവിടെ വ്യക്തമാണ്. ഇതനുസരിച്ചുള്ള കാര്യങ്ങൾ തന്നെയാണ് ബാബേൽ പ്രവാസകാലത്ത് സംഭവിച്ചത്. അന്യജാതിക്കാരുടെ രാജാക്കന്മാരായ നെബുഖദ്നേസരും (ദാനിയേൽ 2:46-47; 3:28-30; 4:1-3) ദാര്യാവേശും (ദാനിയേൽ 6:25-27) യിസ്രായേലിനെ സംബന്ധിച്ചിടത്തോളം അന്യഭാഷകളിൽ (ബാബിലോന്യ ഭാഷകളിൽ) ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തിയത് അവിശ്വാസികളായ യിസ്രായേല്യർക്ക് വലിയ ഒരു അത്ഭുതമായിരുന്നു; പക്ഷേ, ദാനിയേൽ, ഹനന്യാവ്, മീശായേൽ, അസര്യ്യാവ് തുടങ്ങിയവരും മറ്റ് ചുരുക്കം ചില യെഹൂദാ പ്രവാസികളുമൊഴിച്ച് ആരുംതന്നെ വിശ്വസ്തതയോടെ ദൈവത്തെ സേവിക്കുവാൻ തയ്യാറായില്ല. ജാതികൾ അന്യഭാഷകളിൽ (കൽദയ, മേദ്യ ഭാഷകളിൽ) സത്യദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തിയത് ബാബേൽ പ്രവാസകാലത്ത്, അവിശ്വാസികളായിരുന്ന യെഹൂദന്മാർക്ക് അടയാളമായിരുന്നതുപോലെ അപ്പൊസ്തലിക കാലത്തുണ്ടായിരുന്ന അവിശ്വാസികൾക്ക് വിശ്വാസികളുടെ അന്യഭാഷാവരം അടയാളമായി (അത്ഭുതകാരണമായി) പ്രയോജനപ്പെടുമെന്നും അവർ സുവിശേഷത്തിലേക്ക് ആകർഷിക്കപ്പെടുമെന്നും അവിശ്വാസികൾ ഇല്ലാതെ വിശ്വാസികൾ മാത്രമുള്ള ഇടങ്ങളിൽ അന്യഭാഷാവരം കൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രയോജനം ഉണ്ടാകുന്ന പ്രശ്നമില്ലെന്നുമാണ് I കൊരിന്ത്യർ 14:21-22 വാക്യങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. [ഈ വേദഭാഗത്തു കാണുന്ന 'അടയാളം' എന്ന പദത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാലത്ത് ചിലർ 'അടയാളഭാഷ' എന്നു

പറയുന്നതെങ്കിൽ അവർ ഈ വേദഭാഗത്തിന്റെ ശരിയായ ആശയം എന്താണെന്ന് മനസ്സിലാക്കിയിട്ടില്ല എന്നു തന്നെയാണ് പറയേണ്ടത്]. ഏതായാലും ബാബേൽ പ്രവാസകാലത്തു നിറവേറിയ യെശയ്യാവിന്റെ പ്രവചനം (യെശയ്യാവ് 28:11) പുതിയ നിയമ കാലത്ത് നിറവേറിക്കൊണ്ടിരിക്കുകയാണെന്ന് ചിന്തിക്കാൻ യാതൊരു ന്യായവുമില്ല.

**ചോദ്യം 9** : വിശ്വസിക്കുന്നവർ പുതുഭാഷകളിൽ സംസാരിക്കുമെന്ന് മർക്കോസ് 16:17-ൽ പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ ദൈവമക്കളെല്ലാവരും അന്യഭാഷകളിൽ സംസാരിക്കുമെന്നല്ലേ മനസ്സിലാക്കേണ്ടത്?

**ഉത്തരം** : ഭൂതങ്ങളെ പുറത്താക്കുക, പുതുഭാഷകൾ സംസാരിക്കുക, സർപ്പങ്ങളെ പിടിച്ചെടുക്കുക, രോഗികളുടെ മേൽ കൈവച്ച് അവരെ സൗഖ്യമാക്കുക എന്നീ അടയാളങ്ങൾ വിശ്വസിക്കുന്നവരാൽ നടക്കുമെന്നും മരണകരമായ വിഷം അവരുടെ ഉള്ളിൽ ചെന്നാലും അവർക്ക് യാതൊരു ഹാനിയും വരികയില്ലെന്നുമാണ് മർക്കൊസ് 16:17-18 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ പറയപ്പെട്ടിരിക്കുന്ന പല അത്ഭുതങ്ങളിൽ ഒന്നു മാത്രം തെരഞ്ഞെടുത്ത് അതുമാത്രം എല്ലാ വിശ്വാസികളും ചെയ്യുമെന്ന് പറയുന്നതിനു ന്യായമില്ല. വിശ്വസിക്കുന്ന എല്ലാവരും പുതുഭാഷകളിൽ സംസാരിക്കുമെങ്കിൽ അവരെല്ലാവരും രോഗികളെ സൗഖ്യമാക്കുന്നവരും സർപ്പങ്ങളെ പിടിച്ചെടുക്കുന്നവരും സർപ്പദംശമുണ്ടായാലും വിഷബാധയേൽക്കാത്തവരും ആയിരിക്കും. എന്നാൽ ഈ വാക്യങ്ങളുടെ അർത്ഥം അങ്ങനെയാണോ എന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു.



വിശ്വസിക്കുന്ന ഏതൊരാളും ഈ അത്ഭുതങ്ങൾ ചെയ്യുമെങ്കിൽ എല്ലാ വിശ്വാസികൾക്കും വീര്യപ്രവൃത്തികളുടെ വരം ഇല്ലെന്നും എല്ലാവർക്കും രോഗശാന്തിവരം ഇല്ലെന്നും I കൊരിന്ത്യർ 12:29-30 വാക്യങ്ങളിൽ പറയുമായിരുന്നില്ല. എം. എ. പരീക്ഷ പാസ്സായവർ കോളജിൽ പഠിപ്പിക്കും എന്നുപറഞ്ഞാൽ ഈ പരീക്ഷ പാസ്സാകുന്ന ഏതൊരാളും കോളജദ്ധ്യാപകനായിത്തീരും എന്ന് അർത്ഥം വരാത്തതുപോലെതന്നെ വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും എന്നതിന്റെ അർത്ഥം വിശ്വസിക്കുന്ന ഏതൊരാളും ഈ അടയാളങ്ങൾ (അത്ഭുതങ്ങൾ) ചെയ്യും എന്നല്ല, പിന്നെയോ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ പ്രത്യേക ദൈവാത്മപ്രേരണയാൽ ഇത്തരം അത്ഭുതങ്ങൾ ചെയ്യുന്നവർ ഉണ്ടായിരിക്കും എന്നു മാത്രമാണ്. തന്റെ കൈമേൽ കടിച്ചുതൂങ്ങിയ അണലിയെ പൗലോസ് തീയിൽ കുടഞ്ഞുകളയുകയും വിഷബാധയേൽക്കാതിരിക്കുകയും ചെയ്തത് (അപ്പൊ: പ്രവൃ: 28:3-6) ഈ വചനം നിവൃത്തിയായതിന്റെ ഒരു ഉദാഹരണമാണ്. വിശ്വാസിയായ ഏതൊരാൾക്കും ഇങ്ങനെ ചെയ്യാൻ ദൈവം കഴിവു നൽകിയിരിക്കുന്നു എന്ന് ഇതിനർത്ഥമില്ല; അങ്ങനെ അർത്ഥമുണ്ടായിരുന്നെങ്കിൽ, "വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആയിത്തീരുവാൻ അധികാരം കൊടുത്തു" (യോഹന്നാൻ 1:12) എന്നു പറഞ്ഞിരിക്കുന്നതുപോലെ "വിശ്വസിക്കുന്ന ഏവരും ഈ അടയാളങ്ങൾ ചെയ്യും" എന്നു തന്നെ പറഞ്ഞേനേ. അങ്ങനെ പറഞ്ഞിട്ടില്ലാത്തതിനാൽ വിശ്വാസികൾ പ്രത്യേക ദൈവാത്മപ്രേരണയാൽ ചെയ്യുന്ന അത്ഭുത

ങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നതെന്നും തന്റെ ജനത്തിനുവേണ്ടി അവരുടെ അപേക്ഷപ്രകാരം ദൈവം വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്നുമാണ് നാം മനസ്സിലാക്കേണ്ടത്. [ഈ വേദഭാഗത്തിന്റെ അർത്ഥം ശരിയായി മനസ്സിലാക്കാതെ, സഭാഹാളിൽ വിഷപ്പാമ്പിനെ കൊണ്ടുവന്ന് അതിനെ പിടിച്ചുകൊണ്ട് വീര്യം പ്രദർശിപ്പിക്കാൻ ശ്രമിച്ച സംഭവത്തെക്കുറിച്ച് കേൾക്കാനിടയായിട്ടുണ്ട്.]

**ചോദ്യം 10** : പരിശുദ്ധാത്മനിറവിന്റെ അനുഭവം നമ്മിലുണ്ടെങ്കിൽ ദൈവത്തിന് സ്തോത്രം ചെയ്യുന്നതിൽ നാം ഉത്സുകരായിരിക്കുകയില്ലേ? സ്തോത്രം ചെയ്യുമ്പോൾ "ഹാലേലുയ്യ" എന്ന പദം നാം ഉച്ചരിക്കുന്നത് ശരിയോ തെറ്റോ?

**ഉത്തരം** : ആത്മനിറവിന്റെ അനുഭവമുള്ള ഒരാൾ I തെസ്സലോനിക്യർ 5:16-18 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ എപ്പോഴും സന്തോഷിക്കുകയും ഇടവിടാതെ പ്രാർത്ഥിക്കുകയും എല്ലാറ്റിനും സ്തോത്രം ചെയ്യുകയും ചെയ്യും. സ്തോത്രം ചെയ്യുന്നതിനായി സ്വർഗ്ഗത്തിൽ, ദൈവത്തെ ഉച്ചത്തിൽ സ്തുതിക്കുവാൻ ഉപയോഗിക്കുന്ന "ഹല്ലേലുയ്യാ" എന്ന പദം (വെളിപ്പാട് 19:1) ഈ ഭൂമിയിലും നാം ഉപയോഗിക്കേണ്ടതാണ്. ആമേൻ, ഹാലേലുയ്യാ എന്നീ പദങ്ങൾ ഭാഷയുടെ അതിർവരമ്പുകളെ മറികടന്നുകൊണ്ട് ദൈവത്തിനു മഹത്വം കൊടുക്കുന്നതിനുവേണ്ടി ദൈവമക്കൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും മടികൂടാതെ ഉപയോഗിക്കേണ്ടതുമായ പദങ്ങളാണ്. അവ വെറുതെ മന്ത്രം ജപിക്കുന്നതുപോലെ ഉരുവിടുന്നത് തെറ്റാണ്; വെളിപാട് 19:1-ൽ



ഹല്ലേലുയ്യാ എന്ന പദത്തിന്റെ ശരിയായ ഉപയോഗം നാം കാണുന്നു: "ഹല്ലേലുയ്യാ, രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്" എന്ന ശബ്ദം ഈ അഖിലാണ്ഡം മുഴുവനും മാറ്റൊലി കൊള്ളാൻ പോകുന്ന ശബ്ദമാണ്. നമ്മുടെ ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ശക്തിയെക്കുറിച്ചും മഹാത്മ്യത്തെക്കുറിച്ചും ഒക്കെ പറയുമ്പോഴാണ് "ഹല്ലേലുയ്യാ" എന്ന പദം ഉപയോഗിക്കേണ്ടത്; ദൈവത്തിനു മഹത്വകരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഈ പദം ഉച്ചരിക്കുന്നത് ഉചിതമല്ല.

**ചോദ്യം 11** : ആത്മനിറവിന്റെ തെളിവ് എന്താണ്?

**ഉത്തരം** : "ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും, കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ" (എഫെ: 5:18-20) എന്ന വചനപ്രകാരം ദൈവത്തെ എല്ലാ നന്മയുടെയും ഉറവിടമായി കണ്ടുകൊണ്ട് സ്തുതിക്കുന്നതാണ് ആത്മനിറവിന്റെ പ്രധാനപ്പെട്ട തെളിവ്. പീഡനവും കഷ്ടതയും ഒന്നും വകവയ്ക്കാതെ ധൈര്യത്തോടുകൂടെ ദൈവവചനം മറ്റുള്ളവരോടു പ്രസ്താവിക്കുന്നത് (അപ്പൊ: പ്രവൃ: 4:8; 4:31) ആത്മനിറവിന്റെ മറ്റൊരു പ്രധാനപ്പെട്ട തെളിവാണ്.

**ചോദ്യം 12** : ആത്മനിറവ് നമ്മിലുണ്ടാകാൻ നാമെന്തു ചെയ്യണം?

**ഉത്തരം :** ഇന്നതു ചെയ്താൽ ആത്മനിറവ് ഉണ്ടാകും എന്നൊരു പ്രമാണം നാം വചനത്തിൽ കാണുന്നില്ല; എന്നാൽ ദൈവാത്മാവിനെ അനുസരിക്കുവാൻ മനസ്സുവയ്ക്കുകയും കഷ്ടതയും നിന്ദയും ഒന്നും വകവയ്ക്കാതെ ദൈവവചനം മറ്റുള്ളവരോട് സംസാരിക്കുകയും ആത്മാവിന്റെ ഫലമായ സ്നേഹം എല്ലാവരോടും വിശേഷാൽ സഹവിശ്വാസികളോടും പ്രകടമാക്കുകയും പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും ദൈവവചനം ധ്യാനിക്കുവാൻ ആവോളം സമയം ചെലവാക്കുകയും ചെയ്യുന്നവരിൽ ആത്മനിറവിന്റെ അനുഭവം തീർച്ചയായും കാണപ്പെടും. വചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള, വിശ്വാസികളുടെ അനുഭവങ്ങളിൽ നിന്ന് ഇതു വ്യക്തമാണ്.



### അദ്ധ്യായം 6

# തെറ്റുകൾ തിരുത്തുക

പഴയനിയമത്തിൽ ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ദൈവത്താൽ രാജസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട ശൗൽ അനുസരണക്കേടു നിമിത്തം ദൈവത്താൽ തന്നെ തിരസ്ക്കരിക്കപ്പെടുന്നതായും ദാവീദിനെ ആ സ്ഥാനത്തേക്കു ദൈവം കൊണ്ടുവരുന്നതായും നാം കാണുന്നു. ദാവീദിന്റെ ജീവിതത്തിലും തെറ്റുകൾ സംഭവിച്ചതായി നാം കാണുന്നുണ്ട്. എന്നാൽ ദാവീദിന് ദൈവമുമ്പാകെ വളരെ ശ്രേഷ്ഠമായ ഒരു സ്ഥാനമാണുള്ളതെന്ന് പഴയനിയമവും പുതിയനിയമവും ഒരുപോലെ സാക്ഷിക്കുന്നു. അനുഗ്രഹം നഷ്ടപ്പെട്ട ശൗലും അനുഗ്രഹം പ്രാപിച്ച ദാവീദും തമ്മിലുണ്ടായിരുന്ന പ്രധാനപ്പെട്ട വ്യത്യാസമെന്തായിരുന്നുവെന്ന് മനസ്സിലാക്കാൻ നമുക്കു പ്രയാസമില്ല. ചെയ്ത തെറ്റുകളെ ന്യായീകരിക്കുന്ന സ്വഭാവമായിരുന്നു ശൗലിൽ ഉണ്ടായിരുന്നത്; ദാവീദിൽ ഉണ്ടായിരുന്നത് തെറ്റ് സമ്മതിക്കുകയും തെറ്റു തിരുത്താൻ എന്താണു മാർഗ്ഗമെന്ന് അന്വേഷിക്കുന്ന സ്വഭാവവും ആയിരുന്നു. തെറ്റ് മനസ്സിലാക്കി അതിനു പരിഹാരം വരുത്തണമെന്ന് ദാവീദിനുണ്ടായിരുന്ന ആഗ്രഹം അദ്ദേഹത്തെ വലിയ അനുഗ്രഹത്തിന്റെ ഉടമയാക്കിത്തീർത്തു. തെറ്റിനെ ആവോളം ന്യായീകരിക്കണം എന്ന ആഗ്രഹം ശൗലിന് എല്ലാ വിധത്തിലു

മുള്ള നാശത്തിനും ശിക്ഷയ്ക്കും കാരണമായിത്തീരു കയും ചെയ്തു.

തെറ്റുകൾ മനസ്സിലാക്കാനും അവ തിരുത്താനും നാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എങ്കിൽ ദാവീദിനെപ്പോലെ നാമും വാസ്തവമായി ദൈവത്തെ പ്രസാദിപ്പിക്കുന്നവരും അനേകർക്ക് ആത്മികാനുഗ്രഹങ്ങൾ ലഭിക്കുവാൻ ഇടവരുത്തുന്നവരും ആയിത്തീരും. മറിച്ച്, നമ്മുടെ തെറ്റുകൾ മനസ്സിലായിക്കഴിഞ്ഞാലും അവയെ ന്യായീകരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നാൽ അതുമൂലം നമുക്കു തന്നെയും മറ്റുള്ളവർക്കും അനുഗ്രഹനഷ്ടമാണുണ്ടാവുക. ദൈവവചനത്തിലെ ഈ സത്യത്തിന്റെ വെളിച്ചത്തിൽ, നാം മനസ്സുവച്ചാൽ നമുക്ക് തിരുത്താൻ കഴിയുന്നതും തിരുത്തിയാൽ ഇന്നത്തെ ലോകത്തിലെ ക്രിസ്തീയവിശ്വാസികളുടെ ആത്മികജീവിതവും സുവിശേഷപ്രവർത്തനവും നേരായ ദിശയിൽ മുന്നോട്ടുപോകാൻ ഇടവരുത്തുന്നതുമായ ചില കാര്യങ്ങൾ, കഴിഞ്ഞകാലത്തെ ചില പത്രങ്ങളിലും വാരികകളിലും ഒക്കെ കാണപ്പെട്ട ലേഖനങ്ങളുടെയും വാർത്തകളുടയും പശ്ചാത്തലത്തിൽ താഴെ ചൂണ്ടിക്കാണിക്കുന്നു.

1998 ജൂൺ 1-ാം തീയതി കോട്ടയത്തു നിന്നും പ്രസിദ്ധീകരിക്കുന്ന ഗുഡ്ന്യൂസ് വാരിക 4-ാം പേജിൽ സാജു പോൾ പാലക്കാട് എഴുതിയ "ഭോഷ്കിന്റെ മാർഗ്ഗത്തിലൂടെ സത്യത്തിലേക്കു നടത്തുന്നവർ" എന്ന ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു. അതിന്റെ ആരംഭഭാഗം ഇപ്രകാരമാണ്:



"ഐക്യ...... കൺവൻഷനിൽ രോഗശാന്തിവരപ്രാപ്തനായ ഒരു ദൈവദാസൻ പ്രസംഗകനായെത്തി. ഒരു കാലിനു നീളക്കുറവുള്ള കുട്ടിക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. ഒന്നും സംഭവിച്ചില്ല. വീണ്ടും പ്രാർത്ഥിച്ചിട്ടും തഥൈവ. മൂന്നാമതു പ്രാർത്ഥിച്ചതിനുശേഷം നീളം കുറഞ്ഞ കാൽ കൈകൊണ്ട് വലിച്ചുപിടിച്ച് അദ്ദേഹം ചോദിച്ചു, "നോക്കൂ, അര ഇഞ്ച് വളർന്നിട്ടില്ലേ? അമ്പരന്നുപോയ രക്ഷിതാക്കൾ മറുപടിയൊന്നും പറഞ്ഞില്ല. ദൈവദാസൻ കൂട്ടിച്ചേർത്തു, "ബാക്കി വീട്ടിൽ ചെല്ലുമ്പോഴേക്കും വളർന്നു ശരിയാകും." കഥയുടെ യഥാർത്ഥ ദുരന്തം ഇനിയാണ്. അയൽസംസ്ഥാനത്തുള്ള തന്റെ സഭയിൽ ചെന്ന് അദ്ദേഹം പ്രസ്താവിച്ചു: "നാട്ടിലെ കൺവൻഷനിൽ കാലിനു നീളം കുറവായ ഒരു കുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ കാൽ വളർന്നുവരികയും രണ്ടു കാലും ഒരുപോലെയാകുകയും ചെയ്തു; ഹല്ലേലുയ്യാ".

പ്രസ്തുത സഭയിൽ ആരാധനയ്ക്കുണ്ടായിരുന്ന ഒരു സഹോദരൻ നാട്ടിലുള്ള അളിയനെ കണ്ടപ്പോഴാണ് രോഗശാന്തിവരപ്രാപ്തന്റെ പൊയ്മുഖം അഴിഞ്ഞുവീണത്. ഇന്ന് ചെപ്പടിവിദ്യകൊണ്ടും വാചാലതകൊണ്ടും 'കരിസ്മാ' പ്രകടിപ്പിക്കുന്നവരുടെ എണ്ണം പെരുകുകയാണ്." [ഈ ഉദ്ധരണത്തിന്റെ ആദ്യവാചകത്തിലെ രണ്ടാമത്തെ പദം വിട്ടുകളഞ്ഞിരിക്കുകയാണ്; അത് ഒരു സഭാനാമമാണ്; ആ സഭയെ വിമർശിക്കുന്നുവെന്ന തോന്നൽ ഒഴിവാക്കാൻ ഗ്രന്ഥകാരൻ ആഗ്രഹിക്കുന്നു].

മേലുദ്ധരിച്ച വാചകങ്ങൾ അത്ഭുതരോഗശാന്തി

എന്ന പേരിൽ ഇന്ന് അനേകം ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന അതിശയോക്തിപരമായ പ്രചാരണങ്ങളുടെ പിന്നിലെ സത്യാവസ്ഥ തുറന്നുകാട്ടുന്നു. യേശുക്രിസ്തുവിന് ഉണ്ടായിരുന്നിടത്തോളമോ അതിൽ കൂടുതലോ കഴിവുകൾ തങ്ങൾക്കുണ്ടെന്ന് മനുഷ്യരെക്കൊണ്ട് അംഗീകരിപ്പിക്കണം എന്നതാണ് ചില വലിയ 'ഭക്ത'ന്മാരുടെ ആഗ്രഹം; ഈ ആഗ്രഹം സഫലീകരിക്കാൻവേണ്ടി അതിശയോക്തിപരമായ ധാരാളം ഭോഷ്ക്കുകൾ അവർ തട്ടിവിടുന്നു. പത്രോസ് തബീഥയെ ഉയിർപ്പിക്കുകയും (അപ്പൊ: പ്രവൃ: 9:40) പൗലോസ് പുബ്ളിയോസിന്റെ അപ്പനെ സൗഖ്യമാക്കുകയും/അപ്പൊ: പ്രവൃ: 28:8) ചെയ്തത് യഥാർത്ഥത്തിലുള്ള അത്ഭുതപ്രവൃത്തികളായിരുന്നു; പക്ഷേ അവർക്കു ദൈവം നൽകിയിരുന്ന വീര്യപ്രവൃത്തികളുടെ വരമുപയോഗിച്ച് സ്വയം വലിയവർ ആകുവാൻ അവർ ആഗ്രഹിച്ചില്ല; "രോഗികളെ കൊണ്ടുവരുവിൻ, സൗഖ്യം പ്രാപിപ്പിൻ" എന്ന് ആഹ്വാനം പുറപ്പെടുവിക്കുവാൻ അവർ ആർക്കും അനുവാദം നൽകിയില്ല. അവരുടെ പ്രസംഗവിഷയം "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു...." (I തിമോഥെയോസ് 1:15) എന്നതായിരുന്നു. അവർക്കുണ്ടായിരുന്ന യഥാർത്ഥ രോഗശാന്തിവരം ഒട്ടുമേ ലഭിച്ചിട്ടില്ലാത്ത പല ആളുകളും ഇന്നു നടത്തുന്ന ആഹ്വാനങ്ങൾ എന്തൊക്കെയാണ്! ഉദാഹരണമായി ഒരു പത്രപ്പരസ്യം മാത്രം ഉദ്ധരിക്കട്ടെ:

"ക്രിസ്തു ഏവർക്കും - ക്രൂസേഡ് - ആത്മരക്ഷ - ദൈവിക രോഗശാന്തി - അത്ഭുതങ്ങൾ - തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനം :



ഡോ: ********* പ്രസംഗിക്കുകയും രോഗികൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"കുരുടർ കാണുന്നു..... മുടന്തർ നടക്കുന്നു..... ചെകിടർ കേൾക്കുന്നു"

[1988 ഫെബ്രുവരി 22 തിങ്കളാഴ്ച കൊച്ചിയിൽനിന്ന് പ്രസിദ്ധീകരിച്ച മലയാള മനോരമ 9-ാം പേജിൽ കാണപ്പെട്ട ഈ പരസ്യത്തിലെ എല്ലാ പേരുകളും വാക്കുകളും ഇവിടെ ഉദ്ധരിച്ചിട്ടില്ല].

യേശുക്രിസ്തുവിന്റെ സാക്ഷികളായിരുന്ന അപ്പൊസ്തലന്മാർക്ക് രോഗശാന്തിവരവും വീരപ്രവൃത്തികളുടെ വരവും എല്ലാം ഉണ്ടായിരുന്നിട്ടും മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പത്രപ്പരസ്യത്തിലേതു പോലുള്ള വാക്കുകൾ അവരോ അവരുടെ കൂട്ടുസഹോദരന്മാരോ ഒരിക്കലും ഒരിടത്തും പ്രസ്താവിച്ചില്ല; രോഗശാന്തിവരം പ്രസംഗത്തിന് ആളെ കൂട്ടാനുള്ള മാർഗ്ഗമായി അവർ ഒരിടത്തും ഉപയോഗിച്ചില്ല. സുവിശേഷപ്രസംഗത്തിന് ആളെകൂട്ടുന്നതിനുള്ള മാർഗ്ഗമായി രോഗശാന്തിവരം ഉയർത്തിക്കാണിച്ചാൽ യഥാർത്ഥത്തിലുള്ള രോഗശാന്തിവരം ഉണ്ടെങ്കിൽ അത് ഇല്ലാതാകയും, യേശുക്രിസ്തുവിന്റെ യഥാർത്ഥ സുവിശേഷത്തിനു പകരം മറ്റൊരു അയഥാർത്ഥ സുവിശേഷം അവിടെ പ്രസംഗിക്കപ്പെടുകയും ചെയ്യും; പാപത്തിൽ മരിച്ചു കിടക്കുന്നവരിലേക്ക് പരിശുദ്ധാത്മാവിലൂടെ നിത്യജീവൻ പകർന്നുകൊടുക്കുന്ന സത്യസുവിശേഷത്തിനു പകരം മുട്ടുവേദന-നടുവേദന-മാറ്റൽ-മാജിക്ക്സമാന

സുവിശേഷം അവിടെ പ്രസംഗിക്കപ്പെടും. മനുഷ്യാത്മാവിന് നിത്യജീവൻ നൽകി, സ്വഭാവത്തിലും പെരുമാറ്റത്തിലും അവനെ പുതിയ സൃഷ്ടി ആക്കിത്തീർക്കുന്ന യേശുക്രിസ്തുവിന്റെ സുവിശേഷത്തെ അവഹേളിക്കുന്ന വിധത്തിൽ, ഇക്കാലത്ത് അനേകം പ്രസംഗകർ അയഥാർത്ഥ രോഗശാന്തിവരം ഉപയോഗിച്ച് പ്രസംഗത്തിന് ആളെ കൂട്ടാനും അവരുടെ മുമ്പിൽ ആൾദൈവം ചമഞ്ഞു നിൽക്കാനും നടത്തുന്ന പരിശ്രമങ്ങൾ അനേകം ആളുകളെ വഴിതെറ്റിച്ചു കൊണ്ടാണിരിക്കുന്നത്. ഇത്തരം പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ മാനസ്സാന്തരപ്പെട്ട് തങ്ങളുടെ തെറ്റുകൾ തിരുത്തിയെങ്കിൽ നന്നായിരുന്നു!

## രക്തസാക്ഷി

കേരളത്തിലെ ക്രൈസ്തവസഭയുടെ ചരിത്രത്തിൽ വ്യാജരോഗശാന്തിയുടെയും വ്യാജപ്രവചനവരത്തിന്റെയും ബലിപീഠത്തിൽ ജീവൻ അർപ്പിക്കേണ്ടി വന്ന ഒരു സഹോദരിയുടെ ചരിത്രമുണ്ട്. മറക്കാൻ ആവാത്തതും മറക്കാൻ പാടില്ലാത്തതുമായ ആ സംഭവത്തിന്റെ ചുരുക്കം പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ പ്രസ്താവിക്കുന്നു.

1986 നവംബർ 16-ാം തീയതി ഞായറാഴ്ച ദിവസം കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട മലയാളമനോരമയിലും മറ്റ് പ്രമുഖ പത്രങ്ങളിലും വായിച്ച വാർത്തയുടെ ചുരുക്കം ഇപ്രകാരമായിരുന്നു: തൃശ്ശൂരിൽ ചെന്നായ്പ്പാറ ശാരോൻ വീട്ടിൽ ജോൺസന്റെ ഭാര്യയും കൂട്ടാലയിലെ പാസ്റ്ററായ കാർത്തികപ്പള്ളി കറുകയിൽ



പുത്തൻപുരയ്ക്കൽ അലക്സാണ്ടറുടെ പുത്രിയുമായിരുന്ന 24 വയസ്സ് പ്രായമുണ്ടായിരുന്ന മോളമ്മ രോഗശാന്തിവരവും പ്രവചനവരവും ഒക്കെയുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് പ്രാർത്ഥന നടത്തിയ ചിലരുടെ മർദ്ദനമേറ്റു മരിച്ചു. മലയാളമനോരമയിൽ വന്ന റിപ്പോർട്ട് അനുസരിച്ച് സന്താനലബ്ധിക്കുവേണ്ടിയായിരുന്നു പ്രാർത്ഥന ആരംഭിച്ചത്; എന്നാൽ പ്രാർത്ഥന പുരോഗമിച്ചപ്പോൾ മോളമ്മയിൽ ദുരാത്മാവ് ഉണ്ടെന്ന് പ്രാർത്ഥനയക്ക് നേതൃത്വം കൊടുത്തവർക്ക് 'വെളിപ്പാട്' ഉണ്ടായി. നവംബർ 14 വെള്ളിയാഴ്ച രാത്രിയിൽ പ്രാർത്ഥന നടന്നുകൊണ്ടിരുന്ന വീട്ടിൽനിന്ന് നിലവിളി കേട്ടു തുടങ്ങിയപ്പോൾ അടുത്തുള്ള മറ്റുവീടുകളിലെ ചില യുവാക്കൾ അവിടെയെത്തി ആ വീടിന്റെ പിന്നിലുള്ള ജനാലയിലൂടെ ഉള്ളിലേക്കു നോക്കി. മോളമ്മയെ ഒരിടത്ത് ഇരുത്തിയിരിക്കുന്നതായും ഒരു പ്രവാചകി അവളോട് ചോദ്യങ്ങൾ ചോദിക്കുന്നതായും അവർ കണ്ടു. ചോദ്യങ്ങളുടെ മറുപടിയിൽ പ്രവാചകിക്ക് തൃപ്തി ഇല്ലാതെ വരുമ്പോൾ ആ സ്ത്രീ മോളമ്മയുടെ തലമുടി ചുറ്റിപിടിച്ച് തല ചുമരിൽ ഇടിക്കുന്നതായി കണ്ടു. ഇത് കണ്ട ഒരാൾ പ്രവാചകിയോട് ഇപ്രകാരം ചെയ്യുന്നതെന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ, മോളമ്മയ്ക്ക് യക്ഷിയുടെ ഉപദ്രവമുണ്ടെന്നും പിറ്റെദിവസം ശനിയാഴ്ച 12 മണിക്ക് ചെല്ലുന്ന പക്ഷം യക്ഷിയെ കാണിച്ചുതരാമെന്നും അവർ മറുപടി നൽകിയെന്നാണ് പത്രക്കാർക്ക് കിട്ടിയ വിവരം. രാത്രിയിലെ പ്രാർത്ഥന അവസാനിച്ച ശേഷം പിറ്റെദിവസം വീണ്ടും പ്രാർത്ഥന ആരംഭിച്ചു. അല്പം കഴിഞ്ഞപ്പോൾ നിലവിളിയും ബഹളവും പുറത്തു

കേൾക്കാൻ തുടങ്ങി; നാട്ടുകാർ അവിടെയെത്തി ഉള്ളിലേക്ക് നോക്കിയപ്പോൾ നഗ്നയായ മോളമ്മയുടെ തലയിലും കഴുത്തിലും ചവിട്ടിക്കൊണ്ട് പ്രവാചകിയും അരക്കെട്ടിലും കാലിലും ചവിട്ടിനിന്നുകൊണ്ട് ഭർത്താവ് ജോൺസനും ഈ സ്ത്രീയെ പീഡിപ്പിക്കുന്ന കാഴ്ച യാണ് കണ്ടത്. കുറെ കഴിഞ്ഞപ്പോൾ ജീവൻ പോയ ശരീരത്തിൽ എണ്ണയും വെള്ളവും കൊണ്ട് ഉഴിച്ചിൽ നടത്താൻ തുടങ്ങി. നാട്ടുകാർ വിവരം അറിയിച്ചതനു സരിച്ച് സ്ഥലത്തെത്തിയ പോലീസ് മൃതദേഹം മെഡി ക്കൽ കോളജ് മോർച്ചറിയിലേക്ക് നീക്കി. മോളമ്മയുടെ പിതാവ് യാതൊരു പരാതിയും നൽകിയില്ലെങ്കിലും പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു; 1988 മാർച്ച് 25-ാം തീയതിയിലെ പത്രങ്ങൾ കോടതി വിധിയുടെ വാർത്ത പ്രസിദ്ധീകരിച്ചു: പ്രവാചകിക്കും അവരുടെ നിർദ്ദേശം അനുസരിച്ച് ഭാര്യയെ പീഡിപ്പിച്ച ഭർത്താവിനും ജീവപര്യന്തം കഠിനതടവ് ശിക്ഷയാണ് വിധിക്കപ്പെട്ടത്.

രോഗശാന്തിവരമുണ്ടെന്നും പ്രവചനവരമു ണ്ടെന്നും ഒക്കെ അവകാശപ്പെട്ടുകൊണ്ട് ക്രിസ്തീയ ലോകത്തിൽ സ്വൈരവിഹാരം നടത്തുന്ന 'പ്രവാചക ന്മാരും പ്രവാചകികളും' എന്തുമാത്രം അപകടകാരികൾ ആണെന്ന് മേല്പറഞ്ഞ സംഭവം ചൂണ്ടിക്കാണിക്കുന്നു. ഭോഷ്കിന്റെ ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ട്, രോഗകാരണം 'കൈവിഷം' ആണെന്ന് പ്രവചിക്കുകയും 'കൈവിഷം' ഛർദ്ദിപ്പിക്കാനായി രോഗിയെ വെള്ളം കുടിപ്പിച്ചു കുടിപ്പിച്ചു കൊല്ലാക്കൊല ചെയ്യുകയും, വല്ല



ഭയവും തട്ടി ഒരാൾക്ക് മാനസികാസ്വാസ്ഥ്യം ഉണ്ടാ യാൽ അയാളെ ദുരാത്മാവു ബാധിച്ചിരിക്കുക യാണെന്നു പറയുകയും ഭർത്താവിന്റെ കുഴപ്പം നിമി ത്തം ഗർഭധാരണം ഉണ്ടാകാതിരിക്കുന്ന ഭാര്യയിൽ യക്ഷി ആവേശിച്ചിരിക്കുകയാണെന്നു 'കണ്ടുപിടി ക്കുക'യും ഒക്കെ ചെയ്യുന്ന ഇക്കാലത്തെ 'വരപ്രാപ്തൻ മാർ' പാപശാന്തി നൽകുന്ന യേശുക്രിസ്തുവിന്റെ സത്യസുവിശേഷം തങ്ങളുടെ വ്യാജരോഗശാന്തി കൊണ്ട് മറച്ചു പിടിക്കുന്നു. ആത്മരക്ഷയ്ക്കായി ദാഹി ക്കുന്ന ആളുകൾക്ക് ദൈവവചനമാകുന്ന ജീവജലം നൽകേണ്ടതിനു പകരം അവരോടു ചിലർക്ക് വിരോധ മുണ്ടെന്നും ആ വിരോധികൾ പണ്ട് അവർക്ക് കൈ വിഷം കൊടുത്തെന്നും ഒക്കെ പ്രവചിച്ചിട്ട് 'കൈവിഷം' ഛർദ്ദിപ്പിക്കാനായി അവരുടെ വായിലേക്ക്, അവർ ഛർദ്ദിച്ചുതുടങ്ങുന്നതുവരെ പൈപ്പു വെള്ളമൊഴി ക്കുന്നു. രോഗശാന്തിയുടെയും പ്രവചനത്തിന്റെയും ഒക്കെ പേരുപറഞ്ഞ് മനുഷ്യരെ മസ്തിഷ്ക്കപ്രക്ഷാളന ത്തിനു വിധേയരാക്കി അവരെ മാനസികമായും ശാരീരികമായും പീഡിപ്പിച്ച് കഷ്ടപ്പെടുത്തുകയും അവരിൽ നിന്ന് പണം വാങ്ങുകയും ചെയ്യുന്ന ഈ 'ഭക്ത'ന്മാർക്കും 'ഭക്തമതി'കൾക്കും ഒരുനാളിൽ ക്രിസ്തുവിന്റെ ന്യായാസനത്തിൽനിന്നു ലഭിക്കാൻ പോകുന്നത് കഠിനമായ ശിക്ഷ തന്നെ ആയിരിക്കു മെന്നതിന് സംശയമില്ല.

## വഞ്ചിക്കപ്പെടാതിരിക്കുക

"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും

ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്‌വിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്" എന്ന് I യോഹന്നാൻ 4:1-2 വാക്യങ്ങളിൽ നാം വായിക്കുന്നു. മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ച സർവ്വശക്തനും സകലത്തിന്റെയും സ്രഷ്ടാവുമായ സത്യദൈവമാണ് യേശുക്രിസ്തു എന്ന് വിശ്വസിക്കുകയും യേശുക്രിസ്തുവിന്റെ കല്പനപ്രകാരം പഴയ നിയമത്തിന്റെ തുടർച്ചയായി അപ്പൊസ്തലന്മാരാൽ എഴുതപ്പെട്ട പുതിയനിയമം മുഴുവനും ദൈവത്തിന്റെ സത്യവചനം തന്നെയാണെന്ന് അംഗീകരിക്കുകയും ഈ വചന പ്രകാരം ജീവിക്കാൻ പ്രേരണ നൽകുകയും ചെയ്യുന്ന ആത്മാവ് ഏതാണോ ആ ആത്മാവ് ദൈവത്തിൽ നിന്നുള്ളതാണ് എന്നു വിശ്വസിക്കുകയും പുതിയനിയമത്തിലെ കല്പനകളിൽ നിന്ന് വ്യത്യസ്തമായി വിശ്വസിക്കാനും അനുസരിക്കാനും പ്രേരണ നൽകുന്ന ആത്മാക്കൾ ദൈവത്തിൽ നിന്നുള്ള ആത്മാക്കൾ അല്ല എന്ന് മനസ്സിലാക്കുകയും വേണമെന്നാണ് ഈ വേദഭാഗത്ത് നാം കാണുന്നത്. ഭൂതകാലത്തിലെ കാര്യങ്ങളും ഭാവികാലത്തെ കാര്യങ്ങളും പലതും ഊഹിച്ചും മറ്റു മാർഗ്ഗങ്ങളിലൂടെയും മനസ്സിലാക്കുവാൻ നമുക്ക് കഴിവുണ്ട്; എന്നാൽ അവയൊന്നും പ്രവചനം എന്ന നിലയിൽ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രസ്താവിക്കുവാനുള്ള അനുവാദം നമുക്കില്ല എന്ന് I



കൊരിന്ത്യർ 13:8[1]; വെളിപ്പാട് 22:18[2] എന്നീ വാക്യങ്ങൾ വ്യക്തമാക്കുന്നു. ദൈവവചനസത്യങ്ങൾ എന്ന നിലയിൽ ഭാവികാലസംഭവങ്ങൾ പ്രവചിക്കുവാനും വെളിപ്പാടു പുസ്തകത്തോട് അവ കൂട്ടിച്ചേർക്കുവാനും ആർക്കും അനുവാദമില്ല എന്നതാണ് വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. പ്രവചനവരം നീങ്ങിപ്പോകുമെന്ന് കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ മനുഷ്യരുടെ ഭൂതവും ഭാവിയും പ്രവചിക്കുന്നതിനുള്ള അനുവാദം കർത്താവ് ആർക്കും നൽകിയിട്ടില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത്; അതിനാൽ ആളുകളോട് അവരുടെ ഭൂതവും ഭാവിയും വെളിപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്ന പ്രവാചകന്മാരെയും പ്രവാചകികളെയും ദൈവത്തിന്റെ സത്യദാസന്മാരെന്നും ദാസിമാരെന്നും നാം പരിഗണിക്കാൻ പാടില്ല; അപ്പൊ: പ്രവൃ: 16:16-18 വരെ വാക്യങ്ങളിൽ കാണുന്ന പ്രവാചകിയുടെ ഗണത്തിൽ മാത്രമേ ഇവരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ദൈവവചനത്തിലെ കല്പനകളും വാഗ്ദത്തങ്ങളും സത്യസന്ധതയോടെ വിശദീകരിച്ചു തരികയും ഗലാത്യർ 5:22-23 വാക്യങ്ങളിൽ പറ

1. ''..... പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ അത് നിന്നുപോകും." I കൊരിന്ത്യർ 13:8.
2. ''ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ : അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും.'' വെളിപ്പാട് 22:18.

ഞ്ഞിട്ടുള്ള പരിശുദ്ധാത്മാവിന്റെ ഫലം (സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം) വാക്കിലും പ്രവൃത്തിയിലും പ്രകടമാക്കുകയും ചെയ്യുന്നവരെയാണ് നാം ദൈവത്തിന്റെ സത്യദാസീദാസന്മാരെന്ന് അഥവാ I കൊരിന്ത്യർ 14:1 പ്രകാരമുള്ള പ്രവാചകന്മാരെന്ന് പരിഗണിക്കേണ്ടത്.

ഭാവിയിൽ സംഭവിക്കാൻ പോകുന്ന പല കാര്യങ്ങളും പലവിധത്തിലും പ്രവചിക്കാൻ നമുക്ക് സാധ്യമാണ്; എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിട്ടുള്ള നല്ല ബുദ്ധിയും കഴിവുമുള്ള ഒരു കുട്ടിയുടെ മാതാപിതാക്കളോട്, "മോന് റാങ്ക് കിട്ടും; പ്രാർത്ഥിച്ചു കൊള്ളുക" എന്ന് പ്രവചിക്കാൻ സാമാന്യബുദ്ധിയും അറിവും മാത്രം മതി; പ്രവചനവരം ആവശ്യമില്ല; എന്നാൽ അവന് ഇംഗ്ലീഷിന് കിട്ടാൻ പോകുന്നത് ഇത്ര മാർക്ക്, ഹിന്ദിക്ക് ഇത്ര മാർക്ക്, കണക്കിന് ഇത്ര മാർക്ക്, സോഷ്യൽ സ്റ്റഡീസിന് ഇത്ര മാർക്ക്, സയൻസ് വിഷയങ്ങൾക്ക് ഇത്ര മാർക്ക് എന്നിങ്ങനെ കൃത്യമായി പറയുന്നതിന് വാസ്തവമായ പ്രവചനവരം തന്നെ വേണം; പ്രവാചകനാണെന്നും പ്രവാചകിയാണെന്നും സ്വയം കരുതുന്ന ആരിലും ആ വരം നാം കാണുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്; ഇതിന്റെ അർത്ഥമെന്താണെന്ന് നാം മനസ്സിലാക്കണം. 2001 ജനുവരി 28-ാം തീയതി പ്രസിദ്ധീകരിച്ച സൺഡേ എക്സ്പ്രസ്സ് പത്രത്തിന്റെ 7-ാം പേജിൽ Dalai Lama's Prediction comes True (ദലൈ ലാമയുടെ പ്രവചനം നിവൃത്തിയാകുന്നു) എന്ന തലക്കെട്ടോടുകൂടിയ ഒരു വാർത്ത പ്രസിദ്ധീകരിക്കപ്പെട്ടു. 2001 ഫെബ്രുവരിക്കു മുമ്പ് വളരെ വലിയ ഒരു ഭൂകമ്പം ഹിമാലയൻ മേഖലയിൽ ഉണ്ടാകുമെന്ന് 2000 ഫെബ്രുവരി 8-ാം തീയതി ദലൈലാമാ പ്രവചിച്ചു; 2001 ജനുവരിയിൽ തന്നെ ഭൂകമ്പം ഉണ്ടാകുകയും ചെയ്തു. ദലൈലാമയിലുള്ള ഈശ്വരചൈതന്യത്തിന്റെ തെളിവാണ് ഈ പ്രവചനനിവൃത്തിയെന്ന് അനേകർ വിശ്വസിക്കുന്നതായി വർത്ത പ്രസിദ്ധീകരിച്ച പത്രം റിപ്പോർട്ട് ചെയ്തു. എന്നാൽ ദലൈലാമ കൃത്യമായ പ്രവചനം ഒന്നും നടത്തിയില്ല എന്നതല്ലേ യഥാർത്ഥ വസ്തുത? കൃത്യമായി എത്ര തീവ്രതയുള്ള ഭൂകമ്പമാണ് ഉണ്ടാവുക എന്ന് അദ്ദേഹം പ്രവചിച്ചില്ല; എത്ര പേർക്ക് ജീവഹാനി ഉണ്ടാകുമെന്ന് പ്രവചിച്ചില്ല, എത്ര പേരെ കാണാതാവുമെന്ന് പ്രവചിച്ചില്ല, എത്ര പേർക്ക് പരുക്കേല്ക്കുമെന്ന് പ്രവചിച്ചില്ല, പ്രധാനപ്പെട്ട ഏതൊക്കെ കെട്ടിടങ്ങൾക്ക് എത്രത്തോളം നാശനഷ്ടങ്ങൾ ഉണ്ടാകുമെന്നും അദ്ദേഹം പ്രവചിച്ചില്ല. ഹിമാലയൻ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങളെക്കുറിച്ച് പഠിച്ചിട്ടുള്ള ഒരാൾക്ക് ന്യായമായി ഊഹിക്കാൻ കഴിയുന്ന കാര്യം അദ്ദേഹം ഊഹിച്ചു പറഞ്ഞത് ശരിയായിത്തീർന്നു എന്നു മാത്രമാണ് നാം മനസ്സിലാക്കേണ്ടത്. ഇത്തരത്തിലുള്ള ഊഹങ്ങൾ പ്രവചനരൂപത്തിൽ അവതരിപ്പിച്ച് ഏലിയാവിന്റെയും എലീശയുടെയും മഹത്വം നേടിയെടുക്കാൻ വെമ്പൽ കൊള്ളുന്നവരെ തിരിച്ചറിയാനും അവരുടെ വഞ്ചനകൾ മനസ്സിലാക്കാനുമുള്ള ചുമതല ക്രിസ്തീയ വിശ്വാസികൾക്കുണ്ട്. "പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ" എന്ന

കല്പനപ്രകാരം ഓരോരുത്തരെയും ദൈവവചന ത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കിക്കൊണ്ട് അവരോട് നാം ഇടപെടണം.

നമ്മുടെ ആവശ്യങ്ങൾ ഫിലിപ്യർ 4:6–7 പ്രകാരം സ്തോത്രത്തോടെ ദൈവമുമ്പാകെ സമർപ്പിച്ച് പ്രാർത്ഥി ക്കുകയും നീതിയുള്ളവരായി നന്മ ചെയ്തുകൊണ്ട് ജീവിക്കുകയും “ഞാൻ നിന്നെ ഉപദേശിച്ച് നടക്കേ ണ്ടുന്ന വഴി നിനക്കു കാണിച്ചു തരും” (സങ്കീർത്തനം 32:8) എന്ന വാക്യം വിശ്വസിച്ചുകൊണ്ട് ദൈവത്തോട് ആലോചന ചോദിച്ചുവാങ്ങി അതിൻപ്രകാരം ഓരോ ചുവടും മുമ്പോട്ടു വയ്ക്കുകയുമാണ് നാം ചെയ്യേണ്ടത്. അങ്ങനെ ചെയ്താൽ, ദൈവത്തിന്റെ ദാസന്മാരെന്നു ഭാവിച്ചുകൊണ്ടു നടക്കുകയും യഥാർത്ഥത്തിൽ ദൈവ ജനത്തെ മാനസികമായി പീഡിപ്പിക്കുകയും പലവിധ ങ്ങളിൽ വഴിതെറ്റിക്കുകയും ചെയ്യുന്ന ആളുകളുടെ വഞ്ചനകളിൽ നാം അകപ്പെടുകയില്ല.

പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന, ആത്മഫലം നിറഞ്ഞ പുതിയ സൃഷ്ടികളായി യേശു വിൽ വിശ്വസിക്കുന്ന ഓരോരുത്തരും കാണപ്പെട ണമെന്ന് ദൈവം ആഗ്രഹിക്കുന്നു; ദൈവവചനം അനു സരിക്കുമ്പോൾ ആത്മാവിനാൽ നിറയപ്പെട്ട പുതിയ സൃഷ്ടികളായി നാം രൂപാന്തരപ്പെടുന്നു. ആത്മാവിന്റെ ഫലം (സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷ മ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം (ഗലാത്യർ 5:22–23) പുറപ്പെടുവിക്കുന്ന ദൈവ ത്തിന്റെ തോട്ടത്തിലെ നല്ല വൃക്ഷങ്ങളായി[3] നാം കാണ



പ്പെടണം. ലോകം നമ്മെ യേശുക്രിസ്തുവിൽ പുതിയ സൃഷ്ടികളായി കാണുവാൻ ഇടവരുമ്പോൾ, അഥവാ നമ്മിൽ കർത്താവ് പ്രവർത്തിച്ച അത്ഭുതം നമ്മുടെ നല്ല സ്വഭാവത്തിലൂടെയും നല്ല പെരുമാറ്റത്തിലൂടെയും നല്ല പ്രവൃത്തികളിലൂടെയും ലോകം കാണുമ്പോൾ, ദൈവനാമം വാസ്തവമായി മഹത്വപ്പെടും. ദൈവനാമം മഹത്വപ്പെടുവാൻ നാം ഇടവരുത്തുമ്പോൾ പരിശുദ്ധാ ത്മാവ് കൃപാവരങ്ങൾ കൂടുതലായി നമ്മിലേക്ക് പകരു കയും ഫലപ്രദമായി സുവിശേഷത്തിന് സാക്ഷ്യം വഹിക്കുവാൻ നമുക്ക് സാധിക്കുകയും ചെയ്യും. സ്വയം മഹത്വപ്പെടുത്താതെ ദൈവമുമ്പാകെ വിനയപ്പെട്ട് കർത്താവ് നമുക്ക് നൽകുന്ന കൃപാവരങ്ങളെ ജ്വലി പ്പിച്ചുകൊണ്ട് ദൈവനാമമഹത്വത്തിനായി പ്രവർത്തി ക്കുവാൻ ഈ പുസ്തകം വായിക്കുന്ന എല്ലാവർക്കും ദൈവം കൃപ നൽകട്ടെ; ഹല്ലേലുയ്യാ, ആമേൻ.

---

3. ‘‘ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വെപ്പിൻ; അല്ലെങ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വെപ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്ന ത്.... നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു. എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു” മത്തായി 12:33–37.

# ഇതര ഗ്രന്ഥങ്ങൾ

## By T. John Mathew

| | | രൂപ |
|---|---|---|
| 1. | രക്ഷ ദൈവത്തിന്റെ ദാനം (സൗജന്യം) | |
| 2. | ഭൂരിപക്ഷവും ന്യൂനപക്ഷവും (സൗജന്യം) | |
| 3. | മഹാഭാഗ്യം (ഒന്നാം ഭാഗം) | 10.00 |
| 4. | മഹാഭാഗ്യം (ര ാം ഭാഗം) | 7.00 |
| 5. | രക്ഷയും സർട്ടിഫിക്കറ്റും | 10.00 |
| 6. | ചന്ദ്രനിലെ 'മുയൽ' | 35.00 |
| 7. | ആഭരണധാരണം : ബൈബിൾ എന്തു പറയുന്നു? | 50.00 |
| 8. | ഉത്തരമില്ലാത്ത ചോദ്യങ്ങൾ (ത്രിയേകത്വത്തിന്റെ തെളിവുകൾ) | 10.00 |
| 9. | പത്രോസിന്റെ സിംഹാസനം | 40.00 |
| 10. | അന്യഭാഷ (സ്റ്റോക്ക് ഇല്ല) | |
| 11. | പുതിയ നിയമസഭ (സ്റ്റോക്ക് ഇല്ല) | |

സ്റ്റോക്കു വിവരങ്ങൾ ഫോണിൽ (0487-2371573) അന്വേഷിച്ചശേഷം ഈ പുസ്തകങ്ങളുടെ വില മണിയോർഡറായി അയയ്ക്കാവുന്നതാണ്. കൂപ്പണിൽ സ്വന്ത മേൽവിലാസം വ്യക്തമായി എഴുതിയിരിക്കണം. എല്ലാ പുസ്തകങ്ങളും ഒരുമിച്ച് ഓർഡർ ചെയ്യുന്നവർക്ക് ഡിസ്കൗ ് അനുവദിക്കുന്നതാണ്. സാധാരണ തപാലിൽ അയയ്ക്കുന്നതിനു തപാൽ ചെലവു സൗജന്യം.

'അത്ഭുത പ്രകാശത്തിലേക്ക്' - തപാൽ മാർഗ്ഗം നടത്തുന്ന സൗജന്യ വേദപഠനകോഴ്സ്. പഠനം ആരംഭിക്കുവാൻ Lesson I ആവശ്യപ്പെടുക.


വിലാസം

Bible Study Centre

Santhosh Nagar; P. O. Mannuthy; Thrissur - 680 651

Phone : 0487-2371573



Printed at : Ebenezer, Thrissur - 12

Published by : Bible Study Centre

Mannuthy, Thrissur - Kerala - 680 651